Aikyadeepam
ഒക്ടോബർ 2014

# ഐക്യദീപം

Since 1976 വില ₹ 10



## കുരിശ് ഉത്ഥാനത്തിലേക്ക് തുറന്ന വാതിൽ

## കുരിശ് സുറിയാനി കലാപാരമ്പര്യത്തിൽ

## സ്ലീബാ പെരുന്നാൾ ചരിത്ര ഉല്പത്തി



# ബോധന ആരോഗ്യ കേന്ദ്രം

പുഷ്പഗിരി റോഡ്, തിരുവല്ല - 689 101

ഫോൺ : 0469 - 2730561, 2606063

സമയം : 09.00 a.m മുതൽ 12.00 p.m വരെ

## ലഭ്യമാകുന്ന സേവനങ്ങൾ

- ഡോക്ടറുടെ സേവനം
- ലാബോറട്ടറി
- മിതമായ നിരക്കിൽ മരുന്നുകൾ
- ആരോഗ്യ നിർദ്ദേശങ്ങൾ, ക്ലാസ്സുകൾ
- കുട്ടികളുടെ കുത്തിവെയ്പുകൾ, കൗൺസിലിംഗ്

## താഴെപ്പറയുന്ന വിഭാഗങ്ങളിലെ വിദഗ്ദ്ധരുടെ സേവനങ്ങൾ ലഭ്യമാണ്

- ഹൃദ്രോഗ വിഭാഗം
- മനോരോഗ വിഭാഗം
- നേത്ര ചികിത്സാ വിഭാഗം
- മെഡിസിൻ, ഫാമിലി മെഡിസിൻ
- ശിശുരോഗ വിഭാഗം
- സ്ത്രീ രോഗ വിഭാഗം
- അസ്ഥിരോഗ വിഭാഗം
- ഇ.എൻ.ടി വിഭാഗം

'വ്യക്തികളുടെ ആരോഗ്യം
സമൂഹത്തിന്റെ കൈകളിൽ
സമൂഹത്തിന്റെ ആരോഗ്യം
വ്യക്തികളുടെ കൈകളിൽ'





ബോധന (തിരുവല്ല സോഷ്യൽ സർവ്വീസ് സൊസൈറ്റി)
തുകലശ്ശേരി, പുഷ്പഗിരിറോഡ്, തിരുവല്ല, പത്തനംതിട്ട, കേരള, ഇന്ത്യ 689101

Ph: 0469- 2730561, 2606063
Email: bodhanatiruvalla@gmail.com





# എഡിറ്റോറിയൽ
editorial

എനിക്ക് നിന്നോട് പറയാനുള്ളത് എന്റെ സ്നേഹത്തെ പറ്റി മാത്രമാണ്........ നിനക്ക് കാണിച്ചു തരുവാൻ എന്റെ സ്നേഹത്തിന്റെ ഈ അടയാളവും. ദൈവസ്നേഹത്തിന് ഒരു അടയാളമുണ്ടെങ്കിൽ അത് കുരിശാണ്. ദൈവം ഈ ഭൂമിയെ എത്രമാത്രം സ്നേഹിച്ചുവെന്ന് ആരെങ്കിലും ചോദിച്ചാൽ ആ ഗിരിശൃംഗത്തിലുയർത്തപ്പെട്ട കുരിശ് തന്നെയാവും അതിന്റെ മറുപടി. ആ സ്നേഹത്തിന്റെ ആഴം അളക്കാൻ ആരെങ്കിലും ശ്രമിച്ചാൽ ആ കുരിശിൽ നിന്നൊഴുകിയ തിരുരക്തതുള്ളികൾ തന്നെയാവും അതിന്റെ ഉത്തരം.

രക്തത്തോളം....... മാംസത്തോളം..... പിന്നെ കുരിശോളം സ്നേഹിക്കുക...... അപ്പോൾ മാത്രമാണ് സ്നേഹം യാഥാർത്ഥ്യമാകുന്നത്. ഗോഗുൽത്തായുടെ നെറുകയിൽ സ്വർഗ്ഗത്തിനും ഭൂമിക്കും മദ്ധ്യേ ഉയർത്തപ്പെട്ട വെറുമൊരു മരമല്ല കുരിശ്, പിന്നെയോ രക്ഷയുടെ മുകുളങ്ങൾക്ക് ജീവന്റെ തുടിപ്പ് നല്കിയ ജീവന്റെ വൃക്ഷമാണത്. സ്നേഹത്തിന്റെ ആഴം കുരിശോളമെന്നും....... ത്യാഗത്തിന്റെ അഗ്നി അവസാനതുള്ളി രക്തം വരെയും......ജീവന്റെ പങ്കുവയ്ക്കൽ അവസാനശ്വാസം വരെയുമെന്ന് വിളിച്ച് പറയുന്ന സ്വരം കൂടിയാണ് കുരിശ്.

എന്തെന്നാൽ, അവനിൽ വിശ്വസിക്കുന്ന ഏവരും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് വേണ്ടി തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു (യോഹ 3:16). അതേ... ആ സ്നേഹം വെളിപ്പെട്ടത് കുരിശിലെ മരണത്തിലൂടെയും മരണത്തിനപ്പുറത്തേക്കുള്ള ഉത്ഥാനമെന്ന അഗാധ സ്നേഹത്തിലൂടെയുമായിരുന്നു. രക്ഷയുടെ അടയാളമായ സ്ലീബായേപ്പറ്റി മനസ്സിലാക്കുന്നത് നമ്മുടെ വിശ്വാസത്തിന് തന്നെ കൂടുതൽ ശക്തി പകരും. അറിയുമ്പോഴല്ലേ കൂടുതൽ സ്നേഹിക്കുവാനും വിശ്വസിക്കുവാനും നമുക്ക് സാധിക്കുന്നത്. ഈ സ്ലീബാകാലത്തിൽ, കുരിശിന്റെ ദൈവശാസ്ത്രവും ചരിത്രപശ്ചാത്തലവും നമ്മുടെ പാരമ്പര്യത്തിൽ നാം കണ്ടിട്ടുള്ളതും എന്നാൽ നമുക്കിന്നും അജ്ഞാതവുമായ വിവിധതരം കുരിശുകളെപ്പറ്റിയും മനസിലാക്കാനുള്ള ശ്രമമാണിത്.....

സ്നേഹത്തിന്റെ ഇളംകാറ്റാണ് ഈ കുരിശിൽ നിന്ന് നമ്മിലേയ്ക്ക് വീശിയിറങ്ങുന്നത്. ഈ കാറ്റിന് നമ്മോട് പറയാനുള്ളത് സ്നേഹത്തിന്റെ കഥയാണ്, അവസാനത്തുള്ളി രക്തത്തോളം സ്നേഹിച്ചതിന്റെ കഥ. ഈ കാറ്റിന് രക്തത്തിന്റെ ഗന്ധമുണ്ട്, ഗോഗുൽത്തായെ നനച്ചൊഴുകിയ പരിശുദ്ധിയുടെ രക്തഗന്ധം. ഈ ഇളംകാറ്റിൽ നമുക്കും നിൽക്കാം, ഈ കുരിശിന്റെ തണലിൽ, ആ നിഴൽ നമ്മിൽ പടരുവോളം.


# ഐക്യദീപം
Aikyadeepam

2014 ഒക്ടോബർ പുസ്തകം 45 ലക്കം 10









▶ രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ

▶ സഹ രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. ഫീലിപ്പോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ

▶ ചീഫ് എഡിറ്റർ
ഫാദർ വർഗ്ഗീസ് ചാമക്കാലായിൽ

▶ പ്രസാധകൻ
ഫാദർ തോമസ് കൊടിനാട്ടുകുന്നേൽ

▶ സർക്കുലേഷൻ മാനേജർ
ബ്രദർ വർഗ്ഗീസ് കണ്ടത്തിൽ

▶ ഉപദേശക സമിതി
മോൺ. ആന്റണി ചെത്തിപ്പുഴ
റവ. ഫാ. ചെറിയാൻ താഴമൺ
റവ. ഫാ. പ്രേമാനന്ദ് ഒ.ഐ.സി.
ശ്രീ. ഷാജി കാരയ്ക്കൽ
പ്രൊഫ. ജേക്കബ് എം. എബ്രഹാം
ശ്രീ. ജോമി കലയപുരം
ശ്രീ. ജിജി മുളമൂട്ടിൽ
ശ്രീമതി ലീലാമ്മ കച്ചറയ്ക്കൽ


















Printing at: Dona Offset, Kottayam

Annual Subscription ₹ 120.00
Single Copy ₹ 10.00
Overseas: $40.00 or ₹ 2750

Bank Details :
Chief Editor, Aikyadeepam
Andhra Bank, Tiruvalla 689 101
A/c No. 110110100023901
IFSC. ANDB0001101
SWIFT CODE: ANDBINBB

Designed by :
Prasad P. S.
Greeshma Designs, Kottayam
Ph: 9447304348
gdesignktm@gmail.com





## സ്ഥിരം പംക്തികൾ


പ്രബോധനം,
കുടുംബവേദി
അമ്മ മനസ്സ്
ഉള്ളതുപറഞ്ഞാൽ
സീൻ ബൈ സീൻ

06 കുരിശ് ഉത്ഥാനത്തിലേക്ക് തുറന്ന വാതിൽ
ഫാ. തോമസ് കുഴിനാപ്പുറത്ത്

10 ഓർമ്മകളിൽ നിറയുന്ന സ്നേഹസ്പർശം
ഫാ. ബോവസ് മേലോട്ട്

12 കുരിശ് സുറിയാനി കലാപാരമ്പര്യത്തിൽ
ഫാ. ജോർജ്ജ് കുരിശുംമൂട്ടിൽ





19 സീരിയും എട്ടാമത് ലോക സുറിയാനി സമ്മേളനവും
ഫാ. ചെറിയാൻ താഴമൺ


26 വെറുതെ നുരഞ്ഞ വിവാദം
ഫാ. വർഗ്ഗീസ് വള്ളിക്കാട്ട്

28 സ്ലീബാ പെരുന്നാൾ ചരിത്ര ഉല്പത്തി
ഫാ. ഡേവിഡ് വടക്കുംമുറിയിൽ



All correspondence regarding Agency and Subscription: Chief Editor, Aikyadeepam Monthly, St. John's Complex Kacheripady, Tiruvalla-1. Phone: 0469-2600626 Fax: 0469-2600822. E-mail: aikyadeepamtvla@gmail.com

# ഇടയശബ്ദം



മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്
മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ്

കുരിശിന്റെ ദൈവശാസ്ത്രം ക്രിസ്തീയ വിശ്വാസത്തിന്റെ സവിശേഷ സംഭാവനയാണ്. അതാകട്ടെ ജീവിത ബന്ധിയുമാണ്. മനുഷ്യജീവിതവുമായി ആഴത്തിലും പരപ്പിലും ഇഴചേർന്നുകിടക്കുന്നതാണ് സഹനം. മറ്റുമതങ്ങളിൽ നിന്നും വിശ്വാസശൈലികളിൽ നിന്നും ക്രൈസ്തവ സഭയെ വ്യത്യസ്തമാക്കുന്ന ഘടകവും ഇതുതന്നെ.

സ്വഭാവേന വേദനകളിൽ നിന്നും ദു:ഖങ്ങളിൽ നിന്നും ഓടിയകലാൻ മനുഷ്യപ്രകൃതി ശ്രമിക്കുന്നു.




ആ പ്രക്രീയയിൽ അനേകം തത്വശാസ്ത്രങ്ങളും അനുഷ്ഠാനകലകളും രൂപപ്പെട്ടിട്ടുണ്ട്. എന്നാൽ ക്രിസ്തീയ വിശ്വാസം സഹനത്തിന്റെയും രക്ഷയുടെയും പ്രതീകമായി കുരിശിനെ പ്രത്യാശയോടെ സ്വീകരിക്കുന്നു. അത് താത്വികമായി നമുക്ക് മനസ്സിലാക്കുന്നത് അഷ്ഠസൗഭാഗ്യങ്ങൾ ധ്യനവിഷയം ആകുമ്പോഴാണ്. കാൽവരികുരിശിലേക്ക് നോക്കുമ്പോൾ അത് ജീവിത ബന്ധിയായി അനുഭവപ്പെടുകയും ചെയ്യും.

ദരിദ്രർ ഭാഗ്യവാന്മാർ; ദു:ഖിക്കുന്നവർ ഭാഗ്യവാന്മാർ; വിശക്കുന്നവർ ഭാഗ്യവാന്മാർ; പീഡസഹിക്കുമ്പോൾ ഭാഗ്യവാന്മാർ; അന്യയമായി കുറ്റാരോപിതരാകുമ്പോൾ ഭാഗ്യവാന്മാർ; ഒരു ചെകിട്ടത്ത് അടിയേല്ക്കുമ്പോൾ മറ്റേത് കൂടി കണിച്ചുകൊടുക്കുക; പുറങ്കുപ്പായം എടുക്കുന്നവന് ഉടുപ്പുകൂടി കൊടുക്കുക; കൊടുക്കുമ്പോൾ ലഭിക്കുന്നു; അഴുകുമ്പോൾ ഫലം പുറപ്പെടുവിക്കുന്നു; മരിക്കുമ്പോൾ ജീവിക്കുന്നു; നഷ്ടപ്പെടുത്തുമ്പോൾ നേടുന്നു. സാമാന്യബുദ്ധിക്ക് നിരക്കുന്നതല്ല ഇവ ഒന്നും. അതുകൊണ്ടാണ് കുരിശിന്റെ ഭോഷത്വത്തെക്കുറിച്ച് വി. പൗലോസ് പറയുന്നത്: യഹൂദർക്ക് ഇടർച്ചയും യവനർക്ക് ഭോഷത്വവുമായ കുരിശിനെ നാം പ്രഘോഷിക്കുന്നു. പ്രപഞ്ചനിയമവും പ്രകൃതി ശൈലിയും ഇതുതന്നെയാണ്. മുളന്തണ്ടിൽ വണ്ട് സുഷിരമുണ്ടാക്കുമ്പോൾ മാത്രമാണ് കാറ്റിന്റെ സ്പർശത്തിൽ അത് സുഷിരവാദ്യമായി മാറുന്നത്. ഗോതമ്പുമണി നിലത്തുവീണ് അഴിയുമ്പോഴാണ് അത് ഫലദായകമായി മാറുക. നൊന്തുപ്രസവിക്കുമ്പോഴാണ് ജന്മജന്മാന്തര ശൃംഘല തുടരുക.


ഈ പ്രകൃതി ശൈലിയെ പ്രപഞ്ചനാഥൻ രക്ഷാകരമാർക്ഷമായി ഉയർത്തി. നാം ജീവിക്കുന്നതിനുവേണ്ടി അവൻ മരിക്കുന്നു; നമ്മുടെ സന്തോഷം പൂർണ്ണമാക്കുന്നതിന് അവിടുന്ന് ഇല്ലായ്മയെ വാരിപ്പുണരുന്നു; നമ്മെ ഉയർത്തുവാൻ അത്യുന്നതൻ തന്നെത്തന്നെ ശൂന്യനാക്കുന്നു. നമ്മെ സ്വതന്ത്രരാക്കുവാൻ പ്രകൃത്യാ സ്വതന്ത്രൻ ദാസവേഷം സ്വീകരിക്കുന്നു. ഈ സഹനജീവിതത്തിലാണ് ക്രൂശിതൻ നമ്മെ പങ്കുകാരാക്കുക. പൂർവ്വികരുടെ സഹനത്തിന്റെ വിലയല്ലേ പിൻതലമുറക്ക് അനുഗ്രഹമായി പകർന്നു കിട്ടുക. നാം ഇന്നനുഭവിക്കുന്ന എല്ലാ

*(ശേഷം പേജ് 28)*




# കുരിശ് ഉത്ഥാനത്തിലേക്ക് തുറന്ന വാതിൽ

ഓരോ ദൈവശാസ്ത്ര ശാഖയ്ക്കും മികവുറ്റ സംഭാവനകൾ നൽകുവാൻപോരുന്ന ഒരു അക്ഷയനിധി പേടകമാണ് മലങ്കര ആരാധനാ ക്രമം. മലങ്കര ആരാധനാ ക്രമത്തിൽനിന്നും ഉരുത്തിരിയുന്ന കുരിശിന്റെ ദൈവശാസ്ത്രത്തിലേക്ക് ഒന്ന് കണ്ണോടിക്കുവാനുള്ള പരിശ്രമമാണ് ഈ ലേഖനം. ഇതിന് ആധാരമായി എടുത്തിരിക്കുന്നത് ദുഃഖവെള്ളിയാഴ്ചയിലെ സ്ലീബാ വന്ദനവിന്റെ ശുശ്രൂഷയിലെ വിവിധ പ്രാർത്ഥനകളാണ്. കുരിശിന്റെ സമഗ്രമായ ദൈവശാസ്ത്രത്തിലേക്കുള്ള ഒരു ചൂണ്ടുപലകയാണ് ഈ ശുശ്രൂഷകളിലെ പ്രാർത്ഥനകളെല്ലാം തന്നെ. പാശ്ചാത്യ സുറിയാനി പിതാക്കന്മാരുടെ ധ്യാനത്തിൽനിന്നും ഉയിർകൊണ്ട ഈ ദർശന ശകലങ്ങൾ ഇന്നിന്റെ ക്രൈസ്തവ ആദ്ധ്യാത്മിക ജീവിതത്തിനും ഏറെ വെളിച്ചം പകരാൻ പോരുന്നവയാണ്.



ഫാ. ഡോ. തോമസ് കുഴിനാപ്പുറത്ത്

### കുരിശിന്റെ അർത്ഥ പരിണാമം

ക്രിസ്തുവിനു മുൻപ് കുരിശ് ക്രൂരമായ പീഡനോപകരണം മാത്രമായിരുന്നു. അടിമകളുടെ മരണശിക്ഷ നടപ്പാക്കാൻ മാത്രം ഉപയോഗിച്ചിരുന്ന ഉപകരണമായിരുന്നു അത് (Cruden's Complete Concordence). എന്നാൽ ക്രിസ്തുവിന്റെ മരണത്തോടെ കുരിശിന് രക്ഷാകരവും മഹത്തായതുമായ ഒരു അർത്ഥവ്യാഖ്യാനം കൈവന്നു. ക്രൈസ്തവ വിശ്വാസത്തിന്റെ അനുരണനങ്ങൾ അല്പമായെങ്കിലും പ്രതിഫലിക്കുന്നിടങ്ങളിലെല്ലാം വിപരീത ദിശകളിലേക്ക് വിരിച്ച ഭുജങ്ങളുമായി നിൽക്കുന്ന കുരിശ് കണ്ടെത്താം. ക്രൈസ്തവികതയുടെ വികാസ പരിണാമങ്ങൾക്കിടയിൽ വൈവിദ്ധ്യമാർന്ന വ്യാഖ്യാനങ്ങൾക്ക് വിഷയീഭവിച്ച പ്രതീകം; പാപത്തിലധപതിച്ച മനുഷ്യന് രക്ഷാകരമായ അടയാളമായി മാറി കുരിശ്. വേദനിക്കുന്നവർക്ക് യേശുവിന്റെ സഹനത്തെ പ്രതിബിംബിപ്പിക്കുന്ന കുരിശ് ആശ്വാ

സദായകമായ പ്രതീകമായി. മതപീഡനങ്ങളെ അതിജീവിച്ച സഭയിൽ, കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ കാലം മുതൽ കുരിശിന് മൂന്നാമതൊരു അർത്ഥവും വ്യാഖ്യാനവുംകൂടി നൽകപ്പെട്ടു. വിജയത്തിന്റെ, മഹത്വത്തിന്റെ അടയാളം. എന്നാൽ പൗരസ്ത്യ സഭകളിൽ കുരിശിനെ ക്രിസ്തുവിന്റെ ഉത്ഥാനത്തോട് ചേർത്തു കാണുവാനാണ് എന്നും പരിശ്രമിച്ചിട്ടുള്ളത്. കുരിശെന്ന പ്രതീകത്തിന്റെ സമഗ്രമായ അർത്ഥവ്യാഖ്യാനം ഈ വൈവിദ്ധ്യമാർന്ന വീക്ഷണങ്ങളുടെ സമന്വയത്തിലൂടെ മാത്രമേ സാധിക്കുകയുള്ളൂ. ക്രൈസ്തവ ആരാധനാക്രമങ്ങളിൽ ഏറ്റവും പുരാതനമായ പാശ്ചാത്യ സുറിയാനി ആരാധനാ ക്രമത്തിൽ ഇതൾ വിരിയുന്ന കുരിശിന്റെ ദൈവശാസ്ത്രത്തിൽ ഈ ദർശന സമഗ്രത കണ്ടെത്തുവാൻ കഴിയും.

## കുരിശ് ജീവദായകം

ക്രിസ്തുവിനു മുൻപ് കുരിശ് മരണത്തിന്റെ അടയാളം മാത്രമായിരുന്നു. എന്നാൽ ജീവന്റെ ഉറവിടമായവൻ അതിലേറി മരണത്തെ അതിജീവിച്ചപ്പോൾ അത് ജീവദായകമായ അടയാളമായി. അതുകൊണ്ടാണ് ക്രിസ്തുവിന്റെ സഭ ഇപ്രകാരം പ്രാർത്ഥിക്കുന്നത്. "ഇപ്പോൾ കർത്താവേ, രക്ഷാകരമായ നിന്റെ കഷ്ടാനുഭവത്തിന്റെയും ജീവദായകമായ സ്ലീബായുടെയും സ്മരണ നിർവഹിക്കപ്പെടുന്ന ഈ വെള്ളിയാഴ്ച ദിവസം നിന്റെ സഭ ഈ പരിമള ധൂപം അർപ്പിച്ചുകൊണ്ട് അവളുടെ മക്കളുടെ അധരങ്ങളാൽ നിന്റെ തിരുമുമ്പാകെ അപേക്ഷിച്ച് പ്രാർത്ഥിക്കുന്നു." (പെരുന്നാളുകളുടെ ക്രമം, 2003, പേ. 193.). മനുഷ്യന്റെ നാസാരന്ധ്രങ്ങളിലേക്ക് ജീവശ്വാസം ഊതിക്കയറ്റിയ ദൈവത്തെ മറുതലിച്ച മനുഷ്യൻ പിശാചിന്റെയും പാപത്തിന്റെയും അടിമയായി തീർന്നു. ഈ അടിമത്തത്തിൽ നിന്നും മർത്യനെ നിത്യജീവനിലേക്ക് വീണ്ടും കരകയറ്റുന്നതിന് മരണമില്ലാത്തവൻ കുരിശിൽ മരണം വരിച്ചു. മരണത്തിന്റെ അടയാളമായിരുന്ന ഉണങ്ങി വരണ്ട കുരിശ് അവിടെ ഉത്ഥാനത്തിന്റെ തളിർക്കുന്ന വടവൃക്ഷമായി. മരണം ജീവന് വഴിമാറി. സഭ വീണ്ടും പ്രാർത്ഥിക്കുന്നു." ആദ്ധ്യാത്മിക ഇസ്രായേലിന്റെ പരിശുദ്ധാ ഞങ്ങളുടെ മുമ്പാകെ തൂങ്ങി നിൽക്കുന്ന ജീവൻ തന്നെയായ നിന്നിൽ ഞങ്ങളുടെ ദൃഷ്ടി പതിയുമാറാകണമെ (പെരുന്നാൾക്രമം, 2003, പേ. 196).സ്ലീബാ ജീവദായകമായി. ആദിമ സഭയുടെ ഈ ധ്യാനാത്മക ചിന്തയിലേക്കാണ് മുകളിലുദ്ധരിച്ച പ്രാർത്ഥന വിരൽ ചൂണ്ടുന്നത്.

ജീവൻ സൃഷ്ടിപരമാണ്. അവിടെ പുതുനാമ്പുകൾ പിറവി കൊള്ളുന്നു. നവസൃഷ്ടിക്കുള്ള ഉപകരണങ്ങളായി കുരിശിനെ മാറ്റുകയായിരുന്നു ക്രിസ്തു. അതോടൊപ്പം ക്രിസ്തു കുരിശിലൂടെ പഠിപ്പിക്കുന്ന മറ്റൊരു സത്യം കൂടിയുണ്ട്; ഓരോ സൃഷ്ടിക്കു പിന്നിലും കുരിശിന്റെ വേദനയുടെ ഒരു ചരിത്രം കൂടിയുണ്ട് എന്ന്. "സത്യം സത്യമായി ഞാൻ നിങ്ങളോട് പറയുന്നു, ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ അത് അതേപടിയിരിക്കും. അഴിയുന്നെങ്കിലോ അതു വളരെ ഫലം പുറപ്പെടുവിക്കും." (യോഹ. 12:24). ഇങ്ങനെ ചിന്തിക്കുമ്പോൾ ഓരോ ചെറിയ കുരിശിലെയും ജീവദാനത്തിന്റെ സാദ്ധ്യത (സാദ്ധ്യത അല്ല ഉറപ്പുതന്നെ) നമുക്ക് തള്ളിക്കളയാനാകില്ല. ഓരോ സഹനവും പുഷ്പിതമാകാൻ പോരുന്നതാണ് എന്ന് വരച്ചു കാട്ടുകയാണ് നമ്മുടെ ആരാധാനാക്രമം.

## കുരിശ് വിശുദ്ധിയുടെ ഉറവിടം

കുരിശിനെ സഭ വിശുദ്ധമായി മാത്രമല്ല കാണുന്നത്. സഭയിൽ കുരിശ് വിശുദ്ധിയുടെ ഉറവിടം കൂടിയാണ്. അതിനാൽ സഭ പ്രാർത്ഥിക്കുന്നു, "നിന്റെ വിശുദ്ധ സ്ലീബായാൽ ഞങ്ങളുടെ ആത്മാക്കൾ ബലം പ്രാപിച്ച് നിന്റെ ദൈവത്വത്തിന് യോഗ്യമാം വിധം വിശുദ്ധിയോടെ നിന്നെ ആരാധിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ." (പെരുന്നാളുകളുടെ ക്രമം, 2003, പേ. 193). ആത്മാക്കളെ ബലം പ്രാപിക്കുന്നതിന് സഹായിക്കുന്നതാണ് കുരിശ്. ആത്മാവിന്റെ ബലം അതിന്റെ നിർമ്മലമായ അവസ്ഥയാണ്. കളങ്കലേശമില്ലാതെ ആത്മാവിനെ കാത്തുസൂക്ഷിക്കുന്നതിനുള്ള പരിചയായി സഭയിവിടെ കുരിശിനെ പരിചയപ്പെടുത്തുന്നു. സഭ വീണ്ടും പ്രാർത്ഥിക്കുന്നു, "ഞങ്ങളുടെ ശരീരാവയവങ്ങളെ സദാ നിഗ്രഹിക്കുവാനും കർത്താവായ നിന്റെ കല്പന പ്രകാരവും ക്രിസ്തീയമായും വിശുദ്ധ സ്ലീബായെ ഞങ്ങളുടെ തോളുകളിൽ വഹിക്കുവാനും ഞങ്ങളെ യോഗ്യരാക്കണമെ." (പെരുന്നാളുകളുടെ ക്രമം, 2003, പേ. 193). ആന്തരികവും ബാഹ്യവുമായ വിശുദ്ധിക്കുവേണ്ടി ആത്മാവ് ധരിക്കേണ്ട പടച്ചട്ടയായി സഭയിവിടെ കുരിശിനെ മുന്നോട്ടു വയ്ക്കുന്നു. സഭ വീണ്ടും പ്രാർത്ഥിക്കുന്നു; നിന്റെ കുരിശാൽ "പള്ളികളേയും ആശ്രമങ്ങളേയും ഉറപ്പിക്കേണമേ. നിന്റെ



സ്ലീബായാൽ പുരോഹിതന്മാരെ പ്രശോഭിതരാക്കുകയും ശെമ്മാശന്മാരെ ശ്രേഷ്ഠരാക്കുകയും ചെയ്യേണമെ. നിന്റെ സ്ലീബായാൽ വൃദ്ധന്മാരെ താങ്ങുകയും യുവാക്കന്മാരെ പരിപാലിക്കുകയും ബാലികാബാലന്മാരെ സംരക്ഷിക്കുകയും ചെയ്യണമെ നിന്റെ സ്ലീബായാൽ പാപികളെ പുണ്യപ്പെടുത്തുകയും കുറ്റക്കാരോട് ക്ഷമിക്കുകയും ചെയ്യണമെ" (പെരുന്നാൾക്രമം, 2003, പേ. 194). വിശുദ്ധിയുടെ ഒഴിച്ചു കൂടാനാവാത്ത ഘടകമായി കുരിശ് മാറുന്നു. വിശുദ്ധിയെ കുരിശിന്റെയും സഹനത്തിന്റെയും ഉല്പന്നമായി സഭ കാണുകയാണിവിടെ. യേശുക്രിസ്തുവിന്റെ മാത്രമല്ല, അവിടുത്തെ പിൻചെന്ന എണ്ണമില്ലാത്ത, വിശുദ്ധരുടെ ജീവിത കഥകളും വിളിച്ചോതുന്നത് മറ്റൊരു സത്യമല്ല. കുരിശിന്റെ മറുപുറമാണ് വിശുദ്ധി എന്നാണ് അവരൊക്കെ പറഞ്ഞു തന്നിട്ടുള്ളത്.

**ലോകത്തിൽ യുദ്ധങ്ങളും കലഹങ്ങളും പ്രബലപ്പെടുമ്പോൾ കുരിശിന്റെ വക്താക്കൾ പരാജയപ്പെടുകയാണ് എന്ന സന്ദേശവും ഈ പ്രാർത്ഥന പങ്കുവയ്ക്കുന്നുണ്ട്. എല്ലാ വിഭജിത ഘടകങ്ങളെയും സമന്വയിപ്പിക്കുന്ന പരിമള ധൂപകലശമാണ് കുരിശെന്നും സഭ പ്രാർത്ഥിക്കുന്നു.**

കുരിശ് അഥവാ സഹനം വിശുദ്ധി എന്ന സമവാക്യത്തിലേക്ക് സഭയുടെ പ്രാർത്ഥന വിരൽ ചൂണ്ടുന്നു. വിശുദ്ധിയുടെ അവിഭാജ്യഘടകമായി കുരിശു മാറുന്നു. സഹനം ഇവിടെ നിരാശയുടെ അനുഭവമല്ല. മറിച്ച് വിജയത്തിന്റെ, വിശുദ്ധിയുടെ കണ്ടുമുട്ടലാണ് എന്ന പാഠം കൂടി ഇതോടൊപ്പം ചേർത്ത് വായിക്കാം. ശരീരത്തെയും സുഖസന്തോഷങ്ങളെയും പരിത്യജിക്കുമ്പോൾ നാം കുരിശിന്റെ പാതയിലൂടെ വിശുദ്ധിയിലേക്ക് അടിവെച്ച് അടിവെച്ച് മുന്നേറുകയാണെന്ന് പറഞ്ഞു തരികയാണ് സഭയിവിടെ. പരിത്യാഗത്തിലെ സന്തോഷം ഈ പ്രയാണത്തിലെ ഒഴിച്ചുകൂടാനാവാത്ത പ്രത്യേകതയാണ് താനും. സന്തോഷിച്ചുകൊണ്ട് സഹിക്കുന്നവനുമാത്രമേ കുരിശിന്റെ പാതയിലൂടെ വിശുദ്ധി കരഗതമാവുകയുള്ളൂ. ചില ബാഹ്യ ഇടപെടലുകളാൽ 'പെട്ടുപോയി' എന്ന മനോഭാവത്തോടെ സഹനത്തെയും പരിത്യാഗത്തെയും നോക്കി കാണുന്നവന് കുരിശിന്റെ മനോഹാരിത അവന്റെ അദ്ധ്യാത്മിക ജീവിതത്തിൽ ആസ്വദിക്കുവാനാവില്ല.

## രക്ഷപ്രദാനം ചെയ്യുന്ന കുരിശ്

മാനവരക്ഷയുടെ അടയാളമായി സഭ കുരിശിനെ അവതരിപ്പിക്കുന്നു. മനുഷ്യന്റെ മാത്രമല്ല പ്രപഞ്ചത്തിന്റെ മുഴുവൻ രക്ഷയുടെ അടയാളമായി കുരിശ് ക്രിസ്തുവിലൂടെ മാറി. ഒരു വലിയ വിമോചന ഉപകരണമായി കുരിശ് പരിണമിച്ചെന്ന് സഭ സാക്ഷ്യം നൽകുന്നു. അവൾ ഇപ്രകാരം പ്രാർത്ഥിക്കുന്നു, "മനുഷ്യരെ സ്നേഹിക്കുന്നവനേ, ഈ വെള്ളിയാഴ്ച ദിവസം നിന്റെ ക്രൂശാരോഹണത്താൽ ഞങ്ങളെ നീ ജീവിപ്പിക്കുകയും നിന്റെ മരണത്താൽ ഞങ്ങളെ നീ സ്വതന്ത്രരാക്കുകയും ചെയ്തു" (പെരുന്നാളുകളുടെ ക്രമം, 2003, പേ. 192). രക്ഷയുടെ അനുഭവത്തിൽ നിന്നും പിശാചിന്റെ സ്വാധീനത്താൽ വഴിമാറിച്ചരിച്ച മനുഷ്യനു മുന്നിൽ കർത്താവായേശു ക്രിസ്തു പ്രസരിപ്പിച്ച ദൈവിക വെളിച്ചമായിരുന്നു കുരിശിന്റെ പ്രകാശമെന്നും സഭ ഏറ്റുപറയുന്നു. ആ പ്രകാശത്തിലൂടെ രക്ഷയിലേക്ക് വീണ്ടും കടന്നു വരുവാനുള്ള സാദ്ധ്യത മനുഷ്യനു മുനനിൽ മലർക്കെ തുറക്കപ്പെട്ടു. സഭ വീണ്ടും പ്രാർത്ഥിക്കുന്നു, "നിനക്ക് തിരുവിഷ്ടം തോന്നി ആദിയിൽ നീ സൃഷ്ടിക്കുകയും അവസാനത്തിൽ രക്ഷിച്ച് ജീവിപ്പിക്കുകയും ചെയ്ത പ്രകാരം ഇപ്പോഴും കരുണാപൂർവ്വം നിന്റെ സൃഷ്ടിയെ മുഴുവൻ ദർശിക്കുകയും സ്ലീബായാൽ ഭൂതലത്തിന് മുഴുവൻ സഹായം നൽകുകയും ചെയ്യണമേ" (പെരുന്നാളുകളുടെ ക്രമം, 2003, പേ. 193). കുരിശിൽ വാഗ്ദാനം ചെയ്യപ്പെട്ട രക്ഷയും വിമോചനവും ഒരേ സമയം സ്വർഗ്ഗീയവും സാർവ്വലൗകികവുമാണെന്ന് സഭയിവിടെ പഠിപ്പിക്കുന്നു. ഏതെങ്കിലും ഒരു വിഭാഗത്തിന്റെ രക്ഷയുടെ അടയാളം മാത്രമായല്ല കുരിശിനെ സഭയിവിടെ അവതരിപ്പിക്കുന്നത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. സഭയെ സംബന്ധിച്ചിടത്തോളം സർവലോകത്തിന്റെയും സർവ്വ പ്രപഞ്ചത്തിന്റെയും രക്ഷയുടെ അടയാളമാണ് കുരിശ്.

## കുരിശ് സമാധാനത്തിന്റെയും ഐക്യത്തിന്റെയും കാവൽ അടയാളം

കലഹത്തിന്റെയും അസഹിഷ്ണുതയുടെയും അലയൊലികൾ എങ്ങും മുഴങ്ങുന്ന ഇന്നിന്റെ ചരിത്രത്തിൽ ഏറെ പ്രസക്തമായ ഒരു പ്രാർത്ഥന സഭ ഉരുവിടുന്നുണ്ട്. "നിന്റെ സ്ലീബായാൽ കോപം ശമിപ്പിക്കേണമേ, യുദ്ധങ്ങൾ ഇല്ലാതാക്കേണമേ, കലഹങ്ങൾ മായിക്കേണമേ, ശിക്ഷകൾ ഒഴിവാക്കേണമേ, നിന്റെ സ്ലീബായാൽ കോപിച്ചിരിക്കുന്നവരെ ശാന്തരാക്കേണമേ, നിഗളികളെ വിനയമുള്ളവനാക്കേണമേ, അഹംഭാവം ഇല്ലാതാക്കേണമേ, ശത്രുത നീക്കി കളയണമേ, തിന്മയുടെ ശക്തിയെ അമർത്തേണമേ" (പെരുന്നാൾക്രമം, 2003,പേ.193-194).സമാധാനത്തിന്റെയും ഐക്യത്തിന്റെയും അടയാളമായാണ് പൗരസ്ത്യസഭ എന്നും കുരിശിനെ നോക്കിക്കണ്ടിരുന്നു. കുരിശു യുദ്ധങ്ങളുടെ ചരിത്രം പേറുന്ന പാശ്ചാത്യ സഭയുടെ ചിന്താഗതികൾക്കു നേരെ ഉയർന്നിട്ടുള്ള ഒരു താക്കീതായി കൂടി ഈ പ്രാർത്ഥനയെ കാണാം. ലോകത്തിൽ യുദ്ധങ്ങളും കലഹങ്ങളും പ്രബലപ്പെടുമ്പോൾ കുരിശിന്റെ വക്താക്കൾ പരാജയപ്പെടുകയാണ് എന്ന സന്ദേ

ശവും ഈ പ്രാർത്ഥന പങ്കുവയ്ക്കുന്നുണ്ട്.

"കുരിശുമരത്തിന്മേൽ കൈനീട്ടി കിടന്നു കൊണ്ട് സ്വജനത്തേയും വിജാതിയരെയും കൂട്ടി ച്ചേർത്ത സ്വർഗ്ഗീയ സമാധാനം അവനാകുന്നു....സ്ലീബായിൽ കിടന്നുകൊണ്ട് ലോകത്തെ അഭിമുഖിക രിക്കുകയും അതിന്റെ എല്ലാ അതിർത്തികളിൽ നിന്ന് യഥാർത്ഥ സ്തുതിയും സത്യാരാധനയും സ്വീകരിച്ച അവതീർണനായ കർത്താവ് അവനാകുന്നുന്നു(പെരുന്നാൾക്രമം, 2003, പേ.192). എല്ലാ വിഭജിത ഘട കങ്ങളെയും സമന്വയിപ്പിക്കുന്ന പരിമള ധൂപകലശ മാണ് കുരിശെന്നും സഭ പ്രാർത്ഥിക്കുന്നു. "നിന്റെ ക്രൂശാരോഹണം ആദ്ധ്യാത്മിക ധൂപകലശമായി തീർന്നു. ആ ധൂപകലശത്താൽ നിന്റെ പിതാവിനെ സൃഷ്ടികളുമായി നീ രമ്യപ്പെടുത്തി. നിന്റെ പീഡാ നുഭവം അഗ്നിക്ക് പകരവും സ്നേഹം സുഗന്ധവർഗ്ഗ ങ്ങൾക്ക് പകരവും ആയിത്തീർന്നു. നീ മനുഷ്യാവ താരം ചെയ്ത് നിന്റെ പൗരോഹിത്യം വഴി പീഡാ നുഭവമാകുന്ന ധൂപം പിതാവിന് സമർപ്പിച്ചു." (പെരുന്നാളുകളുടെ ക്രമം, 2003, പേ. 195-196). കുരിശിന്റെ വക്താവായ പുരോഹിതന് സമാധാനത്തിനും അനു രഞ്ജനത്തിനുമുള്ള അടിസ്ഥാനപരമായ ഉത്തരവാ ദിത്വത്തിലേക്കും ഈ അപേക്ഷ വിരൽ ചൂണ്ടുന്നു.

## കുരിശ് ഉത്ഥാനത്തിന്റെ അച്ചാരം

കുരിശിൽ മരിച്ച് ക്രിസ്തു മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റുകൊണ്ട് സർവ്വലോകത്തിനും പ്രത്യാശയുടെ പരിമളം പകർന്നു തന്നു. സഭ വീണ്ടും പ്രാർത്ഥിക്കുന്നു, "ഞങ്ങൾക്കും നിന്റെ സർവ്വജനത്തിനും രക്ഷ നൽകേണമേ നിന്റെ വാഗ്ദാനങ്ങൾ ഞങ്ങളിൽ നിറവേറണമേ. തേജസ്സോടുകൂടി ഞങ്ങളെ നീ സന്ദർശിക്കേണമേ. ഞങ്ങൾ ആത്മവി ശ്വാസത്തോടെ മഹത്വമുള്ള നിന്റെ ഉയിർത്തെഴു ന്നേൽപ്പിന് വന്നുചേരുവാൻ ഇടയാക്കേണമേ. ഞങ്ങൾ നിന്റെ സ്വർഗ്ഗീയ മണവറയിൽ പരികർമ്മി കളും വിരുന്നിൽ ക്ഷണിക്കപ്പെട്ടവരും നിത്യരാജ്യ ത്തിന് അവകാശികളുമായി തീരേണമേ." (പെരുന്നാ ളുകളുടെ ക്രമം, 2003, പേ. 194). കുരിശിന് വ്യക്ത മായ ലക്ഷ്യമുണ്ടെന്ന് സ്ഥാപിക്കുകയാണ് സഭയി വിടെ. കുരിശിന്റെ വഴി അതിൽതന്നെ പൂർണ്ണമാകു ന്നില്ല. നിത്യമായ സന്തോഷം പ്രദാനം ചെയ്യുന്ന ഉത്ഥാനത്തിലേക്ക് മലർക്കെ തുറക്കപ്പെട്ട വാതി ലാണ് കുരിശ്. അതോടൊപ്പം ഒരു കാര്യം കൂടി കുരിശ് നമ്മെ ഓർമ്മപ്പെടുത്തുന്നു. കുരിശിക്കപ്പെടു ന്നവനു മാത്രമേ ഉയിർത്തെഴുന്നേൽക്കുവാൻ അവ കാശമുള്ളൂ. ഉയിർത്തെഴുന്നേൽപ്പിനുള്ള എൻട്രി ടിക്കറ്റായി കുരിശും സഹനവും ഇവിടെ പരിണമി ക്കുന്നു. കുരിശിന്റെ പാത ഉത്ഥാനത്തിലേക്കാണ് നയിക്കപ്പെടുന്നത് എന്നത് ലോകത്തിനു മുൻപിൽ ഒരു നവസുവിശേഷത്തിന്റെ പുതിയ ചക്രവാളം പണിതുയർത്തുന്നു.

**ഉപസംഹാരം**

ദൈവശാസ്ത്രസത്യങ്ങളെ സുരഭില സുന്ദരമായ പ്രാർത്ഥനകളിലൂടെ ദൈവസന്നിധിയിലേക്കും ഒപ്പം ദൈവജനഹൃദയങ്ങളിലേക്കും പകരുകയാണ് പാശ്ചാത്യസുറിയാനി അഥവാ അന്ത്യോക്യൻ ആരാ ധനാക്രമം. കുരിശിന് രക്ഷയുടെയും ജീവന്റെയും സമാധാനത്തിന്റെ ഐക്യത്തിന്റെയും സർവ്വോപരി ഉത്ഥാനത്തിന്റെയും അർത്ഥതലങ്ങളുണ്ടെന്ന് നാം കണ്ടു. മനോഹരങ്ങളായ ഈ പ്രാർത്ഥനകൾ നമ്മുടെ അനുദിന ജീവിത പ്രമാണങ്ങളാകേണ്ടതു ണ്ട്. അതിന് ദൈവം നമ്മെ സഹായിക്കട്ടെ. ●

# ലെറ്റർ റ്റു ദ എഡിറ്റർ




പ്രിയ ബഹു. അച്ചാ,

സെപ്റ്റംബർ ലക്കം 'ഐക്യദീപം' വായിച്ചു. മലങ്കര സുറിയാനി സഭക ളിലെ മേലദ്ധ്യക്ഷന്മാരെക്കുറിച്ച് അതാതു സഭകളിലെ അൽമായരും വൈദീകരും എഴുതിയ ലേഖനങ്ങൾ ശ്രദ്ധേയമായിരുന്നു. വിശാലമായ കാഴ്ച്ചപ്പാട് പുലർത്തുന്ന 'ഐക്യദീപത്തിന്' ഭാവുകങ്ങൾ നേരുന്നതിനോടൊപ്പം ഒരു പിശക് ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. കവർ പേജിൽ തൊഴിയൂർ സഭയിലെ സിറിൽ മാർ ബസേലിയോസ് തിരുമേനിയുടെ ചിത്രമാണ് കൊടു ത്തിട്ടുള്ളത്. ഉൾപേജിൽ 'വേറിട്ടസ്വരം' എന്ന തലക്കെട്ടിൽ സിറിൽ മാർ ബസ്സേലിയോസിനെക്കുറി ച്ചുള്ള ലേഖനത്തോടൊപ്പം സെപ്റ്റംബർ 8ന് കാലം ചെയ്ത തൊഴിയൂർ സഭയിലെ തന്നെ ജോസഫ് മാർ കൂറിലോസ് തിരുമേനിയുടെ ചിത്രമാണ് ചേർത്തിട്ടുള്ളത്.

ക്രിസ്തുവിൽ അഭിവാദനങ്ങളോടെ, ജയ്സ് കോഴിമണ്ണിൽ, ഇരവിപേരൂർ


പ്രിയ അച്ചാ,

ഈ പ്രാവശ്യത്തെ ഐക്യദീപം എല്ലാം കൊണ്ടും വളരെ ഭംഗിയായിരിക്കുന്നു. അഭിനന്ദന ങ്ങൾ.ബത്തേരി രൂപതാ വേദപരിശീലന ഡയറക്ടറായി ഞാൻ 18 വർഷം അനുഷ്ഠിച്ചിട്ടുണ്ട്. ഈ അവസരത്തിൽ 'ഐക്യദീപത്തിന്റെ' കോപ്പികൾ വേദോപദേശകർക്ക് എത്തിച്ചുകൊടുത്തിരുന്നു. തുടർന്നും ഐക്യദീപത്തിന് എല്ലാവിധമായ ആശംസകളും നേരുന്നു

ചാക്കോ നരിമറ്റത്തിൽ കോർ എപ്പിസ്ക്കോപ്പാ



# ഓർമ്മകളിൽ നിറയുന്ന സ്നേഹസ്പർശം



**ഫാ. ബോവസ് മാത്യു**
(ചീഫ് എഡിറ്റർ, ക്രൈസ്തവ കാഹളം മാസിക)

ഒക്ടോബർ 10 മലങ്കര സുറിയാനി കത്തോലിക്കാ സഭ ദീപ്തമായ സ്മരണകളിൽ ലയിക്കുന്ന ദിനമാണ്. നീണ്ട 42 വർഷക്കാലം സഭയ്ക്ക് നേതൃത്വം നൽകിയ ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ ഓർമ്മ ദിവസം. ഒരിക്കലെങ്കിലും കണ്ടിട്ടുള്ളവർ ഒരിക്കലും മറക്കാത്ത അപൂർവ്വമായ വ്യക്തിത്വം. നീണ്ടു നരച്ച താടിക്കിടയിലെ പ്രസന്നമായ മുഖം. ഒരു ചെറുചലനത്തിൽപോലും എളിമ നിറഞ്ഞുനിൽക്കുന്ന ശരീരഭാഷ, അല്പം തിളക്കമുള്ള കാഷായനിറത്തിലുള്ള കുപ്പായം. നേർത്ത അനുനാസിക സ്പർശമുള്ള സ്വരം. ഓർമ്മകളിൽ നിറയുന്ന സ്നേഹസ്പർശമാണ് മാർ ഗ്രിഗോറിയോസ് തിരുമേനി.

ഒരു യുവസന്യാസിയായിരിക്കുമ്പോഴാണ് ബനഡിക്ടച്ചൻ മാർ ഈവാനിയോസ് പിതാവിന്റെ പിൻഗാമിയായി കടന്നുവരുന്നത്. മാർ ഈവാനിയോസ് പിതാവ് ചില അടിസ്ഥാനകാര്യങ്ങൾ സഭയ്ക്കും തിരുവനന്തപുരം അതിരൂപതയ്ക്കും ചെയ്തു പൂർത്തിയാക്കിയെങ്കിലും സഭയും അതിരൂപതയും അതിന്റെ ശൈശവദശയിൽ തന്നെയായിരുന്നു. മുന്നൂറിലധികം പുതിയ ഇടവകകളും മിഷൻ സ്റ്റേഷനുകളും അതിരൂപതയിൽ സ്ഥാപിതമായി. കന്യാകുമാരി മുതൽ തോട്ടപ്പള്ളി, ചെങ്ങന്നൂർ, ആങ്ങമൂഴി വരെ നീണ്ടുകിടന്ന വിശാലമായ തിരുവനന്തപുരം അതിരൂപത

**ഒരു ചെറുചലനത്തിൽപോലും എളിമ നിറഞ്ഞുനിൽക്കുന്ന ശരീരഭാഷ, അല്പം തിളക്കമുള്ള കാഷായനിറത്തിലുള്ള കുപ്പായം. നേർത്ത അനുനാസിക സ്പർശമുള്ള സ്വരം. ഓർമ്മകളിൽ നിറയുന്ന സ്നേഹസ്പർശമാണ് മാർ ഗ്രിഗോറിയോസ് തിരുമേനി.**

യുടെ സമഗ്രമായ വളർച്ചയ്ക്കും ഉന്നമനത്തിനുമായി തന്റെ ജീവിതം പിതാവ് സമർപ്പിച്ചു. ഏകദേശം അറു നൂറോളം ഇടവകകളിലും മിഷൻ സ്റ്റേഷനുകളിലു മായി പിതാവിന്റെ സജീവസാന്നി ദ്ധ്യം നിറഞ്ഞു നിന്നു.

മലങ്കര കത്തോലിക്കാ സഭ എക്കാലത്തും അതിന്റെ പ്രേഷിത ശുശ്രൂഷയിൽ പ്രഥമസ്ഥാനം നൽകിവരുന്ന വിദ്യാഭ്യാസ മേഖല അഭിവന്ദ്യ ഗ്രിഗോ റിയോസ് പിതാവിന്റെ ശ്രദ്ധാകേന്ദ്രങ്ങളായിരുന്നു. 50 വർഷങ്ങൾക്കു മുൻപ് അഞ്ചൽ എന്ന മലയോര ഗ്രാമ ത്തിൽ ആരംഭിച്ച സെന്റ് ജോൺസ് കോളജ് കുറെ വിദ്യാർത്ഥികളെ കേവലം അറിവിലേക്ക് നയിച്ചു എന്നു മാത്രമല്ല, ഒരു വിദ്യാഭ്യാസസ്ഥാപനവും ഒരു ക്രൈസ്തവ സഭാ സമൂഹവും ഒരു സ്ഥലത്തിന്റെ വളർച്ചയിലും വികസനത്തിലും എങ്ങനെ ക്രിയാത്മ കമായി ഇടപെട്ടു എന്നതിന്റെ സജീവസാക്ഷ്യമാ ണത്. ഇതിന് നാം കടപ്പെട്ടിരിക്കുന്നത് അഭിവന്ദ്യ പിതാവിന്റെ അറിവിലൂടെ വികസനത്തിലേക്ക് എന്ന ജീവിതദർശനത്തോടാണ്.

ഇന്നും ഗവൺമെന്റും ഗവൺമെന്റിതര സംഘട നകളും പരിസ്ഥിതിയും ഊർജ്ജ, ജല സ്രോതസ്സു കളും സംരക്ഷിക്കുവാൻ വമ്പൻ പദ്ധതികളുമായി നെട്ടോട്ടമോടുമ്പോൾ പ്രവാചക ശബ്ദവുമായി അഭി വന്ദ്യ തിരുമേനി കേരള സമൂഹത്തിന് വിപ്ലവാത്മക മായ ചിന്തകളാണ് നൽകിയത്. 50 വർഷം മുൻപ് പട്ടം സെന്റ് മേരീസ് കത്തീഡ്രൽ പണിയുമ്പോൾ അതിനോട് ചേർന്ന് ഭൂമിക്കടിയിൽ പണിത മഴവെള്ള സംഭരണി ഇന്നും ഉപയോഗിക്കുന്നു. പരിസ്ഥിതി - കാർഷിക രംഗങ്ങളിൽ പിതാവിന്റെ സംഭാവനകളും ദർശനങ്ങളും തലമുറകൾ പിന്നിട്ടാലും നമ്മുടെ മന സ്സിൽ നിറഞ്ഞു നിൽക്കും.

അടുത്ത വർഷം പിതാവിന്റെ ജന്മശതാബ്ദി വർഷമാണ്. സഭയൊന്നാകെ പിതാവിന്റെ ദർശന ങ്ങൾ കൂടുതൽ ആഴത്തിൽ മനസ്സിലാക്കുന്നതിനും പിൻചെല്ലുന്നതിനും നമുക്ക് കഴിയും. ശതാബ്ദി വർഷം നമുക്ക് പുനർസമർപ്പണത്തിന്റെ അവസര മാണ്. അതോടൊപ്പം തലസ്ഥാന നഗരിയിൽ പിതാ വിന് ഉചിതമായ സ്മാരകം ഉണ്ടാകണമെന്ന് നമ്മുടെ ഏറെക്കാലമായുള്ള ആഗ്രഹമാണ്. കേരളത്തിന്റെ സാമൂഹിക വികസനത്തിന് പുതിയ കാഴ്ചപ്പാടു കളും മാതൃകകളും ദിശാബോധവും നല്കിയ വ്യക്തിത്വമാണ് തിരുമേനിയുടേത്. മനുഷ്യസമൂ ഹത്തെ ജാതിക്കും മതത്തിനും വർണ്ണത്തിനും വർഗ്ഗ ത്തിനും അതീതമായി സ്നേഹിക്കുവാൻ എന്നും മുന്നിലായിരുന്നു അഭിവന്ദ്യ പിതാവ്. ആ പുണ്യ പിതാവിന്റെ ഓർമ്മ എന്നും നമുക്ക് ആനന്ദദായക മാണ്. ദൈവസന്നിധിയിൽ നന്ദിപറയുന്നതിനുള്ള അവകരം കൂടിയാണ്.

## കവിത




ബിജി റോജി,
കരപ്പനശ്ശേരിൽ, തിരുമൂലപുരം.

അന്യമായത് സ്വന്തമാക്കുവാൻ
സ്വന്തമായത് അന്യമാക്കുവോർ!
അറിവിന്റെ നീരുറവ തേടാൻ
വറുതിയുടെ ആഴങ്ങളിൽ ചോദ്യമഴ
പൊഴിയ്ക്കുവോർ!
സ്വത്വത്തെത്തേടി സത്യം മറന്ന്
സത്വമായ് അലയുവോർ!
ആരെന്നും എന്തെന്നുമറിയാതെ
എന്തിനോവേണ്ടി പകയേറ്റുവോർ!
പൈ ദാഹമാറ്റാതെ വഴിയോരങ്ങളിൽ
പൊങ്കാലക്കഞ്ഞി കമിഴ്ത്തുവോർ!
ചൊല്ലും ചോറും കൊടുക്കാതെ
ചാവേറായ് മാറുവോർ!
ഫാഷനോ ഫ്യൂഷനോ സെൽഫിയോ
കാട്ടാനായ്
ജീവനാശം അടയുവോർ!
കേട്ടതും കണ്ടതും
കൊണ്ടതും കൊടുത്തതും........
മറവിയുടെ മാറാലയിൽ നിറയ്ക്കുവാൻ!
"ആ മനുഷ്യൻ നീ തന്നെയെന്ന്"
നമ്മിലേയ്ക്ക് വിരൽ നീളുമ്പോൾ
ഒളിയാതെ തെളിയണം നീ.........
തെളിയ്ക്കണം നീ.............
അണഞ്ഞുപോയൊരാ
ഹൃദയവിളക്കിനെ
അതിനായ് കാത്തിരിക്കുവോർ.........
നമ്മൾ!



# കുരിശ് സുറിയാനി കലാ പാരമ്പര്യത്തിൽ



ഫാ. ജോർജ്ജ് കുരിശുംമൂട്ടിൽ

ആദിമസഭ കുരിശിനെ അതിന്റെ സമഗ്രമായ അർത്ഥത്തിൽ കണ്ടിരുന്നു. സുറിയാനി പാരമ്പര്യവും ഇതിൽനിന്ന് വിഭിന്നമല്ല. സുറിയാനി പാരമ്പര്യത്തിന് അതിന്റെ ദൈവശാസ്ത്രവീക്ഷണത്തിലും ആരാധനാക്രമത്തിലും വിശുദ്ധ കലയിലും വിശ്വാസ ജീവിതത്തിലും 'സ്ലീബാ'യെപ്പറ്റി പരിപൂർണ്ണമായ ഒരു കാഴ്ചപ്പാടാണുണ്ടായിരുന്നത്. സുറിയാനി ലോകത്ത് പല കാലഘട്ടങ്ങളിൽ പല രൂപഭാവങ്ങളിൽ സ്ലീബാകൾ നിലനിന്നിരുന്നു. കുരിശിന്റെ ഏറ്റവും ലളിതമായ ആവിഷ്കാരം മുതൽ വളരെ സങ്കീർണ്ണമായ ക്രൂശുമരണ ചിത്രീകരണം വരെയുള്ള കലാസൃഷ്ടികൾക്കു പിന്നിലുള്ള ദർശനം ഒന്നുതന്നെയാണ്. ഈ ദർശനം എന്താണെന്ന് കൃത്യമായി അറിഞ്ഞാലേ സുറിയാനി പാരമ്പര്യത്തിൽ കുരിശിന്റെ കലാമേന്മയെ ഒരാൾക്ക് ആസ്വദിക്കുവാൻ കഴിയൂ.

കുരിശിനെ 'സ്ലീബാ' എന്നാണ് സുറിയാനിയിൽ വിളിക്കുക. സ്ലീബാ എന്ന പദത്തിന്റെ ധാതു SLB(സ്ലബ്) എന്നാണ്. ഇതിന്റെ അർത്ഥം 'ക്രൂശിതൻ' എന്നാണ്. കുരിശ് ക്രൂശിതനുമായി താദാത്മ്യപ്പെട്ടിരിക്കുന്നു. ക്രൂശിതനായ മിശിഹായുമായി കുരിശ് അത്രയ്ക്ക് അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. യേശുക്രിസ്തുവെന്ന വ്യക്തിയെ കുരിശ് പ്രതിനിധാനം ചെയ്യുന്നു. അതുകൊണ്ടാണ് നാം കുരിശിനെ 'മാർ സ്ലീബാ' എന്ന് വിളിക്കുക. 'എന്റെ കർത്താവ്' എന്നർത്ഥമുള്ള 'മാർ' വ്യക്തിയോട് ബഹുമാനം കാണിക്കാൻ ഉപയോഗിക്കുന്ന വിശേഷമാണ്. യേശുക്രിസ്തുവിനെയും അവനിൽ പൂർത്തിയാക്കപ്പെട്ട

പ്രയോഗമാണ് കുരിശ്.

യേശുവിന്റെ കുരിശുമരണം ഒരു ചരിത്രസന്ദർഭ മാണ്. ആ നിർണ്ണായക രക്ഷാകര സംഭവം വഴി അവി ടുന്ന് ഇഹലോകം വിട്ട് ഉയിർപ്പിന്റെ മഹത്വത്തിൽ പ്രവേശിച്ചു. തന്നോടൊപ്പം മനുഷ്യവംശത്തെ ആ നിത്യജീവനിൽ പങ്കുചേർത്തു. അങ്ങനെ കുരിശുമ രണത്തിലൂടെ അവൻ ചരിത്രാതീതനായി. കുരിശു മരണത്തിലൂടെ നിത്യജീവന്റെ സ്വർഗ്ഗം തുറക്കപ്പെ ട്ടു. കുരിശ് നിത്യതയുടെ കവാടമായി മാറി.

സുറിയാനി പാരമ്പര്യത്തിൽ ക്രൂശിതനെ കുരി ശിൽനിന്ന് വേർപെടുത്താനാവില്ല. യേശുവിന്റെ ഉയിർപ്പിന്റെ മഹത്വത്തിൽ അവന്റെ കുരിശും മഹ ത്വമണിഞ്ഞു. കുരിശ് 'കർത്താവിന്റെ അടയാളമാണ്' (St. Augustine). ക്രൂശിതൻ ഇന്ന് ഉത്ഥിതനായി പിതാ വിന്റെ വലതുഭാഗത്ത് മഹത്വത്തിലാണ്. ഈ മഹ ത്വാവസ്ഥയിൽ ആയിരിക്കുന്ന ക്രിസ്തുവിന്റെ അട യാളമാണ് സഭയ്ക്ക് കുരിശ്. മാത്രവുമല്ല, യുഗന്ത്യ ത്തിൽ പരസ്യമായി പ്രത്യക്ഷപ്പെടുവാനിരിക്കുന്ന ആ മഹത്വപൂർണ്ണനായ ക്രിസ്തുവിന്റെ പ്രതീകം കൂടി യാണ് സഭയ്ക്ക് ഈ കുരിശ്. അതിനാൽ അവന്റെ രണ്ടാം വരവിലെ മഹത്വപൂർണ്ണമായ 'അടയാളമാണ്' കുരിശ് (മത്താ. 24:30). അതിനാൽ ഇന്നലെയും ഇന്നും നാളെയും ഒരുവനായിരിക്കുന്ന ആദിയും അന്തവുമായ - യേശുക്രിസ്തുവിന്റെ മാറ്റമില്ലാത്ത അടയാളമാണ് 'കുരിശ്'.

ഇക്കാരണത്താൽ സുറിയാനി കലാപാരമ്പര്യ ത്തിൽ ആദിമുതലേ ക്രിസ്തുവിന്റെ മരണത്തിന്റെ ചരിത്രമുഹൂർത്തത്തെ മാത്രം ദൃശ്യവത്കരിക്കുന്ന പ്രതീകമായിട്ടല്ല കുരിശിനെ കണ്ടിരുന്നത്. പ്രത്യുതാ ക്രിസ്തുവിനെയും അവന്റെ രണ്ടാം വരവും വരെ യുള്ള എല്ലാ രക്ഷാകരപ്രവർത്തികളുടെയും സമഗ്ര മായ പ്രതീകമാണ് കുരിശ്. 'കുരിശിന്റെ മതക്കാർ' എന്നാണ് തെർത്തുല്യാൻ ക്രിസ്ത്യാനികളെ വിളി ച്ചത്.

ഇന്ന് സഭയുടെ ആരാധന കുരിശിൽ മരിച്ച് , മഹ ത്വത്തിൽ പിതാവിന്റെ വലതുവശത്തിരിക്കുന്ന ക്രിസ്തുവിനോടാണ്. അവൻ യുഗാന്ത്യത്തിൽ മഹ ത്വത്തോടെ പ്രത്യക്ഷപ്പെടുമെന്ന പ്രത്യാശയോടെ യാണ് പ്രാർത്ഥിക്കുന്നത്. വിധിക്കുവാനായി വരുന്ന അവന്റെ രണ്ടാം വരവിന്റെ മഹത്വപൂർണ്ണമായ അട യാളമാണ് കുരിശ്. അതിനാൽ മഹത്വപൂർണ്ണമായ കുരിശാണ് ആരാധനയ്ക്കായി സഭാ പാരമ്പര്യ ത്തിൽ ഉപയോഗിച്ചിരുന്നത്. മലങ്കര പാരമ്പര്യത്തിൽ കുരിശിനെ ഊറാറ അണിയിച്ചിരിക്കുന്നത് അതിനാ ലാണ്. ആദ്യനൂറ്റാണ്ടുകളിൽ ക്രൈസ്തവ കലാലോ കത്തുപോലും കുരിശ് ഉപയോഗിച്ചിരുന്നില്ല. കാരണം അത്രയ്ക്ക് ഭയം ജനിപ്പിക്കുന്ന മ്ലേച്ഛമായ വധശിക്ഷ യായിരുന്നു കുരിശുമരണം. റോമൻ സാമ്രാജ്യത്തിൽ, അടിമകൾക്കും റോമൻ പൗരന്മാരല്ലാത്തവർക്കും മാത്രമാണ് കുരിശുമരണം വധശിക്ഷയായി നൽകി യിരുന്നത്. റോമൻ പൗരനായ പൗലോസ്ലീഹാ പറ ഞ്ഞത്, "യഹൂദർക്ക് ഇടർച്ചയും വിജാതീയർക്ക് ഭോഷത്തവുമായ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു" (1കൊറി. 1:23) എന്നാണ്. യഹൂ ദരെ സംബന്ധിച്ച് കുരിശിൽ മരിക്കുന്നവൻ ശപിക്ക പ്പെട്ടവനാണ് (ഗലാ. 3:13). അതിനാൽ കുരിശുമരണം സർവ്വസാധാരണമായിരുന്ന അക്കാലത്ത് ക്രിസ്തു വിനെയും അവന്റെ രക്ഷാകരകർമ്മങ്ങളെയും സൂചി പ്പിക്കാൻ കുരിശ് ഉപയോഗിച്ചിരുന്നില്ല. അന്ന് റോമിലും മറ്റും ഉണ്ടായിരുന്ന ക്രൈസ്തവ ശ്മശാ നങ്ങളായ ഭൂഗർഭ അറകളിലെ (catecombs) ചിത്ര ങ്ങൾ ക്രിസ്തുവിലൂടെ കൈവന്ന രക്ഷയെ സൂചി പ്പിക്കുന്നവയായിരന്നു. അവ അന്നത്തെ പീഡിതസ ഭയ്ക്കും ആ ശ്മശാനങ്ങളിൽ കബറടങ്ങിയവർക്കും ക്രിസ്തുവിന്റെ നിത്യരക്ഷയുടെ പ്രത്യാശ നൽകു ന്ന സൂചനാ ചിത്രങ്ങൾ ഉണ്ടായിരുന്നു. അവ പ്രധാ നമായും ക്രിസ്തുവിന്റെ രക്ഷയെ സൂചിപ്പിക്കുന്ന പഴയനിയമ വ്യക്തികളെയും സംഭവങ്ങളെയുമാണ് വരച്ചു കാണിച്ചിരുന്നത്. ഉദാഹരണമായി, ജലപ്രള യത്തിൽനിന്ന് രക്ഷപെടുന്ന നോഹ, കഷ്ടത യിൽനിന്ന് രക്ഷപെടുന്ന ഈയോബ്, ഫറവോ നിൽനിന്ന് രക്ഷപെടുന്ന മോശ, ചെങ്കടലിലൂടെ രക്ഷ പെടുന്ന ഇസ്രായേൽ, മരുഭൂമിയിൽ പാറയിൽനിന്ന് ജലമൊഴുക്കുന്ന മൂശ, സിംഹക്കുഴിയിൽ നിന്ന് രക്ഷ പെടുന്ന ദാനിയേൽ, തീച്ചൂളയിൽനിന്ന് രക്ഷപെടുന്ന മൂന്ന് ബാലർ, കള്ളസാക്ഷികളിൽനിന്ന് രക്ഷപെടുന്ന സൂസന്നാ, തിമിംഗലത്തിൽനിന്ന് രക്ഷപെടുന്ന യോന, അബ്രഹാമിന്റെ ബലി തുടങ്ങിയവയെയും, പുതിയനിമയത്തിലെ യേശുവിന്റെ അത്ഭുതപ്രവൃ ത്തികളും മറ്റും ഭൂഗർഭ അറകളുടെ ഭിത്തികളിൽ ആലേഖനം ചെയ്തിട്ടുണ്ട്.

അതുപോലെ ക്രിസ്തുവിനെ സൂചിപ്പിക്കുവാൻ അടയാളങ്ങൾ അന്ന് ഉപയോഗിച്ചിരുന്നു. അതിന് ഉദാ ഹരണങ്ങളാണ്, മത്സ്യം, നല്ല ഇടയൻ, മുന്തിരിവ ള്ളി, കുഞ്ഞാട്, നങ്കൂരം, പ്രാവ് തുടങ്ങിയവ.

ക്രിസ്തുവിനെ സൂചിപ്പിക്കുവാൻ കലയിൽ ഉപ യോഗിച്ചിരുന്ന മറ്റൊരു രീതിയാണ് ക്രിസ്തുവിന്റെ ഗ്രീക്ക് നാമവുമായി ബന്ധപ്പെടുത്തിയ അടയാള ങ്ങൾ. ഇതിന് മോണോഗ്രാം (monogram) എന്നാണ് വിളിക്കുക. യേശുമിശിഹായുടെ ഗ്രീക്ക് നാമമായ 'യേസൂസ് ക്രിസ്തോസ്' ന്റെ ആദ്യ അക്ഷരങ്ങൾ ചേർന്നാണ് ഈ മോണോഗ്രാം ഉണ്ടായത്. ഗ്രീക്ക് അക്ഷരങ്ങളായ യോട് (1) + ഹി (x) = ⚹ മറ്റൊരു മോണോഗ്രാം 'ക്രിസ്തോസ്' എന്ന വാക്കിന്റെ ആദ്യത്തെ രണ്ട് അക്ഷരങ്ങൾ ചേർന്ന് ഉണ്ടായതാ ണ്. ഹി (x) + റോ (P) = ☧ മറ്റൊരു മോണോഗ്രാ മാണ് 'ആൽഫായും ഒമേഗായും' (AΩ) വെളി 1:8, 21:6) ചിത്രം -1).

കുസ്തന്തീനോസ് രാജാവിന്റെ കാലഘട്ടത്തിനു ശേഷം കിഴക്കും പടിഞ്ഞാറുമുള്ള സഭകളിൽ വിവി ധങ്ങളായ സ്ലീബാകൾ രൂപകല്പന ചെയപ്പെട്ട് ഉപ യോഗത്തിൽ വന്നു. ഇവയെ സഭയിലെ മുഖ്യധാര പാരമ്പര്യങ്ങളുടെ അടിസ്ഥാനത്തിൽ മൂന്നായി തരംതിരിക്കാം. അവ ലത്തീൻ, ഗ്രീക്ക്, സുറിയാനി സ്ലീബാകളാണ്. ഓരോ പാരമ്പര്യത്തിലെയും സ്ലീബായുടെ രൂപത്തിലാണ് പ്രസ്തുത പാരമ്പര്യ ത്തിലെ ദേവാലയങ്ങളുടെ പ്ലാൻ രൂപകല്പന ചെയ്യ പ്പെട്ടിരിക്കുന്നത്.


(ചിത്രം 1)


(ചിത്രം 2)


(ചിത്രം 3)

**1. ലത്തീൻ കുരിശ്:** ഈ കുരിശിന്റെ നെടിയ ദണ്ഡിന്റെ കീഴ്ഭാഗത്തിന് നീളക്കൂടുതൽ ഉണ്ട്. പാശ്ചാത്യസഭയിൽ ഈ കുരിശ് ധാരാളം ഉപയോഗിക്കുന്നു. ലത്തീൻ ദേവാലയങ്ങളുടെ പ്ലാനും ഇപ്രകാരം ദീർഘചതുരാകൃതിയിലാണ്.

**2. ഗ്രീക്ക് കുരിശ്:** ഈ കുരിശിന്റെ നാല് വശങ്ങളിലേക്കുമുള്ള ഭുജങ്ങൾ ഒരേ അളവിൽ ഉള്ളവയാണ്. ഈ കുരിശ് പൊതുവിൽ ഗ്രീക്ക് സഭകളിൽ ഉപയോഗിക്കുന്നു. ബയസന്റയിൻ (ഗ്രീക്ക്) ദേവാലയങ്ങളുടെ പ്ലാനും ഇതുപോലെ സമചതുരാകൃതിയിലാണ്.

**3. സുറിയാനി കുരിശ്:** ലത്തീൻകുരിശ് പോലെ നെടിയ ദണ്ഡിന്റെ കീഴ്ഭാഗത്തിന് അത്രകണ്ട് നീളക്കൂടുതലില്ല. എന്നാൽ ഗ്രീക്ക് കുരിശുപോലെ താഴത്തെ ഭുത്തിന് മറ്റ് മൂന്ന് ഭുജങ്ങളെപ്പോലെ ഒരേ അളവുമല്ല.

## സ്ലീബാകൾ സുറിയാനി പാരമ്പര്യത്തിൽ

സുറിയാനി കുരിശുകൾ രൂപം കൊണ്ടത് യഹൂദ ക്രൈസ്തവ പാരമ്പര്യത്തിൽനിന്നാണ്. പുരാവസ്തു പഠനങ്ങളുടെ വെളിച്ചത്തിൽ, യഹൂദ ക്രൈസ്തവർ യേശുവിന്റെ കുരിശിനെ സൂചിപ്പിക്കാനായി ആദ്യകാലങ്ങളിൽ താവ് (T) അക്ഷരം, മോശയുടെ പിത്തളസർപ്പം, മഴു തുടങ്ങിയ പഴയ നിയമ ബിംബങ്ങൾ ഉപയോഗിച്ചിരുന്നു. പിന്നീട് കുരിശ് നേരെ കലയിൽ അവർ ഉപയോഗിക്കാൻ തുടങ്ങി. കുരിശ് അവർക്ക് യേശുവിനെ വധിച്ച മരക്കഷണമല്ല, മറിച്ച് മഹത്വത്തിലായിരിക്കുന്ന ക്രിസ്തുവിന്റെ ശക്തിയുടെ പ്രതീകമാണ്. ഉയിർപ്പ്സമയത്ത് ക്രിസ്തുവിനോടൊപ്പം കുരിശും കല്ലറയിൽനിന്ന് സ്വർഗ്ഗത്തിലേക്ക് പോയി; അവന്റെ രണ്ടാം വരവിൽ അവനോടൊപ്പം കുരിശും തിരിച്ച് വരും. കുരിശിലൂടെ ക്രിസ്തു ലോകത്തെ മുഴുവൻ രക്ഷിച്ചു. അതിൽ പ്രപഞ്ചത്തിലെ സർവ്വതിനെയും ഉൾക്കൊള്ളുന്ന ഒന്നായി അവർ കുരിശിനെ കണ്ടു. വിശ്വം മുഴുവൻ നിറയുന്ന രക്ഷയുടെ സാന്നിദ്ധ്യമായി കുരിശ് മാറി. പ്രപഞ്ചത്തിലെ സർവ്വതിനെയും രക്ഷിക്കുവാനുള്ള ക്രിസ്തുവിന്റെ ശക്തിയുടെ പ്രതീകമായി കുരിശ്. ഈ ആശയത്തിന്റെ കലാപരമായ ആവിഷ്കാരമാണ് ഒരു വട്ടത്തിനുള്ളിൽ കുരിശിനെ ചിത്രീകരിക്കുന്നത്. 'വട്ടം' എന്ന ജാമിതീയ രൂപം പൂർണ്ണതയെ സൂചിപ്പിക്കുന്നു. പൂർണ്ണതയായ പ്രപഞ്ചത്തിൽ നിറഞ്ഞു നിൽക്കുന്ന സ്ലീബായുടെ സാന്നിദ്ധ്യം (ചിത്രം 3). ഇതിനെ 'Cosmic Cross' (പ്രാപഞ്ചിക സ്ലീബാ) എന്ന് വിളിക്കുന്നു. അന്ത്യോക്യായുടെ കിഴക്കായി വടക്കൻ സിറിയായിൽ ശെമയോൻ ദസ്തുനിയുടെ പ്രദേശമായ മൃതനഗരങ്ങളിൽ (Dead cities) 6-ാം നൂറ്റാണ്ടിലെ ദേവാലയങ്ങളുടെ അവശിഷ്ടങ്ങളിൽ ഈ 'പ്രാപഞ്ചിക സ്ലീബാ' കൾ ധാരാളം കാണാം (ചിത്രം 4). 'റബ്ബുള്ള സുവിശേഷം' പോലുള്ള 6-ാം നൂറ്റാണ്ടിലെ സുറിയാനി കൈയ്യെഴുത്ത് പുസ്തകങ്ങളിലും ഇവ കാണാം (ചിത്രം 5).

സുറിയാനി സ്ലീബായുടെ മറ്റൊരു പ്രത്യേകത അതിന്റെ നാല് തണ്ടുകളും വെളിയിലേക്ക് നീണ്ടുപോകുമ്പോൾ വീതി കൂടിവരും. ഇവിടെയും നാം കാണുക കുരിശിന്റെ പ്രപഞ്ചിക മാനമാണ്. കുരിശിന്റെ നടുവിലുള്ള ക്രിസ്തുവിന്റെ രക്ഷാകരശക്തി ഭൂലോകത്തിന്റെ അതിർത്തിവരെ അനന്തമായി പ്രസരിച്ചുകൊണ്ടിരിക്കും. ചിലപ്പോൾ തണ്ടുകളുടെ അഗ്രങ്ങളിൽ ചില മുകുളങ്ങൾ കാണാം. മുകുളങ്ങളും ഫലങ്ങളും കുരിശിന്റെ സജീവതയെയും ഫലദായകതയെയും പ്രദാനം ചെയ്യുവാൻ കഴിയുന്നതാണ് രക്ഷകന്റെ സ്ലീബാ (ചിത്രം 6).


നിത്യജീവന്റെ ഉറവിടമായ ക്രിസ്തുവിന്റെ കുരിശിനെ പറുദീസായിലെ ജീവവൃക്ഷമായിട്ടാണ് സുറിയാനി പാരമ്പര്യം കാണുക. ആദാമിന് പറുദീസായിലെ ജീവവൃക്ഷം ശിക്ഷയും മരണവും

നൽകി. എന്നാൽ പുതിയ ആദമായ ക്രിസ്തു തന്റെ പുതിയ ജീവവൃക്ഷമായ സ്ലീബാവഴി രക്ഷയും നിത്യജീവനും കൊണ്ടുവന്നു. ഇക്കാരണത്താൽ ശിഖരങ്ങളും തളിർപ്പുകളും ഫലങ്ങളും പലപ്പോഴും കുരിശിൽ ചിത്രീകരിച്ച് കാണാറുണ്ട്. താമരപ്പൂവിതളിനുള്ളിൽ നിൽക്കുന്ന കേരളത്തിലെ മാർത്തോമ്മാ സ്ലീബാ പറുദീസായിലെ ജീവവൃക്ഷം തന്നെയാണ് (ചിത്രം 7).

അതുപോലെ സ്ലീബായിൽനിന്ന് നിത്യജീവന്റെ ജലം ഒഴുകുന്ന ചിത്രീകരണം കടുത്തുരുത്തിയിലെയും കോട്ടയം വലിയ പള്ളിയിലെയും കല്ലൂപ്പാറ പള്ളിയിലെയും കുരിശുകളിൽ കാണാം (ചിത്രം 8).

5-ാം നൂറ്റാണ്ടിൽ കൽക്കദോനിയ സുന്നഹദോസിനു ശേഷം അന്ത്യോക്യൻ സുറിയാനി സഭ രണ്ടായി. ക്രിസ്തുവിന്റെ ദൈവത്വത്തിന് പ്രാധാന്യം നൽകിയ ഏകസ്വഭാവവാദികൾ വചനമായ ദൈവത്തെ ഐക്കണുകളിൽ ചിത്രീകരിക്കുന്നതിൽ വിമുഖരായിരുന്നു. എന്നാൽ കൽക്കദോനിയരായ സുറിയാനിക്കാർ ക്രിസ്തുവിന്റെ മനുഷ്യത്വത്തെ ഐക്കണിലൂടെ ചിത്രീകരിക്കാൻ തൽപരരുമായിരുന്നു. ഇക്കാരണത്താൽ കുരിശുമരണ ചിത്രങ്ങളിൽ അവർ ക്രിസ്തുവിന്റെ രൂപം വരയ്ക്കുവാൻ ഇടയായി. ക്രിസ്തുവിന്റെ രൂപം കുരിശിൽ വരച്ച ആദ്യ കൈയ്യെഴുത്ത് പുസ്തകമാണ് മാറോനീത്താക്കാരുടെ കൈയ്യിലുണ്ടായിരുന്ന ഈ റബ്ബുള്ള സുവിശേഷം. എ. ഡി. 586-ലെ ഈ പുസ്തകത്തിലെ കുരിശുമരണ ചിത്രത്തിലെ ക്രൂശിതൻ പുസ്തകത്തിലെ കുരിശുമരണ ചിത്രത്തിലെ ക്രൂശിതൻ മരിച്ചവനല്ല. സജീവനായ അവൻ കുരിശിൽ രാജാവായി നീണ്ടു നിവർന്നു നിൽക്കുകയാണ് (ചിത്രം 9). അവൻ എല്ലാ ദുഃഖങ്ങൾക്കും വേദനകൾക്കും അതീതനാണ്. റോമൻ രാജകീയവസ്ത്രമായ 'colobium' എന്ന നീണ്ട വസ്ത്രം ധരിച്ച്, മരണത്തിന്റെയും പാപത്തിന്റെയും മേൽ വിജയം വരിച്ച രാജാവാണ്. അവന്റെ കുരിശിനു മുകളിൽ സുറിയാനിയിൽ 'യൂദന്മാരുടെ രാജാവായ നസ്രായനായ യേശു' എന്ന് എഴുതിയിട്ടുണ്ട്. "മിശിഹാ രാജാവായ ക്രൂശിതൻ തന്റെ സിംഹാസനമായ കുരിശിൽ വാഴുന്നു" എന്ന് പീയൂസ് XII മാർപ്പാപ്പ പറയുന്നു. വി. ക്രിസോസ്റ്റം പറയുന്നു, "ഞാൻ അവനെ ക്രൂശിതനായി കണ്ട്, രാജാവെന്ന് വിളിച്ചു." മലങ്കര സഭയുടെ ഹാശാ ആഴ്ചയിൽ നാം പ്രാർത്ഥിക്കുന്നത്, "മിശിഹാ രാജാവ് പീഡയും കുരിശുമരണത്തിനുമായി എഴുന്നെള്ളി വന്നു" എന്നാണ്. സൂര്യചന്ദ്രാദികൾ മുകളിൽ പ്രാപഞ്ചികമാനമുള്ള ഈ രക്ഷാകര സംഭവത്തിന് സാക്ഷ്യം വഹിക്കുന്നു. ലോഞ്ചീനൂസ് അവവന്റെ വലതുവശം കുത്തിത്തുളയ്ക്കുന്നു. മാതാവും യോഹന്നാനും ഒരുവശത്ത് വിലപിച്ചു നിൽക്കുന്നു. മറുവശത്ത് മറ്റ് സ്ത്രീകളും വിലപിക്കുന്നു. പടയാളികൾ താഴെ അവന്റെ വസ്ത്രത്തിനായി ചിട്ടിയിടുന്നു. അരയിൽ അല്പവസ്ത്രധാരികളായ രണ്ടു കള്ളന്മാരും അവരുടെ കുരിശിനോട് ചേർത്ത് വരിഞ്ഞു മുറുക്കി കെട്ടപ്പെട്ടിരിക്കുന്നു. വലതുവശത്തെ കള്ളൻ അനുതാപത്താൽ തലകുമ്പിട്ടിരിക്കുന്നു. ഇടതുഭാഗത്തെ കള്ളൻ യേശുവിന്റെ മുഖത്തുനോക്കി ശാപവാക്കുകൾ ഉതിർക്കുന്നു.

12-ാം നൂറ്റാണ്ടിലെ മൂസൽ പ്രദേശത്തുനിന്നുള്ള, ബ്രിട്ടീഷ് ലൈബ്രറി Syr. 7170 എന്ന കൈയ്യെഴുത്ത് പുസ്തകത്തിൽ കൊടുത്തിരിക്കുന്ന ക്രൂശുമരണ ചിത്രത്തിൽ ഗ്രീക്ക് സ്വാധീനം അതിന്റെ വിഷയത്തിൽ തെളിഞ്ഞുകാണാം (ചിത്രം 10). അരയിൽ അല്പവസ്ത്രധാരിയായ ക്രിസ്തു കുരി


(ചിത്രം 4)


(ചിത്രം 5)


(ചിത്രം 6)


(ചിത്രം 7)



കല്ലൂപ്പാറ പള്ളി കുരിശ്



(ചിത്രം 8)


കടുത്തുരുത്തി പള്ളി കുരിശ്



(ചിത്രം 9)



(ചിത്രം 10)



(ചിത്രം 11)

ശിൽ തൂങ്ങിക്കിടക്കുകയാണ്. വിലപിക്കുന്ന മാലാഖമാർ മുകളിലും താഴെ ഇരുവശങ്ങളിലുമായി മാതാവും യോഹന്നാനും മറ്റ് സ്ത്രീകളുമുണ്ട്. മറിയത്തിന്റെ സ്ഥാനം എപ്പോഴും ക്രിസ്തുവിന്റെ വലതുവശത്താണല്ലോ. ഒരു മാലാഖയാൽ കുരിശിലേക്ക് ആനയിക്കപ്പെടുന്ന തിരുസഭയുടെ പ്രതീകമായ ആൾരൂപം കൈയ്യിലെ കാസായിൽ കർത്താവിന്റെ മാറിൽനിന്ന് ഒഴുകുന്ന രക്തം ശേഖരിക്കുകയാണ്. എന്നാൽ മറുവശത്ത് യഹൂദമതത്തിന്റെ ആൾരൂപത്തെ മറ്റൊരു മാലാഖ മിശിഹായുടെ കുരിശിൽനിന്ന് ആട്ടിപ്പായിക്കുകയാണ്. കുരിശിനുതാഴെ ആദാമിന്റെ വായിലേക്ക് രക്ഷകന്റെ തിരുരക്തം ഇറ്റിറ്റു വീഴുന്നു. പടയാളികൾ അങ്കിക്കായി ചിട്ടിയിടുന്നു. മറ്റൊരു പടയാളി കൈപ്പുനീർ നീർപ്പഞ്ഞിയിൽ നിറച്ച് ഹീസോപ്പു തണ്ടിൽവച്ച് യേശുവിന് നൽകുന്നു.

മദ്ധ്യയുഗത്തിൽ, അറബികളുടെ അലങ്കാര കലാരൂപമായ 'അറബ്സ്ക്' ശൈലിയുടെ സ്വാധീനം പല കൈയ്യെഴുത്ത് പുസ്തകങ്ങളിലെ ചിത്രങ്ങളിൽ കാണാം (ചിത്രം 11). കെട്ടുപിണഞ്ഞു കിടക്കുന്ന നാടകൾ സങ്കീർണ്ണമായി ശൈലീവൽക്കരിച്ചാണ് ഈ കുരിശുകൾ ചീത്രീകരിച്ചിരിക്കുന്നത്. അനന്തമായ സൃഷ്ടപ്രപഞ്ചത്തിൽ നിഗൂഢമായ ദൈവീകരക്ഷാപദ്ധതി കുരിശിൽ ചുരുളഴിയുന്നതിന്റെ താളലയം ഈ ചിത്രം നോക്കി നിൽക്കുന്നവർക്ക് അനുഭവപ്പെടും.

**കേരള സുറിയാനി സഭയിലെ കുരിശുകൾ**

1516-ൽ ഫാ. അൽവാരോ പെന്തിയാഗോ എസ്.ജെ. പോർട്ടുഗീസ് രാജാവിന് കേരളത്തിൽനിന്ന് എഴുതിയ കത്തിൽ പറയുന്നു, "കേരളത്തിലെ ക്രിസ്ത്യാനികൾ രൂപങ്ങൾ ഉപയോഗിക്കുന്നതിൽനിന്ന് അവരെ തോമാശ്ലീഹാ വിലക്കിയിരുന്നു. അതിനാൽ അവർ പള്ളിയിലും അൾത്താരയിലും കുരിശുകളാണ് ഉപയോഗിക്കുന്നത്. പോർട്ടുഗീസുകാർ ഇവിടുത്തെ സുറിയാനിക്കാരെ വിളിച്ചത് 'സ്ലീബാ ഭക്തന്മാർ' എന്നാണ്. കേരള സഭയിൽ പരമ്പരാഗതമായി ഉപയോഗിച്ചിരുന്ന മൂന്നുതരം കുരിശുകളുണ്ട്. (1) മാർതോമാസ്ലീബാ (2) കരിങ്കൽ കുരിശ് (3) വൃത്തത്തിനുള്ളിലെ കുരിശ്.

**(1) മാർതോമാ സ്ലീബാ**: മൈലാപ്പൂരിലെ തോമാ ശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ സ്ഥലമായ പെരിയമലയിൽ 1547-ൽ ലഭിച്ച കരിങ്കൽ സ്ലാബിൽ കൊത്തിവച്ചിരിക്കുന്ന കുരിശാണിത് (ചിത്രം 7). അതിനാൽ തോമാ ശ്ലീഹായുടെ പേരിലാണ് ഈ കുരിശ് അറിയപ്പെടുന്നത്. സുറിയാനിക്കാരനായ അഫ്രാസാണ് ഈ സ്ലീബാ കൊത്തിയുണ്ടാക്കിയതെന്ന് അതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 1557-മുതൽ 1800 വരെ അനേകപ്രാവശ്യം ഈ കുരിശ് അത്ഭുതകരമായി രക്തം വിയർത്തു. ഈ സ്ലീബായുടെ ഓർമ്മ ഡിസംബർ 18-ന് ആചരിക്കണമെന്ന് 1959-ൽ റോമിൽനിന്ന് നിർദ്ദേശമുണ്ടായി. മാർ തോമാസ്ലീബാകൾ ഇന്ന് കേരളത്തിലെ പല പുരാതന ദേവാലയങ്ങളിലും ഇന്നുണ്ട്. ഉദാഹരണം: കോട്ടയം വലിയപള്ളി, മുട്ടുചിറ, കടമറ്റം, കോതനല്ലൂർ, ആലങ്ങാട് തുടങ്ങിയ പള്ളികൾ. ഈ സ്ലീബാ ദേവാലയത്തിനുള്ളിൽ മദ്ബഹായിൽ ആരാധനയ്ക്ക് ഉപയോഗിച്ചിരുന്നവയാണ്. പല കുരിശുകളുടെ ചുറ്റിലും പഹ്ലവി ഭാഷയിൽ എഴുത്തുണ്ട്. പഹ്ലവി ഭാഷ 7-ാം നൂറ്റാണ്ടുവരെ നിലനിന്ന സാസ്സാനിയൻ പേർഷ്യൻ സാമ്രാജ്യത്തിന്റെ ഭാഷയാണ്. അതിനാൽ ഈ കുരിശുകളെ 'പേർഷ്യൻ കുരിശ്' എന്നും വിളിക്കാറുണ്ട്. തീർച്ചയായും ഈ കുരിശുകളിൽ പലതും നിർമ്മിക്കപ്പെട്ടത് ഈ പേർഷ്യൻ കാലഘട്ടത്തിലാണ്. ഈ കുരിശ് സുറിയാനി സ്ലീബായുടെ ഗണത്തിൽ പെടുന്നു. കാരണം അതിന്റെ

താഴത്തെ ഭുജം അല്പം മാത്രം നീളം കൂടിയതാണ്. അതു പോലെ അതിന്റെ നാല് ഭുജങ്ങളും വശങ്ങളിലേക്ക് പോകുമ്പോൾ വീതി കൂടിവരുകയും അഗ്രങ്ങൾ  വൃക്ഷശിഖരം പോലെയായി ചുരുണ്ട് വള്ളിയായിത്തീർന്ന് അതിൽ മുകുളവും കായും കാണാം.

കുരിശിന് ഇരുവശങ്ങളിലും തൂണുകളും അതിന് മുകളിൽ വ്യാളീമുഖവുമുണ്ട്. ഭാരതീയ സങ്കല്പത്തിൽ വ്യാളികൾ വിശുദ്ധ സ്ഥലങ്ങളെയും ഈശ്വരസാന്നിദ്ധ്യത്തെയും സൂചിപ്പിക്കുന്നു. വ്യാളികളുടെ വായിൽനിന്നാണ് അർദ്ധവൃത്താകൃതിയിലുള്ള ആർച്ചുകൾ സ്ലീബായ്ക്ക് മുകളിലേയ്ക്ക് വരുന്നത്. ആർച്ച് ആകാശത്തെയും ചക്രവാളത്തെയും ഓർമ്മപ്പെടുത്തുന്നു. കലയിൽ ആർച്ച് അനന്തതയെയും സ്വർഗ്ഗത്തെയും സൂചിപ്പിക്കുന്നു. ആർച്ചിനുള്ളിലെ കുരിശ് സ്വർഗ്ഗീയമാണെന്നും, അത് വണക്കത്തിന് യോഗ്യമായതാണെന്നും നമ്മെ ഓർമ്മപ്പെടുത്തുന്നു. കുരിശിന്റെ നടകൾ ഗാഗുൽത്താമലയുടെ സൂചനയാണ്. ഗാഗുൽത്താ പുതിയ ആദാമായ മിശിഹായുടെ പറുദീസായും.

താമര ഇതളിലാണ് സ്ലീബാ നിൽക്കുന്നത്. ഇന്ത്യയിൽ ദേവന്മാരെ താമരയിലാണ് ചിത്രീകരിക്കുന്നത്. ക്രിസ്തുവിന്റെ സ്ഥാനത്താണ് സ്ലീബാ. താമര പറുദീസാ തോട്ടത്തെ സൂചിപ്പിക്കുന്നു. ആ തോട്ടത്തിലെ ജീവവൃക്ഷമാണ് സ്ലീബാ. സ്ലീബായുടെ തണ്ടുകളിൽ ഫലമുകുളങ്ങളും ഇതളുകളും വള്ളികളുമുണ്ട്. നിത്യജീവന്റെ ഫലം പുറപ്പെടുവിക്കുന്ന ജീവവൃക്ഷമാണ് സ്ലീബാ. സ്ലീബായ്ക്ക് മുകളിൽ പ്രാവിന്റെ രൂപത്തിൽ പരിശുദ്ധ റൂഹായുണ്ട്. റൂഹായിലൂടെയാണ് നിത്യജീവന്റെ ഫലം പുറപ്പെടുവിക്കാൻ കഴിയുക. റൂഹാ യേശുവിലും ശിഷ്യരിലും സഭയിലും ആവസിച്ചപ്പോഴാണ് നിത്യജീവന്റെ ഫലം പുറപ്പെട്ടത്.

ലത്തിനീകരണം ശക്തിപ്പെട്ടപ്പോൾ മാർത്തോമ്മാ സ്ലീബാ കേരളത്തിലെ ദേവാലയങ്ങളുടെ മദ്ബഹായിൽനിന്ന് അപ്രത്യക്ഷയായി തുടങ്ങി.

**(2) കൽക്കുരിശ്:** (ചിത്രം 12) ഇന്ന് കേരളത്തിലെ പല പുരാതന ദേവാലയങ്ങളുടെയും നടുമുറ്റത്ത് സ്ഥാപിതമായ ഭീമാകാരമായ കൽക്കുരിശാണിത്. വിശ്വാസികൾ ഈ കുരിശിൽ തിരി കത്തിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. ലത്തീൻ കുരിശിന്റെ ഗണത്തിൽപ്പെട്ട ഈ കുരിശിന്റെ താഴത്തെ ഭുജം വളരെ നീളക്കൂടുതലാണ്. ദേവാലയം ഇരിക്കുന്ന സ്ഥലം ആരാധനയുടെ വിശുദ്ധ സ്ഥലമാണെന്ന് ഈ കുരിശുകൾ ഓർമ്മപ്പെടുത്തുന്നു. ഈ കുരിശ്, വിശുദ്ധ സ്ഥലത്തെ മറ്റിടങ്ങളിൽനിന്ന് മാറ്റിവേർപെടുത്തി നിർത്തുന്നു. അതിനാൽ ഈ കുരിശ് സ്വർഗ്ഗത്തെയും ഭൂമിയെയും ബന്ധിപ്പിക്കുന്ന പാലമാണ്. ആകാരവലിപ്പമുള്ള ഈ കുരിശ് നാലു ദിക്കുകളെയും അടക്കി തന്നിൽ സംയോജിപ്പിക്കുന്ന ക്രിസ്തുവിന്റെ തന്നെ പ്രതീകമാണ്. പ്രപഞ്ചം മുഴുവൻ നിറഞ്ഞു നിൽക്കുന്ന വിശ്വരൂപിയായ സ്ലീബായുടെ രക്ഷാസാന്നിദ്ധ്യത്തിൽനിന്ന് ഒന്നിനും മറഞ്ഞിരിക്കാനാവില്ല. എല്ലാ ദിക്കുകളെയും തന്നിൽ സംയോജിപ്പിക്കുന്ന ക്രിസ്തുവിന്റെ അജയ്യമായ ശക്തിയാണ് ഈ കുരിശിൽ നാം ദർശിക്കുക. ക്രിസ്തുവിന്റെ ഈ ശക്തിയെന്നാൽ അവന്റെ മാറ്റമില്ലാത്ത സ്നേഹമാണ്. അതിന്റെ നീളവും വീതിയും ഉയരവും ആഴവും ഗ്രഹിക്കാൻ മനുഷ്യന് പ്രയാസമാണ് (എഫെ. 3:18). "കർത്താവേ അധർമ്മികൾ നിന്നെ സ്ലീബായിൽ തറച്ചു. നിന്റെ വിരിക്കപ്പെട്ട കൈകൾ ലോകത്തിന്റെ നാലു ഭാഗങ്ങളെയും പിടിച്ചടക്കി." (എക്ബോ സ്ലീബാ വന്ദനത്തിന്റെ ശുശ്രൂഷ, ദുഃഖവെള്ളി).

**3. വൃത്തത്തിനുള്ളിലെ കുരിശ്:** കേരളത്തിലെ പുരാതന ദേവാലയങ്ങളുടെ മദ്ബഹായുടെ മേൽക്കൂരകളിലും കരിങ്കൽ



(ചിത്രം 12)



(ചിത്രം 13)



(ചിത്രം 14)

കുരിശുകളിലും വാതിൽപ്പാളികളിലും മറ്റ് പല സ്ഥല ങ്ങളിലും ആലങ്കാരികമായി ഉപയോഗിച്ചിരുന്ന കുരി ശാണിത് (ചിത്രം 13). ഈ കുരിശ് ഗ്രീക്ക് കുരിശുക ളുടെ ഗണത്തിൽപെടും. കാരണം ഇതിന്റെ നാല് ഭുജ ങ്ങളും ഒരേ അളവിൽ ഉള്ളതാണ്. മാർത്തോമ്മാ സ്ലീബായിലെ കുരിശിൽ നിന്നാണ് ഈ കുരിശ് രൂപം കൊണ്ടത്. കാരണം മാർത്തോമ്മാ കുരിശിന്റെ ഇരു വശങ്ങളിലേക്കുള്ള ചുരുലുകൾ അഴിഞ്ഞ് നീണ്ട് അടുത്ത ഭുജത്തിന്റെ നിവർന്ന ചുരുളിൽ സ്പർശി ക്കുന്നു. അങ്ങനെ ഒരു വൃത്തം സൃഷ്ടിക്കപ്പെടുകയും അതിനുള്ളിൽ സ്ലീബാ നിറഞ്ഞു നിൽക്കുകയും ചെയ്യുന്നു. വൃത്തത്തിനുള്ളിലെ കുരിശ് യഹൂദ ക്രൈസ്തവരിൽനിന്ന് സുറിയാനി പാരമ്പര്യത്തിൽ വന്നതാണെന്ന് നാം കണ്ടതാണല്ലോ.

**4. മലങ്കര സ്ലീബാ:** മാർ ഈവാനിയോസ് തിരു മേനി ഈ കുരിശ് ഉപയോഗിക്കാൻ പ്രോത്സാഹിപ്പി ച്ചിട്ടുണ്ട്. ഇത് ലത്തീൻ കുരിശുകളുടെ ഗണത്തിൽ പെടുന്ന സ്ലീബായാണ്. കാരണം ഇതിന്റെ താഴത്തെ ഭുജം നീളം കൂടിയതാണ്. ഇതിന്റെ കുറുകെയുള്ള ദണ്ഡിന് സമാന്തരമായി മുകളിലത്തെ ഭുജത്തിന്റെ അഗ്രത്തിൽ നീളം കുറഞ്ഞ ഒരു ദണ്ഡും കൂടിയു ണ്ട്. ആ ദണ്ഡിൽ INRI (Jesus Nazarenus Rex Indaeorum - യൂദന്മാരുടെ രാജാവായ നസ്രായനായ യേശു) ലിഖിതം രേഖപ്പെടുത്തിയിരിക്കും. ഇന്ന് ചില പുരാതന ദേവാലയങ്ങളിലെ കൽക്കുരിശ് ഈ മല ങ്കര സ്ലീബായാണ്. അന്ത്യോക്യൻ മലങ്കര ആരാധ നക്രമം ഉപയോഗിക്കുന്ന ദേവാലയങ്ങളിൽ മിക്ക വാറും തന്നെ ഈ കുരിശാണ് മദ്ബഹായിൽ ഉപ യോഗിക്കുന്നത്. മൂന്ന് പടികളോടുകൂടിയ കുരിശാ ണിത് (ചിത്രം 14).

**ഉപസംഹാരം**

കുരിശ് ക്രൂശിതനുമായി താദാത്മ്യപ്പെട്ടിരിക്കുന്നു. അത് ശത്രുവിനെതിരെയുള്ള വിശ്വാസിയുടെ തോൽക്കാത്ത ആയുധമാണ്. സ്ലീബാ വിശ്വാസ ത്തിന്റെ മാത്രം വിഷയമല്ല, അത് ക്രൈസ്തവ സ്നേഹത്തിന്റെയും പ്രത്യാശയുടെയും ചിഹ്നം കൂടി യാണ്. കർത്താവിന്റെ രണ്ടാം വരവിൽ "ശോഭിക്കും കുരിശടയാളം നാനാദിശയിൽ". ആ കുരിശിനാലാണ് മനുഷ്യവർഗ്ഗം വിധിക്കപ്പെടുന്നതും. ഈ സത്യം ക്രൈസ്തവകലാലോകം തിരിച്ചറിഞ്ഞ് സഭ വിവി ധങ്ങളായ സ്ലീബാകൾ വിശ്വാസികൾക്കായി സൃഷ്ടി ച്ചിരുന്നു. കേരള സുറിയാനി സഭയുടെ സംഭാവനയും ഇക്കാര്യത്തിൽ ചെറുതല്ല.


## പുനരൈക്യ വാർഷിക ആഘോഷം





മലങ്കര കത്തോലിക്കാ സഭയുടെ 84-മത് പുനരൈക്യ വാർഷിക ആഘോഷങ്ങൾ 2014 സെപ്റ്റംബർ 18,19, 20 തീയതികളിൽ ബത്തേരി രൂപതയിൽ വച്ച് വളരെ വിപുല മായി നടത്തപ്പെടുകയുണ്ടായി. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാ വുമായ മോറാൻ മോർ ബസേലിയോസ് ക്ലിമീസ് കർദിനാൾ കാതോലിക്കാ ബാവാ തിരുമേ നിയും സഭയിലെ എല്ലാ പിതാക്കന്മാരും വൈദികരും സന്യസ്തരും അല്മായരും അനുഗ്രഹീത മായ ഈ ശുശ്രൂഷയിൽ പങ്കെടുത്തു. സഭയുടെ ഐക്യത്തിനും വളർച്ചക്കും ഈ കൂടി വരവു കൾ എന്നും സഹായകമായിരുന്നു. പുനരൈക്യാഘോഷത്തിന്റെ ഏറ്റം പ്രധാനപ്പെട്ട ദിനമായ 20-ാം തീയതി രാവിലെ നടന്ന വി. കുർബാനയിൽ എല്ലാ പിതാക്കന്മാരും വൈദികരും സന്യ സ്തരും വിശ്വാസികളും പങ്കെടുത്തു. പൊതുസമ്മേളനം, വർണ്ണശബളമായ റാലി എന്നിവയോ ടുകൂടി ആഘോഷങ്ങൾ അവസാനിച്ചു. വിവിധ രൂപതയിൽ നിന്ന വന്ന വിശ്വാസികൾക്ക് വേണ്ടി വിപുലമായ ക്രമീകരണങ്ങളാണ് നടത്തിയിരുന്നത്. അടുത്ത പുനരൈക്യ ആഘോഷം തിരു വല്ല അതിരൂപതയുടെ ആഭിമുഖ്യത്തിലാവും നടത്തപ്പെടുക.

## മാർ ഗ്രിഗോറിയോസ് - അനുസ്മരണം

ആർച്ച്ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ 20-ാം ഓർമ്മപ്പെരുന്നാളിനോട നുബന്ധിച്ച് ഒക്ടോബർ 11ന് കോട്ടൂർ, മാർ ഗ്രിഗോറിയോസ് ബഥനി ദിവ്യകാരുണ്യാലയത്തിൽ വൈകുന്നേരം 5ന് അനുസ്മരണ സമ്മേളനം ആരംഭിക്കും. ബിഷപ്പ് ഡോ. ഫിലിപ്പോസ് മാർ സ്തേഫാനോസ്, വിശുദ്ധ കുർബാന അർപ്പിച്ച് അനുസ്മരണ പ്രഭാഷണം നടത്തും. 6.30ന് മാത്യു ജോൺ(മാസ്റ്റേഴ്സ് വോയ്സ്, കോട്ടയം) നയിക്കുന്ന ക്രിസ്തീയസംഗീത സായാഹ്നം; ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിലാണ് അനു സ്മരണ സമ്മേളനം നടത്തപ്പെടുക.





MS 577

# സീരിയും എട്ടാമത് ലോകസുറിയാനി സമ്മേളനവും

ശുശ്രൂഷയുടെ മൂന്നാം ദശാബ്ദത്തിലേക്കു കടക്കുന്ന 'സീരി'യിൽ സെപ്റ്റംബർ 8 മുതൽ 16 വരെ എട്ടാമത് ലോക സുറിയാനി സമ്മേളനം വിജയകരമായി നടന്നു. 31 വിദേശ രാജ്യങ്ങളിൽ നിന്നായി 85 പ്രതിനിധികൾ, കേരളത്തിലെ ഏഴ് സുറിയാനി സഭകളിൽ നിന്ന് ഇരുനൂറിലധികം പ്രതിനിധികൾ, ഓക്സ്ഫോർഡ്, കേംബ്രിഡ്ജ്, പാരീസ്, സിഡ്നി, റോം, ബെർലിൻ, ഹാംബർഗ്, ലുവെയിൻ, ലണ്ടൻ, ഗോറ്റിംഗൻ, ഗ്രാസ് ഓസ്ട്രിയ, കസ്‌ലിക് ലബനോൻ, അഡിസ് അബാബ, ഹാലേ ജർമ്മനി, സ്വീഡൻ തുടങ്ങി മുപ്പത്തഞ്ചിലധികം വിദേശ സർവകലാശാലകളിൽ നിന്നുള്ള ഗവേഷകർ, പ്രൊഫസർമാർ, മധ്യപൗരസ്ത്യ ദേശത്തുനിന്നും പശ്ചിമേഷ്യയിൽ നിന്നും പാലായനം ചെയ്യേണ്ടിവന്ന പുരാതന സുറിയാനി കേന്ദ്രങ്ങളിൽ നിന്നുള്ളവരുടെ പ്രതിനിധികൾ, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള സുറിയാനി ഭാഷാപഠനകേന്ദ്രങ്ങളിൽ നിന്നുള്ള പണ്ഡിതർ, കേരളത്തിലെയും കേരളത്തിനു പുറത്ത് ഭാരതത്തിലുള്ള വിവിധ സർവകലാശാലകളിൽ നിന്നും ഗവേഷണ കേന്ദ്രങ്ങളിൽ നിന്നുമുള്ള ഗവേഷകർ, ഗവേഷണ വിദ്യാർഥികൾ, വൈദിക പരിശീലന കേന്ദ്രങ്ങളിൽ നിന്നുള്ള പ്രൊഫസർമാർ, നൂറ്റിയിരുപതിലധികം ഗവേഷണ പ്രബന്ധങ്ങൾ, ചർച്ചകൾ, വിലയിരുത്തലുകൾ, സുറിയാനി ഭാഷയിലുള്ള യാമപ്രാർത്ഥനകൾ, സുറിയാനി ഭാഷയിൽ വിവിധ ആരാ



**ഫാദർ ചെറിയാൻ താഴമൺ**
(സി.ഇ.ഒ. ദീപിക)




ധനാ പാരമ്പര്യങ്ങളിൽ അർപ്പിക്കപ്പെട്ട വിശുദ്ധ കുർബാന, കേരളത്തിലെ സുറിയാനി ഭാഷയിലുള്ള കൈയ്യെഴുത്തു രേഖകളും ശിലാരേഖകളും പുരാതന ഗ്രന്ഥങ്ങളും നേരിൽകണ്ട് മനസിലാക്കാനായി പഠനയാത്ര, മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവൻ കർദ്ദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ, യാക്കോബായ സുറിയാനി സഭയുടെ ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് തോമസ് പ്രഥമൻ ബാവാ, ഓർത്തഡോക്സ് സുറിയാനി സഭയുടെ കാതോലിക്ക പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവാ, മാർത്തോമ്മാ സഭയുടെ തലവൻ ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത, പൗരസ്ത്യ കൽദായ സുറിയാനി സഭയുടെ തലവൻ മാർ അപ്രേം മെത്രാപ്പോലീത്ത, സീറോ മലബാർ സഭയിലെ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത, മാർ ജോസഫ് കല്ലറങ്ങാട്ട്, തോമസ് മാർ അത്തനാസിയോസ് (ചെങ്ങന്നൂർ), ജോസഫ് മാർ ബർണബാസ് (അടൂർ), തോമസ് മാർ തീമോത്തിയോസ് (കോട്ടയം), ഔഗേൻ മാർ കുറിയാക്കോസ് (കൽദായ), യോഹന്നാൻ മാർ യൂസഫ് (കൽദായ), സീരിയുടെ പ്രസിഡന്റ് തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത (തിരുവല്ല) തുടങ്ങിയ സഭാധ്യക്ഷന്മാരുടെ സാന്നിധ്യം, മഹാത്മാഗാന്ധി സർവകലാശാല രജിസ്ട്രാർ പ്രഫ. എം.ആർ. ഉണ്ണി, മുൻ നയതന്ത്ര പ്രതിനിധി ശ്രീ. കെ.പി. ഫാബിയാൻ, ഐ.എഫ്.എസ് എന്നിവരുടെ സാന്നിധ്യവും നേതൃത്വവും, കേരളത്തിലെ ഏഴ് സുറിയാനി സഭകളിൽ നിന്നുമുള്ള അംഗങ്ങൾ ഉൾക്കൊള്ളുന്ന സംഘാടക സമിതിയുടെ മികവാർന്ന ക്രമീകരണങ്ങൾ, സുറിയാനി ഭാഷയേയും പൈതൃകത്തെയും സ്നേഹിക്കുന്ന അനേകരുടെ അകമഴിഞ്ഞ സഹകരണവും സഹായവും എല്ലാം ഒത്തുചേർന്നപ്പോൾ എട്ടാമത് ലോക സുറിയാനി സമ്മേളനം വൻ വിജയമായി.

സുറിയാനി സഭകളുടെ ജന്മനാട്ടിൽ ക്രൈസ്തവരും സുറിയാനി സംസ്കൃതിയും ഉന്മൂലനം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ നടന്ന സുറിയാനി ഭാഷാ പണ്ഡിതരുടെയും സുറിയാനി പൈതൃകത്തിന്റെ അവകാശികളുടെയും അനുഭാവികളുടെയും ലോകസമ്മേളനം അതീവശ്രദ്ധേയമായിരുന്നു. സഭകൾ തമ്മിലുള്ള ഭിന്നതയും സഭകളിലെ പിളർപ്പും അധികാര വടംവലിയുമാണ് പശ്ചിമേഷ്യയിലും മധ്യപൂർവദേശത്തും ക്രൈസ്തവരുടെ ശത്രുക്കൾക്ക് ശക്തി പകർന്നതും സഭകളുടെയും സുറിയാനി സംസ്കൃതിയുടെയും തുടച്ചുനീക്കലിനും കാരണമായത്. ചരിത്രത്തിൽ നിന്നും പാഠം ഉൾക്കൊള്ളുവാൻ കേരളത്തിലെ സഭകൾ തയാറാകണമെന്ന് സമ്മേളനം അഭ്യർത്ഥിച്ചു. സുറിയാനി പൈതൃകം ഏറ്റുവാങ്ങി പ്രോജ്ജ്വലിപ്പിക്കുവാൻ കേരളത്തിലെ സുറിയാനി സഭകളോട് പശ്ചിമേഷ്യയിൽ നിന്ന് തുടച്ചുനീക്കപ്പെട്ടുകൊണ്ടിരിക്കുന്ന സുറിയാനി സഭകളുടെ പ്രതിനിധികൾ ആവശ്യപ്പെട്ടു. ഈ പശ്ചാത്തലത്തിൽ 'സീരി' നൽകുന്ന സേവനങ്ങളെ അവർ ശ്ലാഘിച്ചു. അംഗസംഖ്യകൊണ്ട് ലോകത്തിലെതന്നെ ഏറ്റവും ചെറിയ സഭയായ 'മലങ്കര സുറിയാനി കത്തോലിക്കാ സഭ'യാണ് ഇതിനു നേതൃത്വം നൽകുന്നത്. എളിയവനിലൂടെ രക്ഷ നടപ്പാക്കുന്ന ദൈവിക പദ്ധതിയുടെ ആധുനികകാല ഉദാഹരണമിതെന്നും അവർ അഭിപ്രായപ്പെട്ടു. 'സീരി'യുടെ പ്രവർത്തനങ്ങളെ കേരളത്തിലെ സുറിയാനി സഭകൾ കലവറയില്ലാതെ പിന്തുണച്ച് വളർത്തേണ്ടത് ചരിത്രത്തിന്റെ ആവശ്യമാണെന്നും അവർ നിർദേശിച്ചു. ഭാരതത്തിൽ നിലനിൽക്കുന്ന മതസൗഹാർദ്ദതയും മതസ്വാതന്ത്ര്യവും ഉപയോഗപ്പെടുത്തി സുറിയാനി പൈതൃകത്തെ സംരക്ഷിച്ചു വളർത്താൻ കേരളത്തിലെ സുറിയാനി സഭകളെ ദൈവം ചുമതലപ്പെടുത്തിയിരിക്കുന്നതായി പ്രതിനിധികൾ വിലയിരുത്തലിൽ അഭിപ്രായപ്പെട്ടു.

സുറിയാനി ഭാഷയുടെയും സംസ്കൃതിയുടെയും സംരക്ഷണത്തിനും പരിപോഷണത്തിനുമായി ലോകമാസകലത്തു നിന്നും പണ്ഡിതരും ഗവേഷകരും 'സീരി'യിൽ പ്രാർത്ഥനയിലും പഠനത്തിനും ചർച്ചയിലും ഒത്തുചേർന്നിരുന്നപ്പോൾ പശ്ചിമേഷ്യയിലെ സുറിയാനി സഭകളുടെ തലവൻമാരായ പാത്രീയർക്കീസുമാർ ഇതേ ആവശ്യവുമായി അമേരിക്കൻ പ്രസിഡന്റ് ബറാക്ക് ഒബാമയുമായി ചർച്ചയിലായിരുന്നു എന്നത് തികച്ചും ആകസ്മികമാകാൻ തരമില്ല; ദൈവിക പദ്ധതിതന്നെ.

**മലങ്കരയുടെ ഹൃദയം**

വിവിധ സഭകളിലായിരിക്കുന്ന മാർത്തോമ്മാ പൈതൃകമുള്ള സുറിയാനി ക്രിസ്ത്യാനികളുടെ

ഐക്യം സഫലമാകാൻ ദൈവം തന്റെ അനന്തപദ്ധതിയിൽ സവിശേഷമായി രൂപപ്പെടുത്തി പരിപാലിച്ചുവളർത്തുന്ന മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ഹൃദയമെന്ന് വിശേഷിപ്പിക്കാവുന്ന സ്ഥാപനമാണ് കോട്ടയത്ത് ബേക്കർ ഹില്ലിൽ പ്രവർത്തിക്കുന്ന സീരി എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന സെന്റ് ഏഫ്രേം എക്യുമെനിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്. പരിശുദ്ധത്മാവിന്റെ കിന്നരം എന്ന അപരനാത്തിൽ അറിയപ്പെടുന്ന സുറിയാനി സഭാ പിതാവും കവിയും ദൈവശാസ്ത്രജ്ഞനുമായ വിശുദ്ധ അപ്രേമിന്റെ നാമത്തിൽ സ്ഥാപിതമായിരിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഔപചാരിക ഉദ്ഘാടനം 1985 സെപ്റ്റംബർ മാസം 14-ാം തീയതി സ്ലീബാ പെരുനാൾ ദിവസം ആയിരുനനു.

### സീരിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ തിരുവല്ല അതിരൂപതയുടെ ഉടമസ്ഥതയിലുള്ള പ്രസ്തുത സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സഭകൾ തമ്മിലുള്ള ഐക്യവും യോജിച്ചുള്ള സാക്ഷ്യവുമാണ്. സുറിയാനി സഭകളുടെ പൊതു പൈതൃകങ്ങളെക്കുറിച്ചുള്ള അന്വേഷണത്തിലും പഠനത്തിലുമുള്ള സഹകരണങ്ങൾ വഴി പരസ്പരമുള്ള അറിവ് ആഴപ്പെടുത്തുകയും അടുപ്പവും ശുശ്രൂഷയിലും സാക്ഷ്യത്തിലുമുള്ള സഹകരണവും വർധിപ്പിക്കുകയുമാണ് സീരി ലക്ഷ്യമിടുന്നത്.

സുറിയാനി പൈതൃകം അവകാശപ്പെടുന്ന പത്ത് ദശലക്ഷത്തിലധികം ക്രിസ്ത്യാനികൾ ഭാരതത്തിലുണ്ട്. ഇവർക്ക് സുറിയാനി ഭാഷയിലും പൈതൃകത്തിലും സാഹിത്യത്തിലും സംസ്കൃതിയിലും ഉന്നതപഠനവും ഗവേഷണവും നടത്തുവാനുതകുന്ന സ്ഥാപനങ്ങളോ അതിനു സഹായിക്കുന്ന മൂലഗ്രന്ഥങ്ങളോ കൈയെഴുത്തുപ്രതികളോ ലഭ്യമാകുന്ന സ്ഥാപനങ്ങളോ ഭാരതത്തിലില്ലായിരുന്നു. ഈ വിടവ് നികത്താനാണ് സീരി ലക്ഷ്യമിടുന്നത്. 1995 മുതൽ മഹാത്മഗാന്ധി സർവകലാശാലയുടെ സുറിയാനി ഉപരിപഠനത്തിനും ഗവേഷണത്തിനുമുള്ള കേന്ദ്രമായിട്ടും സീരിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. സർവ്വകലാശാലയുടെ മൂന്നുമാസത്തെ സർട്ടിഫിക്കറ്റ് കോഴ്സും രണ്ടുവർഷം നീളുന്ന എം.എ. കോഴ്സും ഗവേഷണവും (1995) സീരിയുടെ ആഭിമുഖ്യത്തിൽ നടന്നുവരുന്നു.

### സീരി കോട്ടയത്തിന്റെ പെരുമ

സാക്ഷരകേരളത്തിന്റെ അക്ഷരനഗരിയായ കോട്ടയത്തിന് അന്താരാഷ്ട്ര പ്രശസ്തി നേടിത്തരുന്ന സ്ഥാപനമാണ് സീരി. അമൂല്യഗ്രന്ഥങ്ങളും അപൂർവ്വ കൈയെഴുത്തുപ്രതികളും കൊണ്ടു സമ്പന്നമായ ആധുനിക ഗ്രന്ഥശാല സീരിയുടെ സമ്പത്താണ്. സുറിയാനി ഭാഷയെക്കുറിച്ചും ആധ്യാത്മികതയെക്കുറിച്ചും പൈതൃകങ്ങളെക്കുറിച്ചും ഗവേഷണം നടത്തുന്ന വിദേശപണ്ഡിതന്മാർ പോലും സീരിയിലെ ഗ്രന്ഥശാലയുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. സഭൈക്യത്തിന്റെ വിശാലമാനങ്ങൾ രചിക്കുന്ന സീരി സ്ഥാപിതമാക്കാൻ കോട്ടയത്തേക്കാൾ ഉചിതമായ സ്ഥലം ഭാരതത്തിലുണ്ടോയെന്ന് സംശയമാണ്. സുറിയാനി ഭാഷയേയും സുറിയാനി സഭാ പാരമ്പര്യങ്ങളെയും ഹൃദയത്തിൽ പ്രതിഷ്ഠിച്ച് സ്നേഹിച്ചിരുന്ന തിരുവല്ലാ രൂപതയുടെ തൃതീയ അധ്യക്ഷൻ ഭാഗ്യസ്മരണാർഹനായ സഖറിയാസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്തയാണ് കോട്ടയം ബേക്കർ ഹില്ലിൽ സീരി സ്ഥാപിക്കുവാൻ സ്ഥലം കണ്ടെത്തിയത്.

### സുറിയാനി ഐക്യത്തിനുള്ള ആധാരശില

കേരളത്തിലെ ക്രിസ്തീയസഭകളുടെ പൈതൃകം ഒന്നാണ്. അത് സുറിയാനി ഭാഷയും പൈതൃകങ്ങളും സംസ്കാരവുമായി അഭേദ്യമായി ബന്ധപ്പെട്ടതാണ്. ഈ സഭകളെയെല്ലാം ബന്ധിപ്പിക്കുന്ന സുവർണ്ണ ചരടാണ് സുറിയാനി ഭാഷയും ആരാധനാ പൈതൃകങ്ങളും. ചരിത്രത്തിന്റെ ഗതിവിഗതികളിൽ കേരള ക്രൈസ്തവ സമൂഹത്തിൽ വന്നുഭവിച്ച ഭിന്നതകൾക്ക് പരിഹാരം കാണാനുള്ള ഏതു ശ്രമവും ആരംഭിക്കേണ്ടത് സുറിയാനി ഭാഷയുടെയും ആരാധനാ പൈതൃകങ്ങളുടെയും പഠനത്തിലാണ്. സുറിയാനി പഠനത്തിലൂടെയല്ലാതെ ഈ സഭകളെ അടുത്തറിയാൻ സാധ്യമല്ല. യാക്കോബായ സഭ, ഓർത്തഡോക്സ് സുറിയാനി സഭ, മലങ്കര മാർത്തോമ്മാ സുറിയാനി സഭ, സ്വതന്ത്ര്യ സുറിയാനി സഭ, പൗരസ്ത്യ കൽദായ സഭ, സീറോ മലബാർ കത്തോലിക്കാ സഭ, മലങ്കര സുറിയാനി കത്തോലിക്കാ സഭ എന്നീ സഭകളെല്ലാം സുറിയാനി പൈതൃകം ഉൾക്കൊള്ളുന്നവരും അതിൽ അഭിമാനിക്കുന്നവരുമാണ്. ഒരേ കുടുംബത്തിൽ വസിക്കേണ്ടവർ എന്തുകൊണ്ട് വിവിധ കൂടാരങ്ങളിൽ കുടിയേറിയിരിക്കുന്നു. സ്വത്വം തിരിച്ചറിയാത്തവരും നഷ്ടപ്പെട്ടവരുമാണ് തറവാട് വിട്ട് തടവറയുടെ കൂടാരങ്ങളിൽ അകപ്പെട്ടിരിക്കുന്നത്. തറവാട്ടിലേയ്ക്കുള്ള തിരിച്ചുവരവും സഹോദരങ്ങൾ ഒരിമിച്ചുള്ള വാസവും നിലനിൽപ്പിനുതന്നെ അത്യന്താപേക്ഷിതമായിക്കൊണ്ടിരിക്കുന്ന സാമൂഹ്യ പശ്ചാത്തലത്തിൽ സ്വന്തം സമൂഹത്തിന്റെ സ്വത്വം തേടി മൂല്യങ്ങളിലേയ്ക്കൊരു മടക്കയാത്ര അനിവാര്യമായിരിക്കുന്നു. മൂല്യങ്ങൾ തേടിയുള്ള സുറിയാനി സഭാമക്കളുടെ പ്രയാണത്തിൽ സഹായിക്കാനും നേതൃത്വം നൽകാനും സീരിയ്ക്കുള്ള പങ്ക് അവിതർക്കിതമാണ്.

### സീരിയുടെ സംഭാവനകൾ കേരളസഭയും പണ്ഡിതലോകവുമായുള്ള ബന്ധം

അന്താരാഷ്ട്ര പ്രശസ്തരായ അനേകം പണ്ഡിതരെ കേരളവും കേരളത്തിലെ സുറിയാനി സഭകളുമായി പരിചയപ്പെടുത്തുവാനും ബന്ധിപ്പിക്കുവാനും 'സീരി'യ്ക്ക് സാധിച്ചു. കേരളത്തെയും മലങ്കസഭകളെയും അന്താരാഷ്ട്ര പണ്ഡിത വേദികളിൽ പരിചയപ്പെടുത്തുകയും കേരളത്തിലെ ക്രിസ്ത്യാനികളുടെ ചരിത്രപരമായ പൗരാണികത്വം ലോകത്തിന് വെളിപ്പെടുത്തുകയും കേരള ക്രിസ്ത്യാനികളുടെ സുറിയാനി പശ്ചാത്തലവും സംസ്കൃതിയും ലോകപ്രശസ്തമാകാൻ സഹായിക്കുകയുംചെയ്തു.

**സുറിയാനി സംസ്കൃതിക്കൊരു സംരക്ഷക**

സുറിയാനി ഭാഷയും പൈതൃകങ്ങളും അതിന്റെ ജന്മനാട്ടിൽ പീഡനംമൂലം തളർത്തപ്പെടുകയും നശിപ്പിക്കപ്പെടുകയും ചെയ്യുമ്പോൾ സുറിയാനി ഭാഷയും സംസ്കൃതിയും പഠിക്കുവാനും പരിപോഷിപ്പിക്കപ്പെടുവാനുമായി ഒരു പഠന ഗവേഷണകേന്ദ്രം ഭാരതത്തിൽ ഉടലെടുത്തതുവഴി ലോകസംസ്കൃതിക്ക് തന്നെ സീരി വഴി ലഭിച്ചിരിക്കുന്ന നേട്ടം അമൂല്യമാണ്.

**സഭൈക്യത്തിനൊരു വേദി**

കഴിഞ്ഞ 29 വർഷങ്ങളിലെ പ്രവർത്തനങ്ങൾക്കൊണ്ട് സഭൈക്യമേഖലയിൽ സീരി നൽകിയിരിക്കുന്ന സംഭാവനകൾ മഹത്തരങ്ങളാണ്. വിവിധ സഭകളിലെ ബഹു. വൈദികരും ശെമ്മാശന്മാരും സന്യസ്തരും അത്മായരും ഒന്നിച്ചുതാമസിക്കുന്നു. ഒരേഭക്ഷണം പങ്കിടുന്നു. ഒന്നിച്ച് പ്രാർത്ഥിക്കുന്നു. തങ്ങളുടെ പൈതൃകങ്ങളെക്കുറിച്ച് ഒന്നിച്ച് പഠിക്കുന്നു, ഗവേഷണം നടത്തുന്നു. സ്വയം മനസിലാക്കുകയും തന്റെ സഭയെ അഴത്തിൽ അറിയുന്നതിനോടൊപ്പം സഹോദര സഭകളെ അടുത്തറിയാനും സംശയങ്ങളും തെറ്റിധാരണകളും ദൂരീകരിക്കാനും ഇതുവഴി സാധിക്കും. സീരിയല്ലാതെ മറ്റൊരു സ്ഥാപനവും ഇപ്രകാരമുള്ള ഒരു സേവനം സഭയ്ക്കും ലോകത്തിനും നൽകുന്നതായി ഭാരത്തിലില്ല. എക്യുമെനിസത്തിന്റെ വിശാലവീഥികൾ തുറക്കുകയും വീരഗാഥകൾ രചിക്കുകയും ചെയ്തിരിക്കുന്നു.

**കൈരളിക്കൊരു അനുഗ്രഹം**

സുറിയാനി പൈതൃകം അവകാശപ്പെടുന്ന ദശലക്ഷങ്ങൾ കേരളത്തിൽ ഉണ്ടായിട്ടും സുറിയാനി ഭാഷയിലുള്ള പുരാതനഗ്രന്ഥങ്ങളിൽ ഏറെയും ഇന്ന് മലയാളഭാഷയിലേയ്ക്ക് ഭാഷാന്തരം ചെയ്യപ്പെട്ടിട്ടില്ല. അതുകൊണ്ടുതന്നെ സുറിയാനി പിതാക്കന്മാരുടെയും ചിന്തകരുടെയും താപസരുടെയും ചിന്തകളും ദർശനങ്ങളും ആധ്യാത്മിക സമ്പത്തും സാധാരണ മലയാളിക്ക് ഇന്നും അപ്രാപ്യമായി തുടരുന്നു. ഈ കുറവ് പരിഹരിക്കാനായി മലയാളഭാഷയും സുറിയാനി ഭാഷയും അനായാസേന കൈകാര്യം ചെയ്യുവാൻ പ്രാപ്തരായവരുടെ ഒരു ഗണത്തെ പരിശീലിപ്പിക്കുന്ന ശ്രമത്തിലാണ് സീരി. ഭാരത പാരമ്പര്യത്തിലും സുറിയാനി പാരമ്പര്യത്തിലുമുള്ള സന്യാസികളുടെ ദർശനങ്ങളിലുള്ള സധർമ്യവും ആധ്യാത്മിക ദർശനങ്ങളിലുള്ള സമാനതകളും താരതമ്യ പഠനത്തിനു വിധേയമാക്കാൻ സീരി ശ്രമങ്ങൾ തുടർന്നുകൊണ്ടിരിക്കുകയാണ്. ഇതുവഴി ദാർശനിക മേഖലയിലും ധൈഷണിക മേഖലയിലും സീരി നൽകുന്ന സംഭാവനകൾ കേരള സംസ്കൃതിയെ സമ്പന്നമാക്കും.

**സീരിയുടെ ഗരിമ**

കർദ്ദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാത്തോലിക്കാ ബാവ മുഖ്യരക്ഷാധികാരിയായിരിക്കുന്ന സീരിയുടെ പ്രസിഡന്റ് തിരുവല്ലാ അതിരൂപതാ അധ്യക്ഷൻ ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തയാണ്. റവ.ഡോ. ജേക്കബ് തെക്കേപ്പറമ്പിൽ (ഡയറക്ടർ), ഫാ. തോമസ് പറക്കോട്ട് (അസി. ഡയറക്ടർ), റവ.ഡോ. തോമസ് കൂനംമാക്കൽ (ഡീൻ ഓഫ് സ്റ്റഡീസ്) എന്നിവരുടെ നേതൃത്വത്തിൽ ഒരു ഡസനിലധികം അധ്യാപകർ ക്ലാസുകൾ നയിക്കുന്നു. അൻപതിലധികം അന്താരാഷ്ട്ര പ്രശസ്തരായ പണ്ഡിതരുടെ ഒരു മാർഗനിർദേശ സമിതിയും സീരിയുടെ നടത്തിപ്പിനും വികസനത്തിനുമുള്ള പിൻബലവും നിർദേശങ്ങളും നൽകിക്കൊണ്ടിരിക്കുന്നു. ഇതിനോടകം 129 വിദ്യാർഥികൾ സീരിയിൽനിന്നും ബിരുദാനന്തരബിരുദം കരസ്ഥമാക്കി. 50 പേർ വിദൂരപഠനം പൂർത്തിയാക്കി. 500 പേർ സർട്ടിഫക്കറ്റ് കോഴ്സ് പൂർത്തിയാക്കി. 75 വിദേശവിദ്യാർത്ഥികൾ പഠനം നടത്തി, ഐക്കണോഗ്രഫി 10 കോഴ്സ് പൂർത്തിയാക്കി, കവിതാമണ്ഡലം 25 പഠനശിബിരങ്ങൾ നടത്തി. അഞ്ച്പേർ ഡോക്ടറേറ്റ് കരസ്ഥമാക്കി. 19 പേർ ഗവേഷണപഠനത്തിൽ ഏർപ്പെട്ടിരിക്കുന്നു.

**സീരിയുടെ ലഘുചരിത്രം**

സുറിയാനി സഭാമക്കൾ സുറിയാനി ഭാഷ പഠിക്കേണ്ടതിന്റെ അനുപേഷണീയത മനസിലാക്കിയിരുന്ന മഹാനായിരുന്നു പണിക്കരുവീട്ടിൽ ദൈവദാസൻ ഗീവർഗീസ് മാർ ഇവാനിയോസ് മെത്രാപ്പോലീത്ത. സുറിയാനി ഭാഷയെ ആദ്യമായി സ്നേഹിച്ചിരുന്ന അദ്ദേഹം സുറിയാനി ഭാഷ പഠിക്കുന്നതിലും പഠിപ്പിക്കുന്നതിലും വലിയ ശ്രദ്ധയും നിഷ്ഠയും പുലർത്തിയിരുന്നു. കേരളത്തിലെ സ്കൂളുകളിൽ സുറിയാനി ഭാഷ ഐശ്ചികവിഷയമായി പഠിപ്പിക്കുന്നതിനുള്ള അനുവാദം സർക്കാരിൽനിന്നും വിദ്യാഭ്യാസ വകുപ്പിൽനിന്നും നേടിയെടുക്കുവാൻ അദ്ദേഹത്തിന്റെ പരിശ്രമങ്ങളാണ് മുഖാന്തരമായത്. അദ്ദേഹത്തിൽനിന്ന് ലഭിച്ച പ്രചോദനവും ഊർജവുമാണ് സുറിയാനി പഠന ഗവേഷണകേന്ദ്രം തുടങ്ങുന്നതിന് മലങ്കര സുറിയാനി കത്തോലിക്കാ സഭാധികാരികളെ പ്രേരിപ്പിച്ചത്.

പുണ്യശ്ലോകനായ സഖറിയാസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്തായുടെ ഹൃദയാഭിലാഷമായിരുന്നു സുറിയാനി സഭകളുടെ സിരാകേന്ദ്രായ കോട്ടയം പട്ടണത്തിൽ ഒരു എക്യുമെനിക്കൽ സുറിയാനി പഠനഗവേഷണകേന്ദ്രം. തന്റെ ആഗ്രഹത്തിന് മൂർത്തരൂപം നൽകാൻ വന്ദ്യ തിരുമേനി തെക്കേപ്പറമ്പിലച്ചനെ ഉന്നതപഠനത്തിനായി യൂറോപ്പിലേയ്ക്കയച്ചു. 1971 മുതൽ 1984 വരെ അദ്ദേഹം ഫ്രാൻസ്, ജർമ്മനി, ഇംഗ്ലണ്ട്, ഇറ്റലി, ലബനൻ തുടങ്ങിയ രാജ്യങ്ങളിലെ സർവ്വകലാശാലകളിൽ സുറിയാനി ഭാഷയിലും ദൈവശാസ്ത്രത്തിലും പഠനവും ഗവേഷണവും നടത്തുകയും പ്രസ്തുത രാജ്യങ്ങളിൽ ലഭ്യമായ സുറിയാനി കൈയെഴുത്തുപ്രതികളും അമൂല്യഗ്രന്ഥങ്ങളും ശേഖരിക്കുകയും ചെയ്തു.

തന്റെ നീണ്ട 15 വർഷത്തെ പഠനങ്ങളുടെയും ഗവേഷണത്തിന്റെയും പരിശ്രമങ്ങളുടെയും ഫലമായി ശേഖരിച്ച കൈയെഴുത്തുപ്രതികളും ഗ്രന്ഥങ്ങളുമായി 1984-ൽ ഇന്ത്യയിൽ മടങ്ങിയെത്തിയ ബഹു. തെക്കേപ്പറമ്പിലച്ചൻ, സീരിക്കു രൂപകൽപ്പ



നചെയ്തു. യൂറോപ്പിലെ തത്തുല്യമായ ഏതൊരു ഗവേഷണകേന്ദ്രത്തോടും കിടപിടിക്കാൻ തക്ക സംവിധാനങ്ങളും സൗകര്യങ്ങളും ഒരുക്കാൻ സീരിക്ക് സാധിച്ചു എന്നുള്ളത് പാശ്ചാത്യപണ്ഡിതന്മാർക്കുപോലും അത്ഭുതമാണ്.

സുറിയാനി ഭാഷയിൽ പ്രാരംഭപഠനംമുതൽ ഗവേഷണത്തിനുള്ള സൗകര്യങ്ങൾവരെ സീരിയിൽ ലഭ്യമാണ്. ബ്രിട്ടീഷ് മ്യൂസിയം, ലണ്ടൻ ലൈബ്രറി, ഓക്സ്ഫോർഡ് സർവ്വകലാശാലാ ലൈബ്രറി, പാരീസ് ദേശീയ ലൈബ്രറി, വത്തിക്കാൻ ലൈബ്രറി തുടങ്ങിയവയാണ് സുറിയാനി മൂലഗ്രന്ഥങ്ങളുടെയും കൈയെഴുത്തുപ്രതികളുടെയും ശേഖരങ്ങളിൽ മുൻപന്തിയിലുള്ളവ. ഈ ലൈബ്രറികളിലുള്ള എല്ലാ കൈയെഴുത്തുപ്രതികളും മൂലഗ്രന്ഥങ്ങളും സീരിയിലെ ലൈബ്രറിയിലും ലഭ്യമാണ്.

അന്താരാഷ്ട്രനിലവാരമുള്ള പഠനഗവേഷണ സംവിധാനങ്ങൾ സീരിയുടെ പ്രത്യേകതകളാണ്. പഠിതാക്കൾക്കും ഗവേഷണവിദ്യാർഥികൾക്കും അന്താരാഷ്ട്ര പ്രശസ്തരായ സുറിയാനി പണ്ഡിതരുമായി സംവദിക്കാൻ അവസരങ്ങളൊരുക്കുന്നതിൽ സീരി ശ്രദ്ധിക്കുന്നു. ഇതുവരെ ഒരാഴ്ചവീതം നീണ്ടുനിൽക്കുന്ന എട്ട് അന്തർദേശീയ നിലവാരമുള്ള സുറിയാനി സമ്മേളനങ്ങൾക്ക് ആതിഥേയത്വം വഹിക്കാൻ സീരിക്ക് സാധിച്ചു. ഓരോ സമ്മേളനത്തിലും മുന്നൂറിനുമേൽ പ്രതിനിധികൾ സ്വദേശത്തുനിന്നും വിദേശത്തുനിന്നും പങ്കെടുത്തിരുന്നു. അറുപതിനുമുകളിൽ വിദേശപണ്ഡിതരും പ്രൊഫസർമാരും ഓരോ സമ്മേളനത്തിലും പങ്കെടുക്കുകയും പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ചെയ്തു.

ഇതിനോടകം സുറിയാനിഭാഷയും സാഹിത്യവും പൈതൃകവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ 40 ഏകദിന പഠനശിബിരങ്ങൾ സംഘടിപ്പിക്കപ്പെട്ടു. ഓരോ സെമിനാറിലും അന്താരാഷ്ട്ര പ്രശസ്തരായ പണ്ഡിതർ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ചർച്ചകൾക്ക് നേതൃത്വം നൽകുകയും ചെയ്തു. ഓരോ സെമിനാറിലും 250-ൽ അധികം പേർ സജീവമായി പങ്കെടുത്തിട്ടുണ്ട്.

**പ്രസിദ്ധീകരണവിഭാഗം**

ഇരുപത്തൊമ്പത് വർഷങ്ങൾക്കുള്ളിൽ സുറിയാനി, ഇംഗ്ലീഷ്, മലയാളം, ജർമ്മൻ ഭാഷകളിൽ സ്വദേശത്തും വിദേശത്തുമുള്ള പണ്ഡിതരുടെ പഠനങ്ങളും, പ്രബന്ധങ്ങളും, ലേഖനങ്ങളും, കവിതകളും, പഠനസഹായികളും, തർജിമകളും ഉൾക്കൊള്ളുന്ന 85-ലധികം ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുവാൻ സീരിയുടെ പ്രിസിദ്ധീകരണ വിഭാഗത്തിന് സാധിച്ചു. 'ദ ഹാർപ്പ്', 'മോറാൻ ഈത്തോ', 'മദ്രസോ', 'അവസർ സ്ലാവോസോ', 'ബ്ലൂസീരിസ്', 'വിദൂരപഠന സഹായി' ഇവ ശ്രദ്ധേയമായ പ്രസിദ്ധീകരണങ്ങളാണ്. ●

## അവാർഡ് നേടി

തിരുവല്ലാ അതിരൂപതാ അജപാലന സമിതിയുടെ മുൻ സെക്രട്ടറിയും അതിരൂപതാ സണ്ടേസ്കൂൾ എക്സിക്യൂട്ടീവ് കമ്മറ്റി അംഗവും എം.സി.എ ആജീവനാന്തംഗവും കുമ്പനാട് ഗവ.യു.പി.ബി സ്കൂൾ ഹെഡ്മാസ്റ്ററുമായ ഡോ. വർഗ്ഗീസ് പി. പീറ്റർ സാറിന് 2014-15 വർഷത്തിലെ അധ്യാപകർക്കുള്ള സംസ്ഥാന അവാർഡ് ലഭിച്ചു. പുത്തൻ കയ്യാലയ്ക്കൽ നിര്യാതനായ പി.ജി പീറ്ററിന്റെയും അന്നമ്മ പീറ്ററിന്റെയും മകനാണ്. ഇപ്പോൾ ഇരവിപേരൂർ സെന്റ് ആൻസ് ഇടവകാംഗമാണ്. അദ്ദേഹത്തിന്റെ ഭാര്യ വർഗീസ് മാളിയേക്കലച്ചന്റെ സഹോദരിയും മാരാമൺ ലിറ്റിൽ ഫ്ളവർ എൽ.പി സ്കൂൾ അധ്യാപികയുമായ ശോശാമ്മ എം.റ്റി. മക്കൾ ജൻ വർഗീസ് (എഞ്ചിനീയർ), ജീവേശ് വർഗിസ് (മുൻ ബാലദീപം അതിരൂപതാ പ്രസിഡന്റ്, എഞ്ചിനീയർ വിദ്യാർത്ഥി).

## ഇടയശബ്ദം (5-ാം പേജ് തുടർച്ച)

സൗകര്യങ്ങളുടെയും സുഖങ്ങളുടെയും പിന്നിൽ തലമുറകളുടെ നിസ്തന്ദ്രപരിശ്രമം ഉണ്ടായിരുന്നുവെന്ന് മറക്കാതിരിക്കാം.

ക്രിസ്തീയവിശ്വാസം കുരിശുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. കുരിശ് ഒരു പ്രതീകമാണ് - സഹനത്തിന്റെ പ്രതീകം. സഹനത്തിലൂടെ ലഭിക്കുന്ന മഹത്വമാണ് സഭ പ്രഘോഷിക്കുന്നത്. ഈ സ്ലീബാക്കാലത്ത് നമ്മുടെ ധ്യാനവിഷയം സഹനത്തിലൂടെ കൈവരുന്ന രക്ഷയെപ്പറ്റിയാകട്ടെ. കുരിശ് പ്രതിനിധാനം ചെയ്യുന്ന സഹനത്തെ പ്രത്യാശയോടെ സ്വീകരിക്കുവാൻ നമുക്ക് പഠിക്കാം. കുരിശിൽ നിന്ന് ഓടി ഒളിക്കുവാനല്ല കാൽവരികുരിശിലേക്ക് - അതിലൂടെ അനുദിന കുരിശുകളിലേക്ക് - ബോധപൂർവ്വം തിരിഞ്ഞുനടക്കുവാനുള്ള ധീരത കാണിക്കാം. ഒരിക്കൽ കുരിശിൽ നിന്ന് ഓടി ഒളിക്കുവാൻ ശ്രമിക്കുകയും പലപ്പോഴും കുരിശിനെതള്ളിപ്പറയുകയും ചെയ്ത വി.പത്രോസ് ജീവിതാവസാനം സാർവ്വത്രിക സഭയെ ഇങ്ങനെ പഠിപ്പിച്ചു:"അഗ്നിപരീക്ഷകൾ ഉണ്ടാകുമ്പോൾ അപ്രതീക്ഷിതമായതെന്തോ സംഭവിച്ചതുപോലെ പരിഭ്രമിക്കരുത്. ക്രിസ്തുവിന്റെ പീഢകളിൽ നിങ്ങൾ പങ്കുകാരാകുന്നതിൽ സന്തോഷിക്കുക. ക്രിസ്തുവിന്റെ നാമം നിമിത്തം നിന്ദിക്കപ്പെട്ടാൽ നിങ്ങൾ ഭാഗ്യവാന്മാർ. ക്രിസ്ത്യാനി എന്ന നിലയിലാണ് ഒരുവൻ പീഢ സഹിക്കുന്നതെങ്കിൽ അതിൽ അവൻ ലജ്ജിക്കാതിരിക്കട്ടെ (1പത്രോ 4:12-14). സഹനത്തെ ഉൾക്കൊള്ളണമെങ്കിൽ ദൈവത്തിന്റെ പദ്ധതികളിൽ നമുക്ക് വിശ്വാസമുണ്ടാകണം. ദൈവം നമ്മെ കരുതുന്നവനും കാക്കുന്നവനുമാണെന്നബോദ്ധ്യം ആർജ്ജിക്കണം. വീണ്ടും വി. പൗലോസിനെ നമുക്ക് ശ്രവിക്കാം: "ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക് അവിടുന്ന് സകലവും നന്മക്കായി പരിണമിപ്പിക്കുന്നു എന്ന് നമുക്കറിയാമല്ലോ."(റോമ 8:28)

അനുദിനജീവിതത്തിലെ പല കാര്യങ്ങളിലും ഇത് നന്മയോ തിന്മയോ എന്ന് താത്ക്കാലികമായി ശങ്കതോന്നാം. എന്നാൽ ആത്യന്തികമായി ദൈവപദ്ധതിയിൽ അവയെല്ലാം സ്ഥാനമുണ്ട്. താത്ക്കാലിക തിന്മയെ ആത്യന്തികനന്മയായി അവിടുന്ന് പരിണമിപ്പിക്കും. തിന്മയിൽനിന്നും നന്മ ഉളവാക്കുവാൻ ദൈവത്തിനു കഴിയും. God writes straight in crooked letters - വക്രഗതിയിലുള്ള അക്ഷരങ്ങളുപയോഗിച്ചും നേർരേഖയിൽ എഴുതുന്നവനാണ് ദൈവം! ഇത് മൗഢ്യമല്ല, സത്യമാണ്; വിശ്വാസക്കണ്ണോടെ കാണണമെന്ന് മാത്രം.

കഥ ഇങ്ങനെ: എന്ത് അഹിതങ്ങളിലും അനർത്ഥങ്ങളിലും "അത് നന്ന് (കൊള്ളാം)" എന്ന് ആശ്വസിപ്പിക്കുന്ന ഒരു മന്ത്രിയുണ്ടായിരുന്നു. രാജാവും മന്ത്രിയും കൂടി നായാട്ടിന് പോയവേളയിൽ ഒരിക്കൽ, അസ്ത്രപ്രയോഗത്തിനിടയിൽ രാജാവിന്റെ കൈയ്യുടെ ചെറുവിരൽ അറ്റുപോയി. മന്ത്രി സ്വതസിദ്ധമായി ആശ്വസിച്ചു: "അത് നന്നായി." കോപക്രാന്തനായ രാജാവാകട്ടെ വേദനകൊണ്ട് പുളയുന്ന തന്നെ പരിഹസിക്കയാണെന്ന് കരുതി മന്ത്രിയെ വനമദ്ധ്യത്തിൽ പൊട്ടക്കിണറ്റിൽ എറിഞ്ഞു. ആരാമദ്ധ്യേ വനന്തരത്തിൽ വെച്ച് കിരാതരുടെ മുമ്പിൽ ചെന്നുപെട്ടരാജാവിനെ അവർ ബന്ധനസ്ഥനാക്കി. കയ്യിൽ പെടുന്നവരെ ബലികൊടുക്കുന്ന പതിവനുസരിച്ച് അടുത്ത പ്രഭാതത്തിൽ രാജാവിനെ കുരുതിക്കളത്തിലേക്കാനയിച്ചു. അംഗഭംഗം സംഭവിച്ചവനാണ് തങ്ങളുടെ ബലിയാട് എന്ന് സൂക്ഷ്മപരിശോധനയിൽ തിരിച്ചറിഞ്ഞ കാട്ടാളർ അദ്ദേഹത്തെ കെട്ടഴിച്ച് വെറുതെവിട്ടു. മന്ത്രിയെയും മന്ത്രിയുടെ വാക്കിനെയും ഓർത്ത രാജാവ് തിരികെയെത്തി മന്ത്രിയെ രക്ഷിച്ചു. ആനന്ദാശ്രുക്കളോടെ ക്ഷമായാചനവും ചെയ്തു. അപ്പോഴും മന്ത്രിസമത്തൻ "അതു നന്നായി" എന്നു പറഞ്ഞു. എന്തേ അങ്ങനെ പറയാൻ എന്ന് ചോദിച്ചപ്പോൾ, നാം ഇരുവരും അവരുടെ പിടിയിൽ പെട്ടിരുന്നുവെങ്കിൽ അംഗഭംഗം സംഭവിക്കാത്ത എന്നെ അവർ കുരുതികഴിക്കുമായിരുന്നു; ഇപ്പോൾ നാം ഇരുവരും സുരക്ഷിതരാണല്ലോ എന്നു മറുപടി പറഞ്ഞു.

അതേ, ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് എല്ലാം നന്മയ്ക്കായി പരിണമിപ്പിക്കുന്നു. നാം ഭാരപ്പെടേണ്ട. താല്ക്കാലിക സഹനം രക്ഷയിലേക്ക് നമ്മെ നയിക്കുന്നു. ദൈവികപദ്ധതിയോട് നമുക്ക് സഹകരിക്കാം. കുരിശുകളെ ധീരമായി നേരിടാം. ●


## Matrimonial

Malankara Catholic parents invite proposal for thrir daughter 24/164 doing M.Tech from parents of God-fearing, professionally qualified boys. M4 marry-4065221

Phone: 9495067698,9497815001

• • •

Proposals Invited for M C girl 27/165 Bsc Nurse employed in Saudi MOH Coming Nw=I st week From professionally qualified and employed boys (M.C, R.C) preferably from Canada.

Ph: 9446355076 , C C H Y -52339

Email- Preethiann 456@gmail.com

• • •

തിരുവല്ല അതിരൂപതാ (M C) 32/173 സ്വന്തം ബിസിനസ്, ഐ.റ്റി.ഐ (Electrical)) ഇടത്തരം കുടുംബം, ഇരുനിറം, അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു.

ഫോൺ: 9048422963, 9495282609, 8891819514

കുടുംബവേദി

# നോക്കൂ..! ഇതാ നിന്റെ അമ്മ

വർഗീസ് വെള്ളാപ്പള്ളിൽ

സ്ത്രീകൾ എന്നത്തെയുംകാൾ കൂടുതലായി അപമാനിക്കപ്പെടുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. പുരാതന കാലങ്ങളിൽ നിന്നു വ്യത്യസ്തമായി സ്ത്രീകൾ തങ്ങളുടെ അവകാശങ്ങളെയും ദൗത്യങ്ങളെയും കുറിച്ച് കൂടുതൽ ബോധവതികളും സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയരംഗങ്ങളിൽ കൂടുതൽ പങ്കുവഹിക്കുന്നവരുമാണ്. എന്നിട്ടും ഈ പീഡനങ്ങൾ വർദ്ധിച്ചുവരുന്നു...?

സ്ത്രീകളുടെ വിമോചകനാണ് ക്രിസ്തു. പഴയനിയമകാലത്തെ അടിമത്തത്തിൽനിന്ന് അവരെ പുറത്തു കൊണ്ടുവരാനും പുരുഷനോടൊപ്പം മാന്യതയും പദവിയും നൽകി അംഗീകരിക്കാനും അവിടുന്ന് ശ്രമിച്ചു. അന്നു നിലനിന്നിരുന്ന നിയമങ്ങളെയും ആചാരങ്ങളെയും അവിടുന്ന് ചോദ്യം ചെയ്യുകയും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് അവരെ കൂട്ടിക്കൊണ്ടുവരികയും ചെയ്തു. സുവിശേഷങ്ങളിലുടനീളം നമുക്കിതു കാണാൻ കഴിയും.

"അവൻ ഒരു സ്ത്രീയോട് (സമരിയാക്കാരി) സംസാരിക്കുന്നതുകണ്ട് അവർ അത്ഭുതപ്പെട്ടു." (യോഹ. 4:27)

"നിങ്ങളിൽ പാപം ഇല്ലാത്തവൻ ആദ്യം ഇവളെ കല്ലെറിയട്ടെ." (യോഹ. 8:7)

''ഇവർ പ്രവാചകനെങ്കിൽ തന്നെ സ്പർശിക്കുന്ന സ്ത്രീ ആരെന്നും എന്തുതരക്കാരിയായിരിക്കുമെന്നും അറിയുമായിരുന്നു. ഇവൾ ഒരു പാപിനിയാണല്ലോ." (ലൂക്ക. 7:39).

ഈ സന്ദർഭങ്ങളിലെല്ലാം നാം കാണുന്നത് അടിച്ചമർത്തപ്പെട്ട സ്ത്രീത്വത്തിന്റെ വിമോചനത്തിനായി നിലവിലുള്ള നിയമങ്ങൾക്കെതിരെ വെല്ലുവിളി ഉയർത്തുന്ന യേശുവിനെയാണ്.

വി. ലൂക്കയുടെ സുവിശേഷത്തിലുടനീളം സ്ത്രീകളുടെ ഔന്നത്യത്തെ പരാമർശിക്കുന്ന ഭാഗങ്ങൾ ധാരാളമുണ്ട്. മംഗളവാർത്തയിലൂടെത്തന്നെ ഇതാരംഭിക്കുന്നു. (ലൂക്കാ. 1:26-38). പാപിനിയായ സ്ത്രീയുടെ മോചനം (ലൂക്ക.7) ഈശോയെ അനുഗമിച്ച സ്ത്രീകൾ, രക്തസ്രാവക്കാരി (ലൂക്ക. 8) കാണാതെ പോയ നാണയം തേടുന്ന സ്ത്രീ (ലൂക്ക. 15) ഇങ്ങനെ പോകുന്നു ഉദാഹരണങ്ങൾ. വിധവകളും നിരാലംബരുമായ സ്ത്രീകളെയും യേശു മുഖ്യധാരയിലേക്ക് ഉയർത്തുന്നതായി കാണാം. നയിമിലെ വിധവയുടെ പുത്രനെ ഉയിർപ്പിക്കുന്നതിലൂടെയും (ലൂക്ക. 7:11-17) തനിക്കുള്ള സമ്പത്തു മുഴുവൻ കാണിക്കയർപ്പിക്കുന്ന വിധവയ്ക്ക് മുഖ്യസ്ഥാനം നൽകുന്നതിലൂടെയും (21:1-4) യേശു ഇത് വ്യക്തമാക്കുന്നു. സ്ത്രീകളുടെ സാക്ഷ്യം അംഗീകരിക്കപ്പെടാതിരുന്ന സമൂഹത്തിൽ താൻ ഉയിർത്തെഴുന്നേറ്റു എന്ന സത്യം മറ്റുള്ളവരോട് സാക്ഷ്യപ്പെടുത്താൻ ഉത്ഥിതനായ യേശു നിയോഗിച്ചതും കല്ലറയ്ക്കലെത്തിയ സ്ത്രീകളെയാണ് (24:1-10).


സ്ത്രീകൾ അപമാനിക്കപ്പെടേണ്ടവരോ, അവഹേളിക്കപ്പെടേണ്ടവരോ അല്ല. എവിടെയും മാനിക്കപ്പെടേണ്ടവളും ആദരിക്കപ്പെടേണ്ടവളുമാണ്. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട (ഉല്പ. 1:26), സ്ത്രീയും പുരുഷനുമായി സൃഷ്ടിക്കപ്പെട്ട (1:28) അവർ പരസ്പര പൂരകങ്ങളാണ്. ആരും ആരെക്കാളും താഴെയല്ല. സ്ത്രീത്വം പുരുഷത്വത്തിൽ സമന്വയിക്കപ്പെട്ടിരിക്കുന്നു.



സ്ത്രീകളോടുള്ള ആദരവ് മുളപൊട്ടേണ്ടത് കുടുംബാന്തരീക്ഷത്തിൽ നിന്നുതന്നെയാണ്. കാരണം ദൈവമാണ് അവരെ സമന്വയിപ്പിച്ചത് (ഉല്പ. 2:24). യേശു അലംഘനീയമായ മറ്റൊരു കല്പന കൂടി നൽകി. 'ദൈവം യോജിപ്പിച്ചത് മനുഷ്യൻ വേർപിരിക്കാതിരിക്കട്ടെ." (മത്താ. 19:6) ഈ യോജിപ്പ് ശരീരത്തിൽ മാത്രമല്ല, ശരീരത്തിലും മനസിലും ആത്മാവിലുമുള്ള യോജിപ്പാണ്. ഈ മൂന്ന്

*(ശേഷം പേജ് 30)*

# വെറുതെ നുരഞ്ഞ വിവാദം



ക്രിസ്ത്യാനികൾ വിശുദ്ധ കുർബാനയിൽ ഉപയോഗിക്കുന്ന വീഞ്ഞിനെ സംബന്ധിച്ച് അനാവശ്യവിവാദങ്ങൾ ഉണ്ടാകാൻ ഇടയായ സാഹചര്യത്തിൽ കത്തോലിക്കാസഭയുടെ ആരാധനയിൽ ഉപയോഗിക്കുന്ന വീഞ്ഞിനെ സംബന്ധിച്ച വസ്തുതകൾ വിശദീകരിക്കേണ്ടത് ആവശ്യമായി വന്നിരിക്കുന്നു.

സാക്രമെന്റൽ വൈൻ അഥവാ കുർബാന വീഞ്ഞ് മദ്യമല്ല. മദ്യത്തിന്റെ നിയമപരമായ നിർവചനത്തിലോ പരിധിയിലോ വരുന്നതുമല്ല. ക്രിസ്തീയസഭകളുടെ വിശ്വാസം, ആരാധനാ-പാരമ്പര്യം എന്നിവയുടെ വെളിച്ചത്തിൽ വേണം കുർബാന വീഞ്ഞിന്റെ അർത്ഥവും പ്രസക്തിയും മനസ്സിലാക്കാൻ.

യഹൂദരുടെ പെസഹാ ആചരണത്തിന്റെയും പാപപരിഹാരബലിയുടെയും പശ്ചാത്തലത്തിലാണ് യേശുവിന്റെ കുരിശിലെ ആത്മബലിയെ പുതിയ നിയമം വ്യാഖ്യാനിക്കുന്നത്. പെസഹാ കുഞ്ഞാടിന്റെ മൃഗബലിയല്ല, ദൈവപുത്രന്റെ ആത്മബലിയാണ് പാപമോചനത്തിന്റെയും രക്ഷയുടെയും മാർഗമായി പുതിയനിയമം ചൂണ്ടിക്കാട്ടുന്നത്. അവന്റെ രക്തമാണ് മനുഷ്യവംശത്തിന്റെ പാപക്കറകൾ കഴുകി വെടിപ്പാക്കിയത്. ഈ ആത്മബലിയുടെ മുന്നാവിഷ്ക്കാരമെന്ന നിലയിലാണ് യേശു തന്റെ ശിഷ്യന്മാരോടൊപ്പം അന്ത്യഅത്താഴം ആചരിച്ചത്. അത്താഴവേളയിൽ അപ്പവും വീഞ്ഞും താൻ ബലിയായി അർപ്പിക്കാനിരിക്കുന്ന മാംസരക്തങ്ങളുടെ പ്രതീകവും തുടർന്നുള്ള അവിടത്തെ തിരുസാന്നിധ്യത്തിന്റെ സാർവത്രിക അടയാളവുമായി അവർക്കു നല്കി. കാലാന്ത്യത്തിൽ വീണ്ടും അവിടത്തെ കണ്ടുമുട്ടുവോളം അവിടുത്തെ ബലിയുടെ ഓർമ്മയ്ക്കായി ഇത് ആചരിക്കണമെന്ന കല്പനയും നല്കി. ക്രിസ്തുവിന്റെ രക്തത്തിലുള്ള ഈ പുതിയ ഉടമ്പടിയുടെ നവീകരണവും പുനരാവിഷ്ക്കാരവുമാണ് ഓരോ വിശുദ്ധ കുർബാനയും. അതിനാൽ അപ്പവും വീഞ്ഞും ക്രൈസ്തവ ആരാധനയുടെ അവിഭാജ്യഘടകങ്ങളാണ്.

കത്തോലിക്കാസഭയുടെ ഈ വിശ്വാസത്തിൽനിന്ന് വ്യത്യസ്തമായ വിശ്വാസാചാരങ്ങൾ പുലർത്തുന്ന ക്രൈസ്തവസഭകളുണ്ട്. അവർ കുർബാനയിലുള്ള ക്രിസ്തുസാന്നിധ്യത്തെ സംബന്ധിച്ചും വിശുദ്ധ കുർബാനയുടെ ആചാരപരമായ അനുഷ്ഠാനങ്ങളെ സംബന്ധിച്ചും വ്യത്യസ്ത സമീപനങ്ങൾ പുലർത്തുന്നവരാണ്. പെന്തക്കോസ്ത, ബാപ്റ്റിസ്റ്റ്, മെതോഡിസ്റ്റ്,



**റവ. ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ,
ഔദ്യോഗികവക്താവ്,
കെ.സി.ബി.സി./
ഡയറക്ടർ, പി.ഒ.സി.

സാൽവേഷൻ ആർമി, ചില ഇവാഞ്ചലിക്കൽ സഭകൾ എന്നിവയ്ക്ക് കുർബാനയെ സംബന്ധിച്ചും അതിൽ ഉപയോഗിക്കുന്ന അപ്പത്തേയും വീഞ്ഞിനേയും സംബന്ധിച്ചും വ്യത്യസ്ഥ കാഴ്ചപ്പാടുകളുണ്ട്. വീഞ്ഞിനു പകരം മുന്തിരി ജ്യൂസോ, മറ്റെന്തെങ്കിലും പാനീയങ്ങളോ ഉപയോഗിക്കുന്നതിൽ തെറ്റില്ല എന്ന് ഈ പാരമ്പര്യ ത്തിൽപെട്ട ചില സഭകൾ കരുതുന്നു. അതിന് അവർക്ക് സ്വാതന്ത്ര്യവുമുണ്ട്. മാർത്തോമാസഭയിലെ ഒരു സീനിയർ മെത്രാപ്പോലീത്ത അടുത്തയിടെ നടത്തിയ ചില അഭിപ്രായ പ്രകടനങ്ങളെ ഇതിന്റെ വെളിച്ചത്തിൽ വേണം മനസ്സിലാക്കാൻ.

കേരളസഭയിൽ യൂറോപ്യൻ മിഷനറിമാരുടെ ആഗമനം വരെയും ഓരോ ഇടവക പള്ളിയിലും വിശുദ്ധകുർബാനയ്ക്കുള്ള വീഞ്ഞുണ്ടാക്കിയിരുന്നു. ചൈനയിൽ നിന്ന് സമൃദ്ധമായി ഇറക്കുമതി ചെയ്തിരുന്ന ഉണക്ക മുന്തിരിങ്ങ വെള്ളത്തിലിട്ട് കുതിർത്തി പിഴിഞ്ഞെടുത്ത ചാറാണ് ഇതിനായി ഉപയോഗിച്ചിരുന്നത്. ഏ.ഡി. 1502-ൽ വെനീസിൽ നിന്ന് പ്രസിദ്ധീകരിച്ച "ഇന്ത്യക്കാരൻ ജോസഫിന്റെ വിവരണം" (Narrative of Joseph the Indian) എന്ന 25 ലേറെ ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുള്ള പുസ്തകത്തിൽ ഇതു സംബന്ധിച്ച വിവരണംകാണാം.

കേരളസഭയിൽ ഇന്നത്തെ രീതിയിലുള്ള സാക്രമെന്റൽവൈൻ (കുർബാനവീഞ്ഞ്) ഉപയോഗിച്ചു തുടങ്ങിയത് ഉദയംപേരൂർ സൂനഹദോസി( 1599)നുശേഷമാണ്. ഇതിനാവശ്യമായ വീഞ്ഞ് പോർത്തുഗലിൽ നിന്ന് കൊണ്ടുവരുന്ന പതിവാണ് അന്നുണ്ടായിരുന്നത്. കുർബാനയ്ക്ക് ഉപയോഗിക്കേണ്ട വീഞ്ഞിനെപ്പറ്റി കാനൻ നിയമം വ്യക്തമായ നിർദേശം നല്കുന്നുണ്ട്. 1983-ലെ പാശ്ചാത്യ പൗരസ്ത്യ സഭകളുടെ കനൻ നിയമ സംഹിതകളിൽ (CIC No. 924, CCEO No. 706) മുന്തിരിയിൽ നിന്നും തയ്യാറാക്കിയ ശുദ്ധമായ വീഞ്ഞാണ് വിശുദ്ധ കുർബാനയ്ക്ക് ഉപയോഗിക്കേണ്ടത് എന്നു വ്യക്തമാക്കിയിരിക്കുന്നു.

1938-ൽ കൊച്ചി ദിവാൻ പുറപ്പെടുവിച്ച "കൊച്ചിൻ മാസ് വൈൻ റൂൾസ്" എന്ന പ്രത്യേക നിയമപ്രകാരമാണ് കേരളത്തിൽ കത്തോലിക്കാസഭയിലെ വിശുദ്ധ കുർബാനയ്ക്കാവശ്യമായ വീഞ്ഞുണ്ടാക്കുന്നത്. ഇത് 1969-ലെ കേരള ഗസറ്റിലെ വിജ്ഞാപനം വഴി നിയമപരമായി സാധൂകരിക്കപ്പെട്ടിട്ടുണ്ട്. അബ്കാരി ആക്ടിലും 1470-ലെ കേരള വൈനറി ചട്ടങ്ങളിലും നിർവചിക്കപ്പെടുന്ന വൈൻ കുർബാന വീഞ്ഞിൽ നിന്ന് തികച്ചും വ്യത്യസ്തമാണ്. അതിനാൽ സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തുന്ന സാഹചര്യത്തിലും കുർബാനവീഞ്ഞ് നിയമവിരുദ്ധമാകുന്നില്ല.

"കൊച്ചിൻ മാസ് വൈൻ റൂൾസ്" എന്ന പേരിൽ തന്നെ നിലനിറുത്തിയിരിക്കുന്ന നിയമത്തിൽ കുർബാന വീഞ്ഞിന്റെ നിർമ്മാണം, സ്റ്റോക്ക്ചെയ്യൽ, വിതരണം ഇവ സംബന്ധിച്ചും, സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ, ഫയൽ ചെയ്യേണ്ട റിട്ടേൺസ് എന്നിവയെ സംബന്ധിച്ചും വ്യക്തമായ നിർദ്ദേശങ്ങൾ നല്കിയിരിക്കുന്നു. ഇവയെല്ലാം കൃത്യമായി പാലിച്ചുകൊണ്ടാണ് സഭയിൽ പ്രത്യേകം നിയോഗിക്കപ്പെട്ടിട്ടുള്ളവർ കുർബാനയ്ക്കാവശ്യമായ വീഞ്ഞുണ്ടാക്കുന്നത്. കുർബാനയ്ക്കുപയോഗിക്കുന്ന വീഞ്ഞ് സാധാരണ മദ്യത്തിന്റെ ഇനത്തിൽപെടുത്താതെ ഒരു പ്രത്യേക പാനീയമായിട്ട് പരിഗണിക്കുന്നതുകൊണ്ടാണ് കുർബാന വീഞ്ഞിനെ സംബന്ധിച്ച് സർക്കാർ പ്രത്യേക നിയമങ്ങൾ നിർമ്മിച്ചത്. ഈ നിയമപ്രകാരമുള്ള ലൈസൻസാണ് വിവിധരൂപതകൾക്കും സന്ന്യാസസഭകൾക്കും നല്കപ്പെട്ടത്. ഇതിന്റെ ഉപയോഗം സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പരാതിയോ, ഏതെങ്കിലും കോടതിയിൽ കേസോ ഇതുവരെ ഉണ്ടായതായും അറിവില്ല.

ബാർ പൂട്ടിയാൽ പള്ളിയും പൂട്ടണം എന്ന ന്യായവാദമുന്നയിക്കുന്നവരോട് പറയട്ടെ; വിശുദ്ധ കുർബാന വൈൻ ഒരു ആൽക്കഹോളിക്ക് ലിക്കർ (മദ്യം) അല്ല. അത് സാധാരണ വീഞ്ഞുമല്ല. അത് വിശുദ്ധ കുർബാനയർപ്പിക്കുന്നതിനുമാത്രം ഉപയോഗിക്കുന്നതിനുള്ള പ്രത്യേക പാനീയമാണ്. ഒരൗൺസ് കുർബാനവീഞ്ഞിൽ നിന്ന് നൂറുകണക്കിനു വിശ്വാസികളാണ് വിശുദ്ധ കുർബാന സ്വീകരിക്കുന്നത്. ഇതിൽ നിയമവിരുദ്ധമായി ഒന്നുമില്ല. പൊതുസമൂഹത്തിന്റെ നന്മയ്ക്കല്ലാതെ യാതൊരുവിധ തിന്മയ്ക്കും ഇത് കാരണമാകുന്നുമില്ല. വിശ്വാസപരമായും ചരിത്രപരമായും ചെയ്തുവരുന്ന കാര്യം ഒരു വിവാദമാക്കി ജനങ്ങളിൽ തെറ്റിദ്ധാരണ ഉളവാക്കിയതിൽ കത്തോലിക്കാസഭയ്ക്ക് പ്രതിഷേധമുണ്ട്.

ഇപ്പോൾ നടക്കുന്ന വിവാദങ്ങൾ അനാവശ്യവും ദുരുദ്ദേശ്യപരവുമാണ്. ഇത് സ്വന്തം കാര്യം നേടാനായി എന്തു മുട്ടായുക്തിയും ഉപയോഗിക്കാൻ മടിക്കാത്തവരുടെ കുടിലതയിൽ നിന്നുണ്ടായിട്ടുള്ളതുമാണ്. പുതിയ മദ്യനയം സംബന്ധിച്ച് പരാതിയുള്ളവർ അവ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയാണ് വേണ്ടത്. ഏതെങ്കിലും സമുദായത്തിന്റെ വിശ്വാസത്തെയോ, ആചാരങ്ങളെയോ മറയാക്കി വളഞ്ഞ വഴിയിലൂടെ കാര്യം നടത്താൻ ശ്രമിക്കേണ്ടതില്ല. എന്നാൽ മദ്യവ്യവസായികളുടെയും തൊഴിലാളികളുടെയും ന്യായമായ പരാതികളും പ്രശ്നങ്ങളും കേൾക്കാനും പരിഹാരമുണ്ടാക്കാനുമുള്ള ഉത്തരവാദിത്വത്തിൽ നിന്ന് സർക്കാർ ഒഴിഞ്ഞുമാറുകയുമരുത്. ●

**ക്രിസ്തുവിന്റെ രക്തത്തിലുള്ള ഈ പുതിയ ഉടമ്പടിയുടെ നവീകരണവും പുനരാവിഷ്ക്കാരവുമാണ് ഓരോ വിശുദ്ധ കുർബാനയും. അതിനാൽ അപ്പവും വീഞ്ഞും ക്രൈസ്തവ ആരാധനയുടെ അവിഭാജ്യ ഘടകങ്ങളാണ്.**



# സ്ലീബാ പെരുന്നാൾ ചരിത്ര ഉല്പത്തി

വിശുദ്ധ സ്ലീബാ ക്രിസ്തീയ വിശ്വാസത്തിന്റെ കാതലും രക്ഷയുടെ അടയാളവുമാണ്. ഇത് അട യാളവും പ്രതീകവുമാണ്. നമ്മുടെ കർത്താവിന്റെ കുരിശു മരണത്തിന്റേയും പീഡാനുഭവത്തിന്റെയും അടയാളവും പുനഃരുത്ഥാനത്തിന്റെയും അതുമൂലം സ്വായത്തമാക്കിയ നിത്യ ജീവന്റെ പ്രതീകവുമാണ്.

റോമൻസഭ, പൗരസ്ത്യ ഓർത്തഡോക്സ് സഭ കൾ, പൗരസ്ത്യ കത്തോലിക്കാസഭകൾ, ആഗ്ലി ക്കൻ സഭകൾ ഇവകൂടാതെ പല പ്രോട്ടസ്റ്റന്റ് സഭ കളും കുരിശിന്റെ പുകഴ്ചയുടെ തിരുനാളും കർത്താവിന്റെ കബറിടത്തിലെ ദേവാലയത്തിന്റെ പ്രതിഷ്ഠയുടെ തിരുനാളും സെപ്റ്റംബർ 14-ാം തീയതി ആഘോഷിക്കുന്നു.

റോമൻ കത്തോലിക്കാ സഭയിൽ മെയ് മാസം 3-ാം തീയതിയായിരുന്നു കുരിശിന്റെ തിരുനാൾ. എന്നാൽ 1963- ൽ ഈ തിരുനാളിനെ “കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ” (Triumph of the Cross) എന്നു പുനർനാമകരണം ചെയ്തു. തുടർന്ന് 1970 -ൽ വത്തിക്കാൻ കൗൺസിലിന് ശേഷം മറ്റു സഭ കളെപ്പോലെ റോമൻ സഭയും സെപ്റ്റംബർ 14 വി. കുരിശിന്റെ തിരുനാളായി കലണ്ടറിൽ ചേർത്തു.

അർമേനിയൻ സഭയിൽ സെപ്റ്റംബർ 14ന് മുമ്പുള്ള ഞായറാഴ്ച മുതൽ ഒരാഴ്ചക്കാലത്തേക്ക് ആഘോഷങ്ങൾ നീണ്ടുനില്ക്കുന്നു. സുറിയാനി കയ്യെഴുത്തുപ്രതികളിൽ സെപ്റ്റംബർ-13 നാണ് ഈ തിരുനാൾ നിയോഗിച്ചിരിക്കുന്നത്. കാൽവരി മലയിൽ നിന്നും കർത്താവിന്റെ കുരിശിനെ കണ്ടെ ടുത്തത് സെപ്റ്റംബർ 13-ന് ആണെങ്കിലും അതിനെ പരസ്യവണക്കത്തിനായ് പ്രതിഷ്ഠിച്ചത് സെപ്റ്റം ബർ 14-ാം തീയതി ആയതുകൊണ്ടായിരിക്കാം അസീറിയരും മറ്റുള്ളവരും തമ്മിൽ തിരുനാൾ അനു സ്മരണ ദിവസത്തിൽ വ്യത്യാസം വരുവാനുണ്ടായ കാരണം.




**ഫാ. ഡേവിഡ് വടക്കുംമുറിയിൽ**

(മതബോധന ഡയറക്ടർ, തിരുവല്ല അതിരൂപത)


പൗരസ്ത്യ സുറിയാനിക്കാർക്കും(കൽദായ കത്തോലിക്കർക്കും സീറോ മലബാറുകാർക്കും, സൂറായ്ക്കാർക്കും) പാശ്ചാത്യ സുറിയാനിക്കാരും( സിറിയൻ കത്തോലിക്ക, മാറോനീത്താക്കാർ, മലങ്കര കത്തോലിക്കർ, യാക്കോബായ, മലങ്കര ഓർത്തഡോ ക്സ്കാർ, മാർത്തോമക്കാർ, മലബാർ സ്വതന്ത്ര സുറിയാനി സഭക്കാർ), പൗരസ്ത്യ സുറിയാനി ക്കാരും പാശ്ചാത്യ സുറിയാനിക്കാരും ഈ തിരുനാ ളിനെ “കുരിശിന്റെ കണ്ടെത്തൽ” (Invention of the Cross) എന്നാണ് വിളിക്കുന്നത്. അതു കൊണ്ടുതന്നെ പൗരസ്ത്യ- പാശ്ചാത്യ സുറിയാ നിക്കാർ ആദ്യകാലങ്ങളിൽ സെപ്റ്റംബർ 13ന് ആയി രിക്കാം ഈ തിരുനാൾ ആചരിച്ചിരുന്നത് എന്നനു മാനിക്കാം. സെപ്റ്റംബർ 13 ന് കുരിശ് കണ്ടെടുത്തെ ങ്കിലും സെപ്റ്റംബർ 14ന് അതിനെ വാഴ്ത്തി പുകഴ്ത്തി ജനങ്ങൾക്ക് കാണിച്ചു കൊടുത്തത് എന്ന് പീന്നിടുണ്ടായ വിശ്വാസമാണ്, സെപ്റ്റംബർ 13-ൽ നിന്നും 14-ലേക്ക് ഈ തിരുനാളിനെ മാറ്റുവാൻ ഇടയാക്കിയതെന്ന് കരുതുന്നു. അങ്ങനെയായി രിക്കാം ഈ തിരുനാളിന് ‘‘കുരിശിന്റെ പുക ഴ്ച(Exaltation of the Cross)എന്നു പേരു ലഭിക്കാൻ ഇടയായത്. ബൈസന്റയിൽ റീത്തിൽ സെപ്റ്റംബർ 14-ാം തീയതി പ്രഭാത പ്രാർത്ഥനയുടെ സമയത്ത് അൾത്താരയിൽ പ്രതിഷ്ഠിച്ചിരിക്കുന്ന കുരിശെടുത്ത്

ആഘോഷപൂർവ്വം ദേവാലയമദ്ധ്യത്തിൽ കൊണ്ടുവന്ന് ഭൂമിയുടെ നാലുദിക്കുകളിലേക്കും ഉയർത്തികാണിച്ചതിനുശേഷം അവിടെ സ്ഥാപിക്കുന്നു. തുടർന്ന് ഏഴു ദിവസത്തേക്ക് വിശ്വാസികൾ കുരിശിനെ ചുംബിച്ചു വണങ്ങുന്നു. ഗ്രീക്ക്- ഓർത്തഡോക്സ് സഭകളിൽ 12 പ്രധാന തിരുനാളുകളിൽ ഏറ്റവും പ്രധാനപ്പെട്ട തിരുനാളാണിത്.

## അന്ത്യോക്യൻ പാരമ്പര്യം

സ്ലീബാപെരുന്നാൾ (സെപ്റ്റംബർ 14) മുതൽ ആരാധനാവർഷം ആരംഭിക്കുന്ന കൂദോശ് ഈത്തോ ഞായർ വരെയുള്ള ഏഴ് ആഴ്ചകളാണ് സ്ലീബാക്കാലം എന്ന് അറിയപ്പെടുന്നത്. ആരാധനാക്രമ വത്സരത്തിലെ ഏഴ് കാലങ്ങളിൽ ഏറ്റവും അവസാനത്തേത്. ഈ കാലഘട്ടത്തിലെ പ്രധാന ധ്യാന വിഷയങ്ങൾ കോൺസ്റ്റന്റെയിൻ ചക്രവർത്തിയുടെ മാതാവായ ഹെലെനാരാജ്ഞി കർത്താവിന്റെ കുരിശ് കണ്ടെത്തി ജറുസലേമിൽ ഒരു ദേവാലയം നിർമ്മിച്ച് വി. സ്ലീബാ പ്രതിഷ്ഠിച്ചതിന്റെ ഓർമ്മ, കർത്താവിന്റെ രണ്ടാമത്തെ വരവിൽ വാനമേഘങ്ങളിൽ പ്രത്യക്ഷപ്പെടുന്ന സ്ലീബായുടെ ചിഹ്നത്തോടു കൂടിയ കർത്താവിന്റെ രണ്ടാമത്തെ വരവ്, ലോകാവസാനം, മരിച്ചവരുടെ പുനരുത്ഥാനം, അന്ത്യവിധി, സ്വർഗ്ഗീയ മണവറയിലെ വാസം എന്നിവയാണ്.

## കോൺസ്റ്റൻന്റെനും ക്രിസ്തുമതവും

ലാക്ടാൻ സ്യൂസ് എഴുതിയ 'ദെ മോർത്തെ പേർദിസക്യൂത്തോരും' എന്ന ഗ്രന്ഥത്തിൽ കോൺസ്റ്റന്റെൻ എപ്രകാരം ക്രൈസ്തവ വിശ്വാസിയായിത്തീർന്നു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.(Karl Bans, The Apostolic Community to Constantine, London, 1967, P.131) യേശുക്രിസ്തു സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് ഒരു പ്രത്യേക ചിഹ്നം കവചങ്ങളിലും, കൊടിക്കൂറകളിലും രേഖപ്പെടുത്താൻ ആവശ്യപ്പെട്ടു. ഈ ചിഹ്നം ക്രിസ്തു എന്ന വാക്കിന്റെ സൂചനാക്ഷരമായ ക്രിസ്തൂസ് ക്രൈസ്തവർ ഉപയോഗിച്ചിരുന്നു. അദ്ദേഹം സൈന്യത്തെ യേശുക്രിസ്തുവിന് ഭരമേല്പിച്ചു. ഈ യുദ്ധവിജയം യേശുവിന്റെ ശക്തികൊണ്ടാണെന്ന് തിരിച്ചറിഞ്ഞു.തിരുസഭാ ചരിത്രത്തിൽ യൗസേബിയോസ് ഇതിനെ വിവരിക്കുന്നത് ഇപ്രകാരമാണ്." യുദ്ധം ചെയ്യാൻ പോകുന്നതിനുമുമ്പേ ചക്രവർത്തി സ്വന്തം ദേവനോട് അപേക്ഷിച്ചു.എന്നാൽ സന്ധ്യാസമയത്ത് ആകാശത്തിൽ സൂര്യനു മുകളിൽ ശോഭിച്ചിരുന്ന കുരിശിന്റെ വിജയ ചിഹ്നം കണ്ടു. ഈ ചിഹ്നം ഉപയോഗിച്ചത് കീഴടക്കുക എന്ന വാചകവും ഉണ്ടായിരുന്നു. അടുത്ത രാത്രിയിൽ ക്രിസ്തു പ്രത്യക്ഷപ്പെട്ട് യുദ്ധത്തിൽ സംരക്ഷണം നൽകുവാനായി സ്ലീബാ ഉപയോഗിക്കാൻ ആവശ്യപ്പെട്ടു. (Eusebius vita Constantani, 1,27-32 cited in Kaul Baus. The Apostolic Community.....P.411) മേൽ പ്രസ്താവിച്ച കുരിശടയാളം കവചങ്ങളിൽ അടയാളപ്പെടുത്തിയതായി യൗസേബിയൂസ് രേഖപ്പെടുത്തിയിട്ടുണ്ട്.

ഇതേ സംഭവം അന്ത്യോക്യൻ പാരമ്പര്യത്തിൽ ശ്ഹീമോ നമസ്ക്കാരം ശുബഹോ വെള്ളി പ്രഭാത നമസ്കാരത്തിൽ ഇപ്രകാരം പാടുന്നു."കുസ്തനീനോസ് രാജൻ ആകാശത്തിൽ

കണ്ടാനൽഭൂതമായവിടെ സ്ലീബായിൽ ചിഹ്നം
ചിന്താകുലനായപ്പോൾ കേട്ടൊരു സ്വരവും
ഈയടയാളത്താലെ നീ വിജയം നേടീടും
വിഗ്രഹമെല്ലാം തല്ലിയുടച്ചു
സ്ലീബായെ മാത്രം മാനിച്ചു
സ്തുത്യൻ സ്ലീബായാത്മാവിനു
കോട്ട-യതാക്കിയവൻ."

## ഹെലനാരാജ്ഞിയും- കുരിശുകണ്ടെത്തലും

ആദിമ യഹൂദക്രൈസ്തവർ യേശുക്രിസ്തുവിന്റെ ഉത്ഥാനത്തിനുശേഷം ഗോഗുൽത്തായും യേശുവിന്റെ കബറിടവും സന്ദർശിക്കുകയും ചുംബിക്കുകയും ചെയ്തിരുന്നു. എന്നാൽ എ.ഡി 70-ൽ ദേവാലയം നശിപ്പിക്കുകയും ക്രൈസ്തവർ ചിതറിക്കപ്പെടുകയും ചെയ്തു. ഈ പ്രതികൂല പീഡനങ്ങൾക്ക് നടുവിലും ക്രൈസ്തവർ പതിവ് തുടർന്നുകൊണ്ടിരുന്നു. ഇതിനെ നിരോധിക്കുവാൻ ഹാർഡ്രയൻ (Hadrian) എ.ഡി 117-138 . ഗോഗുൽത്തായിൽ വീനസ് ദേവിയുടെയും കബറിങ്കൽ ഈനോ(Juno) ദേവിയുടെയും പേരിൽ ദേവാലയങ്ങൾ സ്ഥാപിച്ചു. ഇതിന്റെ ലക്ഷ്യം രക്ഷാകരസംഭവങ്ങളുടെ അടയാളങ്ങൾ മായിക്കുക എന്നതായിരുന്നു. Eusebius ഹാർഡ്രിയൻ രാജാവിന്റെ മൗഢ്യത്തെക്കുറിച്ച് ഇപ്രകാരം പറയുന്നു"They though it was possible to hide from the human race the splendor of the sun that had risen over the world. They did not yet understand that it is impossible to keep hidden under earth him who has won victory over earth.(Eusebius of Caesarea, De vita Constantine 316)

ഹെലേനാരാജ്ഞി ഗോഗുൽത്തായിൽ ചെല്ലുമ്പോൾ ഇപ്രകാരം ചെയ്തുവെന്ന് വി. അംബ്രോസ് രേഖപ്പെടുത്തുന്നു."Here is the battleground, but where is the victorions trophy?. Do I sit on the throne, while the cross of the Lord is buried in the dust? Am I surrendered by gold, and the trimph of Christ rubbble? Isee that you have done everything possible, O devil, to busy the sword which you were brought to naugh"(Ambrose, De obitu Theodosill, 43-44).കോൺസ്റ്റന്റെൻ ചക്രവർത്തിയുടെ മാതാവായ ഹെലേനരാജ്ഞി ക്രിസ്തു മരണം വരിച്ച കുരിശ് കണ്ടെത്തുവാനായി ജറുസലേമിലേക്ക് വരികയും യഹൂദന്മാരെ സമീപിക്കുകയും ചെയ്തു. എന്നാൽ യഹൂദർ ക്രിസ്തുവിന്റെ കുരിശ് കാണിച്ചു കൊടുക്കുവാൻ തയ്യാറായില്ല. ഇതിൽ കുപിതയായ രാജ്ഞി യൂദസ് എന്ന യഹൂദ നേതാവിനെ കിണറ്റിൽ ഇടുകയും 6-ാം ദിവസം അവന് മാനസാന്തമുണ്ടാവുകയും അവൻ ക്രിസ്ത്യാനിയാവുകയും കിരിയാക്കിസ് (Kyriakin- he who belongs to the Lord) എന്ന നാമം സ്വീകരിക്കുകയും ചെയ്തു. ഹെലേന രാജ്ഞി കുരിശു

കണ്ടെത്തുന്നതിനെപ്പറ്റി ശ്ഹീമോ നമസ്ക്കാരം ശുബഹോ രാത്രി ഒന്നാം കൗമായിൽ ഇപ്രകാരം പാടുന്നു.

രാജപുരിറോമായിൽ നിന്നെത്തിയൂർശ്ലേമിൽ
സ്ലീബായെ നമിച്ചീടാനായ് ഹെലേനി രാജ്ഞി
യൂദന്മാരെ കൂട്ടിട്ടവളോതി
കാണിച്ചിടുവിൻ സ്ലീബായിൽ സ്ഥാനം
ഉത്തരമവരോതി ഞങ്ങൾക്കുണ്ടേകൻ-ഗുരുവായ്
അവനെ സ്വാധീനിച്ചീടിൻ സ്ലീബാതരുവിന്റെ
ഹാലേലൂയ്യ-സ്ഥാനം കാട്ടീടും.

ഗോഗുൽത്തായിൽ എത്തിച്ചേർന്ന ഹെലേന രാജ്ഞിയ്ക്ക് മൂന്ന് കുരിശുകൾ കണ്ടെത്താനായി. ഏതാണ് ക്രിസ്തുവിന്റെ കുരിശ് എന്ന് തിരിച്ചറിയുവാൻ സാധിച്ചില്ല- എന്നാൽ മാറാരോഗിയായി മരണത്തോട് മല്ലടിച്ചിരുന്ന ഒരു സ്ത്രീയെ ഈ മൂന്ന് കുരിശുകളും ചുംബിപ്പിച്ചു. എപ്പോൾ ക്രിസ്തുവിന്റെ കുരിശിനെ ചുംബിച്ചുവോ അപ്പോൾ അവൾക്ക് സൗഖ്യം ലഭിച്ചു. ഈ അത്ഭുതമാണ് കർത്താവിന്റെ കുരിശിനെ കണ്ടെത്തുവാൻ സഹായിച്ചത്.

## സ്ലീബായുടെ പുകഴ്ച

സ്ലീബാ കണ്ടെത്തിയതിനെത്തുടർന്ന് യേശുക്രിസ്തു കുരിശിൽ മരിച്ച സ്ഥലമായ ഗോഗുൽത്തായിൽ 'Martyrion' എന്ന പേരിലും ഉയിർന്ന സ്ഥലത്ത് 'Anastasis' എന്ന പേരിലും എ.ഡി 335 സെപ്റ്റംബർ 14-ാം തീയതി കോൺസ്റ്റന്റെൻ ചക്രവർത്തിയുടെ കാലത്ത് ദേവാലയങ്ങൾ സ്ഥാപിക്കപ്പെട്ടു. ഇതേത്തുടർന്നുള്ള ആഘോഷങ്ങൾ ഏഴ് ദിവസത്തേയ്ക്ക് നീണ്ടുനിന്നു. ഹെലേനാ രാജ്ഞി റോമിലേക്കുള്ള യാത്രയിൽ വി. കുരിശിന്റെ മൂന്ന് പ്രധാന ഭാഗങ്ങൾ, ക്രിസ്തു യഹൂദരുടെ രാജാവ് INRI എന്നെഴുതിയ ഫലകം, ക്രിസ്തുവിനെ തറച്ച ആണികളിൽ ഒരെണ്ണം, തലയിൽ ധരിച്ച മുൾക്കിരീടത്തിന്റെ ചില ഭാഗങ്ങൾ, പീലാത്തോസ് വിചാരണ ചെയ്ത പ്രത്തോറിയത്തിലെ കല്ല്, യേശുക്രിസ്തു മൂന്ന് പ്രാവിശ്യം വീണ സ്ഥലത്തെ മണ്ണ് എന്നിവ റോമിലേക്ക് കൊണ്ടുപോയി.

കുരിശു കൊണ്ടുള്ള ജറുസലേമിൽ നിന്ന് റോമിലേക്കുള്ള യാത്രയെക്കുറിച്ച് ഇപ്രകാരം പാടുന്നു.

സ്ലീബാതൻതരു ഊറിശിലേമിൽ നിന്നു തിരിച്ചു
തരണം ചെയ്താദേശമതെല്ലാം മാനിച്ചതിനെ
നൃപനുടെ മാതാവെഴുതിയ കത്തുടനണയുകയായി
എത്തി-സ്ലീബാ സ്വാഗതമേകാൻ എഴുന്നേറ്റാലും
കുസ്തന്തീനോസ് നൃപനും കേട്ടാൻ കുരിശാഗമനം
സൈന്യങ്ങളുമായ് ചെന്നാനതിനെയെതിരേല്പാനായ്
എതിരേല്പാനായ് ശ്രേഷ്ഠചാര്യന്മാരെക്കൂട്ടി
പോയാൻ ഭക്ത്യാ-വന്ദിച്ചതിനെ മാനിപ്പാനായ്
ദർശിച്ചപ്പോൾ ശിരസ്സു വണങ്ങിയാരാധിച്ചു
കൈകളുയർത്തി സ്തുതിചെയ്തേവം ആർത്തു പറഞ്ഞു.

നാശമതീന്നും സ്ലീബാമറച്ചോൻ താതനു സ്തുതിയും
കുസ്ത-ന്തീനതു വെളിവാക്കിയ സുതനാരാത്മാനു സ്തോത്രം
നാഥാ, സ്ലീബാ ചിറകാലിവരെ സംരക്ഷിക്ക.
(വെള്ളി-പ്രഭാതം)

ജറുസലേമിൽ നിന്ന് ഹെലേനരാജ്ഞി കൊണ്ടുപോയ വി. കുരിശിന്റെയും മറ്റു പൂജ്യവസ്തുക്കളുടേയും തിരുശേഷിപ്പുകൾ തന്റെ കൊട്ടാരമായ Palatium Sessorianum ൽ സൂക്ഷിക്കുകയും ചെയ്തു. തന്റെ അമ്മയുടെ മരണശേഷം കോൺസ്റ്റന്റെൻ ചക്രവർത്തി ഈ പൂജ്യവസ്തുക്കൾ Sessorian ബസിലിക്ക നിർമ്മിച്ച് അതിൽ സൂക്ഷിക്കുകയും ചെയ്തു. ഈ ബസിലിക്ക Hierusalem-വിശുദ്ധ ജറുസലേം എന്ന പേരിലും അറിയപ്പെടുന്നു. ●

## കുടുംബവേദി

25-ാം പേജ് തുടർച്ച

തലങ്ങളിലും ഒരുപോലെ സംതൃപ്തിപ്പെടാത്ത അവസ്ഥയിൽ കുടുംബത്തിന് സന്തോഷവും സമാധാനവും ഇല്ല. ഇത് പലപ്പോഴും ഒന്നോ രണ്ടോ തലങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. കുടുംബങ്ങൾ സ്വർഗ്ഗത്തിന്റെ കൊച്ചു കൊച്ചു പതിപ്പുകളായി മാറണം.


ഇന്ന് എന്റെ കുടുംബത്തിന്റെ അവസ്ഥയെന്ത്? എന്റെ കുടുംബത്തിൽ ദൈവം ആഗ്രഹിക്കുന്ന സ്വസ്ഥതയും സമാധാനവുമുണ്ടോ? ദൈവം എനിക്കു ദാനമായി നൽകിയിരിക്കുന്ന മക്കളെ ഒന്നുപോലെ കാണാൻ എനിക്കു കഴിയുന്നുണ്ടോ? എന്റെ പെൺമക്കൾക്ക് ആൺമക്കൾക്കു തുല്യം അംഗീകാരവും ബഹുമാനവും നൽകുന്നതിൽ ഞാൻ പരാജയപ്പെട്ടോ?

കുടുംബത്തിൽ ദമ്പതികൾ പരസ്പരം നൽകുന്ന അംഗീകാരവും ബഹുമാനവും തലമുറകൾ സാംശീകരിക്കും. അപ്പോഴെ യഥാർത്ഥ ധാർമ്മികത കൈവരുകയുള്ളൂ. ഈ ധാർമ്മികത കാൽവരി കുരിശിൽനിന്ന് യേശുനാഥൻ നമുക്കായി നൽകി. യേശു അമ്മയോട് പറഞ്ഞു: "സ്ത്രീയേ, ഇതാ, നിന്റെ മകൻ. അനന്തരം അവൻ ശിഷ്യനോട് പറഞ്ഞു: ഇതാ നിന്റെ അമ്മ" (യോഹ. 19:26-27).

മഹത്തായ ഈ സന്ദേശം കുടുംബത്തിൽ മുളപ്പിച്ചു വളർത്തി തലമുറകൾക്ക് കൈമാറുന്നതിൽ നാം വിജയിച്ചാൽ, സമൂഹത്തിൽ കാണുന്ന ഓരോ സ്ത്രീയെയും തന്റെ അമ്മയായി, അതേ പരിശുദ്ധ അമ്മയായി തന്നെ കാണാൻ, തലമുറകളെ പഠിപ്പിച്ചാൽ ഈ ലോകം ധന്യമാകും. ●



# ബത്തേരി രൂപത: കുടിയേറ്റത്തിന്റെ നാളുകളിലൂടെ



റൈറ്റ്. റവ. മാത്യൂസ് ചാമക്കാലായിൽ റമ്പാൻ

(കഴിഞ്ഞലക്കം തുടർച്ച)

ബത്തേരി കത്തോലിക്കാ രൂപതയുടെ വിവിധ പ്രവർത്തനങ്ങളും മലബാറിലെ മലങ്കര മക്കൾക്ക് ഏറെ സന്തോഷം നൽകിയ സഭാസംഭവമായിരുന്നു ബത്തേരി രൂപതാസ്ഥാപനവും വന്ദ്യ സിറിൽ മാർ ബസേലിയോസ് തിരുമേനിയുടെ നിയമനവും. 1979 ഫെബ്രുവരി 2-ന് വന്ദ്യപിതാവ് രൂപതാ ശുശ്രൂഷ ഏറ്റെടുത്തു. കേരളത്തിലെ അഞ്ചു ജില്ലകളും തമിഴ്നാട്ടിലെ 3 ജില്ലകളും കർണ്ണാടകയിലെ 7 ജില്ലകളും ഉൾപ്പെടുന്ന 25000-ലധികം ചതുരശ്ര കി.മീറ്ററാണ് രൂപതയുടെ വിസ്തൃതി. 40 ഇടവകകളും 18 രൂപതാ വൈദികരും 2 ബഥനി സന്യാസ വൈദികരും മീനങ്ങാടിയിൽ ഒരു സന്യാസ ഭവനവും; പുളിക്കലോടി, വേളംകോട്, ഉപ്പടി പ്രദേശങ്ങളിൽ 3 ബഥനി മഠങ്ങളും 13 ബഥനി സിസ്റ്റേഴ്സും ദീനസേവന സന്യാസിനി (D.S.S.)കൾക്കായി, കോളിത്തട്ട്, ചെതലയം, രുജിബാൽത്തില പ്രദേശങ്ങളിൽ 3 മഠങ്ങളും 17 സിസ്റ്റേഴ്സും 8500 മലങ്കര സഭാ വിശ്വാസികളുമായിരുന്നു ഈ രൂപതയിൽ. വിസ്തൃതമായ ഈ ഭൂപ്രദേശത്ത് യാത്രാ സൗകര്യം വളരെ കുറവായ കാലത്ത്, സാമ്പത്തിക പരിമിതി ഏറെ അനുഭവപ്പെട്ട സമയങ്ങളിൽ രൂപതാ ഭരണം ഏറ്റെടുത്തത് അദ്ധ്യാപകനടുത്ത സൂക്ഷ്മബുദ്ധിയും പ്രഭാഷചാതുര്യവും തത്വജ്ഞാനിയുടെ ദാർശനികതയും ദൈവശാസ്ത്രജ്ഞന്റെ ദൈവാനുഭവവും മനഃശാസ്ത്രജ്ഞന്റെ പരഹൃദജ്ഞാനവും അജഗണങ്ങളെ പേരുചൊല്ലി വിളിക്കാനും മുൻപിൽ നടന്ന് നയിക്കാനുമുള്ള ഇടയനടുത്ത ഹൃദയവും സർവ്വോപരി ദൈവാശ്രയബോധവും വന്ദ്യപിതാവിനെ ഏവർക്കും സാലഭ്യനും ആദരമീയനുമാക്കി മാറ്റി. 1965-ൽ ബ. സിറിൽ അച്ചൻ വടവാതൂർ സെമിനാരിയിൽ അദ്ധ്യാപകനായി നിയമിക്കപ്പെട്ട വർഷം തന്നെ തത്വശാസ്ത്ര വിദ്യാർത്ഥിയായി ഞാനും അവിടെയെത്തി. അദ്ധ്യയന വർഷാരംഭത്തിൽ ബ. അച്ചൻ നടത്തിയ പ്രഭാഷണം ഏവരെയും അത്ഭുതപ്പെടുത്തി. ആശയക്ലിപ്തത, വാചാലത, ഭാഷാ സ്വാധീനം, അവതരണരീതി എല്ലാം എല്ലാവരെയും ആകർഷിച്ചു.

എന്നും എപ്പോഴും സാലഭ്യനായും ഏതു പ്രശ്നത്തിനും അവസാനവാക്കായും എല്ലാവരെയും നയിച്ച നല്ല ഇടയൻ, ആ വലിയ ഹൃദയത്തിൽ എല്ലാവർക്കും സ്ഥാനം നൽകി. കൊച്ചുകണ്ണുകലിൽ എല്ലാവരെയും കണ്ടു; എല്ലാവരെയും സ്നേഹിച്ചു. ആ ദീപ്തമായ ഓർമ്മയ്ക്കു മുന്നിൽ ശിരസ് നമിക്കുന്നു.

## സെമിനാരി സ്ഥാപനം

ഒരു രൂപതയുടെ സമ്പത്ത് ആത്മീയ അടിത്തറയിൽ വളർത്തിയെടുത്ത വൈദികരാണ്. ആദ്യം പണിത കെട്ടിടം സെമിനാരിക്കുവേണ്ടി. അതുവരെ കപ്പൂച്ചിൻ അച്ചന്മാരുടെ അൽവേർത്തം ആശ്രമം കെട്ടിടത്തിലാണ് സെമിനാരി ആരംഭിച്ചത്. സെമിനാരിക്കാരെ സന്ദർശിക്കുക, വി. കുർബാന ചൊല്ലി, ക്ലാസുകൾ എടുക്കുക വന്ദ്യപിതാവിന്റെ പ്രവർത്തന

ശൈലി ആയിരുന്നു. ബത്തേരിയിൽ ആയിരുന്ന എല്ലാ വെള്ളിയാഴ്ചകളിലും ധ്യാനത്തിനും ഉപവാസത്തിനുമായി മാറ്റിവെച്ചിരുന്നു. നമ്പ്യാർകുന്നിലെ ധ്യാനാശ്രമത്തിലും മീനങ്ങാടിയിലെ ബഥനി ആശ്രമത്തിലും ദിനങ്ങൾ ചെലവഴിച്ചിരുന്നു. രാത്രിയുടെ കുറെ വൈകിയ വേളകളിൽപോലും ജപമാല ചൊല്ലിക്കൊണ്ട് അരമനയ്ക്ക് പുറത്തും അകത്തും വിശുദ്ധ കുർബ്ബാനയുടെ മുമ്പിലും ചെലവഴിച്ച വന്ദ്യ പിതാവിനെ ആദരവോടെ മാത്രമേ അനുസ്മരിക്കാനാവൂ. സെമിനാരി റെക്ടറായി പ്രവർത്തിച്ച വന്ദ്യ തോമസ് താന്നിക്കാക്കുഴി അച്ചനെയും വദ്യ മാത്യു നെടുങ്ങാട്ട് അച്ചനെയും അനുസ്മരിക്കുന്നു.

## വിദ്യാഭ്യാസ സ്ഥാപനങ്ങൾ

സംഘടനകൊണ്ടു ശക്തരാവുക, വിദ്യകൊണ്ട് പ്രബുദ്ധരാവുക എന്നതെല്ലാം പ്രാവർത്തികമാക്കിയ വിദ്യാഭ്യാസ വിചിഷണനായിരുന്നു വന്ദ്യ പിതാവ്. നിലവിലുണ്ടായിരുന്ന വേളംകോട് സ്കൂൾ ഉപ്പട്ടി

**16 വർഷത്തെ നിസ്തുലമായ സേവനത്തിനുശേഷം അനന്തപുരിയുടെ ആത്മീയാചാര്യനായി വന്ദ്യപിതാവ് സ്ഥാനമേറ്റു. 2007 ജനുവരി 18 – ന് മലങ്കര സഭയുടെ ആദ്യത്തെ കാതോലിക്കാ ബാവാ ജനമനസുകളെ വേദനിപ്പിച്ച് കണ്ണുകളെ ഈറനണിയിച്ച് നിത്യഭവനത്തിലേക്ക് യാത്രയായി. എന്നാൽ ഇന്നും ജനമനസ്സുകളിൽ ആ വന്ദ്യപിതാവ് ജീവിക്കുന്നു.**

സ്കൂൾ എന്നിവ പുതുക്കപ്പണിയുകയും പുതുതായി വളരെ സ്കൂളുകൾ വാങ്ങുകയോ ആരംഭിക്കുകയോ ചെയ്തിട്ടുണ്ട്. ബത്തേരിയിലെ ആദ്യത്തെ ഇംഗ്ലീഷ് സ്കൂൾ - സെന്റ് ജോസഫ് - വന്ദ്യപിതാവിന്റെ സ്വപ്നപുത്രിയായിരുന്നു. വയനാട്ടിലെ രണ്ടാമത്തെ കോളജ് - പഴശ്ശിരാജാ - വന്ദ്യപിതാവിന്റെ മാനസ പുത്രിയാണ്. അങ്ങനെ അനേകം വിദ്യാഭ്യാസ സ്ഥാപനങ്ങൾ രൂപതയുടെ എല്ലാ മേഖലകളിലും ആരംഭിച്ചു. വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുകയും വിദ്യാസമ്പന്നരെ വിവിധ സ്കൂളുകളിൽ നിയമിക്കുകയും ചെയ്തു. അറിവുകൊണ്ടും അർത്ഥം കൊണ്ടും ഇടവകകളെ സമ്പന്നമാക്കി. രൂപതാ കോർപ്പറേറ്റ് മാനേജർമാരായി പ്രവർത്തിച്ച ബ. മാളിയേക്കൽ, ബ. കണ്ടത്തിൽ എന്നീ വൈദികരെ അഭിമാനത്തോടെ അനുസ്മരിക്കുന്നു.

## സാമൂഹ്യക്ഷേമ പ്രവർത്തനം, ശ്രേയസ്

ശ്രീ. യശസ് - (ഐശ്വര്യം + പ്രശസ്തി). ഇത് രണ്ട് വാക്കുകളുടെയല്ല രണ്ടു സാദ്ധ്യതകളുടെ സംയോഗമാണ്. ഒരു വ്യക്തിക്ക് സമൂഹത്തിൽ ഉണ്ടായിരിക്കേണ്ട രണ്ട് കാര്യങ്ങൾ - ഐശ്വര്യവും, പ്രശസ്തിയും. ഈ സംഘടനയിലെ അംഗങ്ങൾക്കുണ്ടാകണം എന്ന ലക്ഷ്യമാണീ ക്ഷേമപ്രവർത്തനങ്ങളുടെ ആത്യന്തിക ലക്ഷ്യം. ഈ ലക്ഷ്യപ്രാപ്തിക്കായി ഓരോ ഇടവകയേയും സാമൂഹ്യക്ഷേമ പ്രവർത്തനത്തിന്റെ ഓരോ യൂണിറ്റായി മാറി. ഇന്ന് എല്ലാവർക്കും സുപരിചിത വാക്കുകളായ കുടുംബ കൂട്ടായ്മ, കുടുംബശ്രീ, അയൽക്കൂട്ടം, ലഘുനിക്ഷേപ പദ്ധതി, വനിതാ ശാക്തീകരണം, ജനങ്ങളുടെ ബാങ്ക്, കർഷിക സംഘം, ക്രെഡിറ്റ് യൂണിയൻ... എല്ലാം ഈ സംഘടനാ പ്രവർത്തനത്തിലൂടെ ജനത്തിനു പരിചയപ്പെടുത്തിയത് ശ്രേയസ് ആണ്. ഇന്നും ശ്രേയസ് സാമൂഹ്യക്ഷേമ പദ്ധതിയുടെ അവസാന വാക്ക് ആണ്. അക്കാലത്ത് രൂപതാ സോഷ്യൽ ഡയറക്ടർ ആയിരുന്ന ബ. ജോസ് പാലക്കാടൻ അച്ചനെ ആദരവോടെ അനുസ്മരിക്കുന്നു.

**സ്രോതസ്:** രൂപതയിലെ മതബോധന പ്രസ്ഥാനത്തിനും അതിന്റെ രൂപതാ കാര്യാലയത്തിനുമുള്ള പേരുതന്നെ ആത്മീയതയുടെ പ്രഭവസ്ഥാനമാണിത്. വിശ്വാസജീവിത പരിശീലനമാണ് ഇത് അർത്ഥമാക്കുന്നത്. ദൈവം ലോകത്തിനു നൽകുന്ന അനുഗ്രഹം സഭ ഏറ്റുവാങ്ങി ലോകത്തിനു നൽകുന്ന പ്രക്രിയയാണിത്. വിശ്വാസ വിഷയങ്ങളിൽ പാണ്ഡിത്യമുള്ള 10 പേർ അടങ്ങുന്ന ഒരു ടീം എല്ലാ ഇടവകകളിലും ഉണ്ടായിരിക്കണം. ബൈബിളും സഭാചരിത്രവും മതബോധന പാഠപുസ്തകങ്ങളും ഇവർ പഠനവിഷയമാക്കണം. സൺഡേ സ്കൂൾ ഡയറക്ടറായി പ്രവർത്തിച്ചവർ ബ. ചാക്കോ നരിമറ്റത്തിൽ, ബ. മാത്യു ചാമക്കാലായിൽ എന്നീ വൈദികരാണ്.

**പ്രതീക്ഷ:** ലോകത്തിനു പ്രതീക്ഷയുടെ പ്രകാശം പ്രസരിപ്പിക്കുന്നതിന് പ്രാപ്തരായ യുവജനങ്ങളെ പരിശീലിപ്പിക്കുന്ന പഠനകേന്ദ്രമാണിത്. ഇന്ന് രൂപതയുടെ അജപാലന കേന്ദ്രമായി അറിയപ്പെടുന്നു. ബ. ഫിലിപ്പ് പുത്തൻകണ്ടത്തിൽ, ബ. മാത്യു കണ്ടത്തിൽ ഇവരെ അനുസ്മരിക്കുന്നു.

**സന്നിധാനം:** ദൈവശുശ്രൂഷയിലൂടെയും കൂദാശകളുടെ അനുഷ്ഠാനങ്ങളിലൂടെയും നിത്യതയിലേക്കും നിത്യസമ്മാനം പ്രാപിക്കാനുള്ള ഒരു യാത്രയിലും ആണല്ലോ വൈദികർ. ദൈവസന്നിധി പ്രാപിക്കുമ്പോഴാണല്ലോ പൗരോഹിത്യം പൂർണ്ണമാകുന്നത്. ആ യാത്രയിലുള്ള ഒരു വിശ്രമജീവിതം നയിക്കുമ്പോഴും വൈദികർ ദൈവസന്നിധിയിൽ ആണെന്നും അവിടുത്തെ കരങ്ങളിൽ സുരക്ഷിതവും സംരക്ഷിതരും ആണെന്ന അവബോധം നൽകാൻ ഈ വൃദ്ധമന്ദിരം ഉപകരിക്കുന്നു. വന്ദ്യപിതാവിന്റെ പിതൃഹൃദയത്തിൽ വൈദികർക്കൊരു സ്ഥാനമുണ്ടെന്ന് ഈ ഭവനം അവരെ അനുസ്മരിപ്പിക്കുന്നു. 16 വർഷത്തെ നിസ്തുലമായ സേവനത്തിനുശേഷം അനന്തപുരിയുടെ ആത്മീയാചാര്യനായി വന്ദ്യപിതാവ് സ്ഥാനമേറ്റു. 2007 ജനുവരി 18 -ന് മലങ്കര സഭയുടെ ആദ്യത്തെ കാതോലിക്കാ ബാവാ ജനമനസുകളെ വേദനിപ്പിച്ച് കണ്ണുകളെ ഈറനണിയിച്ച് നിത്യഭവനത്തിലേക്ക് യാത്രയായി. എന്നാൽ ഇന്നും ജനമനസ്സുകളിൽ ആ വന്ദ്യപിതാവ് ജീവിക്കുന്നു. ആ പാവന സ്മരണയ്ക്കു മുൻപിൽ രൂപതയുടെ ഒരു ശിഷ്യന്റെ പ്രണാമം അർപ്പിക്കുന്നു.

## അഭിവന്ദ്യ ഗീവർഗീസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്ത:

1997 ഫെബ്രുവരി 5-ന് രൂപതയുടെ ദ്വിതീയ മെത്രാനായി വന്ദ്യപിതാവ് രൂപതാ ശുശ്രൂഷ ഏറ്റെടുത്തു. നിങ്ങൾക്കുവേണ്ടി ഞാൻ എന്നെ വിശുദ്ധീകരിക്കുന്നു എന്നതായിരുന്നു വന്ദ്യപിതാവിന്റെ ആപ്തവാക്യം. ഇന്നും ഈ വിശുദ്ധീകരണ പ്രക്രിയ മാറ്റമില്ലാതെ തുടരുന്നു. സ്ഥലകാല ഭേദമില്ലാതെ, പാവങ്ങളുടെ പിതാവ് എന്ന് അദ്ദേഹത്തെ വിളിച്ചാൽ അതു ഏറെ സത്യമാണെന്ന് അനേകർ സാക്ഷ്യപ്പെടുത്തും. അഞ്ചു സഹോദരിമാരുടെ മൂത്ത സഹോദരനായതിനാൽ ആവാം കുട്ടികളുടെ പഠനകാര്യങ്ങളിലും ജോലി കാര്യങ്ങളിലും പിതാവ് ഏറെ ശ്രദ്ധാലുവായിരുന്നത്. അനേക കുടുംബങ്ങളെ വിദ്യാഭ്യാസത്തിലൂടെ സാമ്പത്തികമായി ഉയർത്തി എന്നത് എടുത്തുപറയേണ്ട കാര്യമാണ്. ദേവാലയങ്ങൾ പുതുതായി ആരംഭിക്കുന്നതിനും പുതുക്കിപ്പണിയുന്നതിനും വൈദികമന്ദിരങ്ങൾ പണിത് വൈദികർക്ക് സംരക്ഷണവും സുരക്ഷിതത്വവും നൽകാനും വന്ദ്യപിതാവ് ഏറെ ശ്രദ്ധിച്ചിരുന്നു. B.Ed. College, TTI, AITEC എന്നീ വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭിച്ചതും വന്ദ്യപിതാവിന്റെ കാലത്തുതന്നെ. 2010-ൽ ബത്തേരി രൂപത വിഭജിച്ച് പുത്തൂർ കേന്ദ്രമായി പുതിയ രൂപത ആരംഭിച്ചു. കർണ്ണാടക സംസ്ഥാനത്ത് വളർന്നുവന്ന് ആ നാട്ടിലെ ഭാഷയും സംസ്കാരവും ആചാരവും എല്ലാം വന്ദ്യപിതാവിന് രൂപതാ പ്രവർത്തിന് ഏറെ സഹായകമായി. നല്ല സംഗീതജ്ഞനാണ്. മെത്രാന്മാരിലെ സംഗീതജ്ഞനും സംഗീതജ്ഞന്മാരിലെ മെത്രാനും എന്നും അദ്ദേഹത്തെ വിശേഷിപ്പിക്കാം. ആയുരാരോഗ്യം പ്രാർത്ഥനാപൂർവ്വം ആശംസിക്കുന്നു.

## അഭിവന്ദ്യ ജോസഫ് മാർ തോമസ് മെത്രാപ്പോലീത്ത

2010 ഏപ്രിൽ 10-ന് ബത്തേരി രൂപതയുടെ ത്രിതീയ മെത്രാനായി വന്ദ്യ പിതാവ് ചുമതലയേറ്റെടുത്തു. വർഷങ്ങൾ നീണ്ട പഠനത്തിലൂടെ ലഭിച്ച പാണ്ഡിത്യവും കാൽ നൂറ്റാണ്ടിലധികം വിവിധ സ്കൂളുകളിലും കോളജിലും പഠിപ്പിലെ പരിചയവും ഭരണ നേതൃത്വവും 5 വർഷത്തിലധികം അമേരിക്കയിലും യൂറോപ്പിലും നിർവഹിച്ച ശ്രേഷ്ഠാചാര്യ പദവിയും കൈമുതലാക്കിക്കൊണ്ടാണ് വയനാട്ടിലേക്ക് വന്ദ്യ പിതാവ് എത്തിയത്. അദ്ധ്യാപകനിലെ മെത്രാനും മെത്രാന്മാരിലെ അദ്ധ്യാപകനും എന്ന് വന്ദ്യപിതാവിനെ വിശേഷിപ്പിക്കാം. വിദ്യാഭ്യാസത്തിലൂടെ മാത്രമേ രൂപതയുടെ ഭാവി സുരക്ഷിതമാകൂ എന്നതാണ് വന്ദ്യപിതാവിന്റെ ബോധ്യം. വളരുന്ന തലമുറയ്ക്ക് ഉപരിപഠനത്തിലുള്ള കേന്ദ്രങ്ങൾ ആരംഭിക്കുന്നതിൽ ചുരുങ്ങിയ കാലംകൊണ്ട് വന്ദ്യപിതാവ് വിജയിച്ചു. പുതുതായി 3 കോളജുകൾ ആരംഭിച്ചു. നിലവിലുള്ളവയിൽ പുതിയ കോഴ്സുകൾ തുടങ്ങി. രൂപതയിലെ വിദ്യാഭ്യാസത്തിന്റെ സുവർണ്ണകാലം എന്ന് വിശേഷിപ്പിക്കാം വന്ദ്യപിതാവിന്റെ നാലുവർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുമ്പോൾ. ഇടവക ജനങ്ങളെ അടുത്തറിയാൻ ഇടവക സന്ദർശനത്തോടൊപ്പം ഭവന സന്ദർശനവും ആരംഭിച്ചു. അജപാലന ശുശ്രൂഷയുടെ ഒരു പുതിയ മുഖം ജനങ്ങൾക്ക് ദൃശ്യമായി. ജീവിതപ്രശ്നങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കാനും ജനങ്ങളോട് പക്ഷം ചേർന്ന് സാമൂഹിക തിന്മകളെ ചെറുക്കാനുമുള്ള ജനകീയ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും വന്ദ്യ തിരുമേനി കാണിച്ച ധീരമായ നേതൃത്വം ഏറെ പ്രശംസനീയമാണ്. വയനാടിന്റെ പ്രത്യേക പ്രശ്നങ്ങളായ രാത്രികാല യാത്രാ നിരോധനം, വയനാടിനെ കടുവാ സങ്കേതമാക്കാനുള്ള നീക്കം, വയനാട്ടിലേക്ക് ട്രെയിൻ ഗതാഗതം കൊണ്ടുവരാനുള്ള ശ്രമം, ഗാഡ്ഗിൽ, കസ്തൂരിരംഗൻ റിപ്പോർട്ടിനെപ്പറ്റി പഠിച്ച് ജനങ്ങളെ പ്രബുദ്ധരാക്കാനുള്ള ശ്രമം, വയനാട് എക്യുമെനിക്കൽ പ്രവർത്തനങ്ങളോടുള്ള സഹകരണം, ആദിവാസികളുടെ ജീവിത നിലവാരം ഉയർത്താൻ ശ്രേയസിനെ

**ജീവിതപ്രശ്നങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കാനും ജനങ്ങളോട് പക്ഷം ചേർന്ന് സാമൂഹിക തിന്മകളെ ചെറുക്കാനുമുള്ള ജനകീയ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും വന്ദ്യ തിരുമേനി കാണിച്ച ധീരമായ നേതൃത്വം ഏറെ പ്രശംസനീയമാണ്.**

പ്രാപ്തമാക്കുന്ന പ്രവർത്തനം, എന്നുവേണ്ട വന്ദ്യപിതാവ് കൈവയ്ക്കാത്ത പ്രവർത്തനങ്ങൾ അധികമില്ല. സഭയിലും സമൂഹത്തിലും കെ.സി.ബി.സി. യുടെ വനിതാ കമ്മീഷൻ ചെയർമാൻ എന്ന നിലയിൽ അനേക കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞു. മലങ്കര സഭയിലും കേരള സഭയിലും വിദ്യാഭ്യാസം, സ്ത്രീശാക്തീകരണം, സാമ്പത്തിക അച്ചടക്കം, മദ്യനിരോധനപ്രവർത്തനം ഇവയിലൊക്കെ വന്ദ്യപിതാവ് ശ്രദ്ധാപൂർവ്വം ഇടപെടുന്നു.

84-ാം പുനരൈക്യവാർഷികം, അതിന്റെ വിജയകരമായ പര്യവസാനത്തിന് വന്ദ്യപിതാവിന്റെ നേതൃത്വം എടുത്തു പറയേണ്ടതാണ്. ഒരു വർഷത്തെ പ്രാർത്ഥനാപൂർവ്വമായ ഒരുക്കങ്ങളും വിവിധ കമ്മിറ്റികളുടെ രൂപീകരണവും മിക്കപ്പോഴുമുള്ള പ്രവർത്തന വിലയിരുത്തലും വിഭവസമാഹരണവും എല്ലാം ഇതിന്റെ വിജയത്തെ സ്വാധീനിച്ച ഘടകങ്ങളാണ്. ആഘോഷങ്ങളിൽ സംബന്ധിച്ച എല്ലാവരും കാണികളായി നിന്ന വിവിധ വിഭാഗങ്ങളും ഒന്നിച്ച് സാക്ഷ്യപ്പെടുത്തുന്നു, 84-ാം പുനരൈക്യം ഒരു വൻവിജയമായിരുന്നെന്ന്. ബത്തേരി രൂപതയെ ദൈവകരങ്ങളിൽ സമർപ്പിച്ച് ഈ ലേഖനം ഉപസംഹരിക്കുന്നു.

## അമ്മ മനസ്സ്




**റാണി മാത്യു പ്ലാംതോട്ടത്തിൽ**

**മാതൃസമാജം അതിരൂപതാ സെക്രട്ടറി**


ഹൗ ഓൾഡ് ആർ യൂ എന്ന സിനിമ കണ്ടു. ചിലരുമായി ആശയം പങ്കുവച്ചു. നായിക മഞ്ചുവാര്യർ. അതിലെ കാഥാപാത്രം നിരുപമാ രാജീവ്. സിനിമയെ വിലയിരുത്തി സംസാരിച്ചപ്പോൾ പല അഭിപ്രായങ്ങൾ. മകനും മകൾക്കും പച്ചക്കറി കൃഷി ചെയ്യണമെന്ന ആഗ്രഹമുണ്ടായി. ഒരു പാട് പിരിമുറുക്കങ്ങളും വിഷമതകളുമുള്ള ജീവിതത്തിനിടയിലും തന്നെതന്നെ സ്നേഹിക്കാൻ തുടങ്ങിയിരിക്കുന്നു പല സ്ത്രീകളും. നിരുപമയുടെ കലാലയജീവിതത്തിലെ കഴിവുകളെ പൊടിതട്ടി ഉണർത്തി കൊണ്ടുവരാൻ ഒരു കൂട്ടുക്കാരി കൂടെ നടന്നതും അവളിൽ സ്വാഭിമാനം വളർന്നപ്പോൾ ഉണ്ടായ മാറ്റവും എന്നെ വല്ലാതെ അത്ഭുതപ്പെടുത്തി. അതിൽ തന്റെ അംശം ഇല്ലേയെന്ന് ഓരോ സ്ത്രീയും ചിന്തിച്ചു പോകും.

ഒരു സ്ത്രീയ്ക്ക് മറ്റെന്തെല്ലാം ഗുണമുണ്ടായിരുന്നാലും സ്വാഭിമാനമില്ലെങ്കിൽ അർഹതയുള്ള പലതും നഷ്ടപ്പെടും. സ്വയം ബഹുമാനിക്കാൻ കഴിഞ്ഞെങ്കിലെ അന്യർ നമ്മെ ബഹുമാനിക്കുകയുള്ളൂ എന്ന് പ്രശസ്ത നോവലിസ്റ്റ് ഡോസ്റ്റോയെവ്സ്കി. സ്വയം അച്ചടക്കം പാലിക്കുന്നതു വഴി സ്വാഭിമാനം മെച്ചപ്പെടുത്താൻ കഴിയും. തന്റെ കഴിവുകളെപറ്റി ബോധ്യമുണ്ടാകുന്നത് അഭിമാനം വളർത്തുന്നു. പക്ഷേ ഒരു കാര്യത്തിൽ നാം ശ്രദ്ധ പതിപ്പിക്കണം. സ്വാഭിമാനം അതിരുകവിഞ്ഞ് അഹന്തയായിപ്പോകരുത്.

സ്വഭിമാനത്തിന്റെ ബലമുള്ളയാൾക്കു സ്വന്തം തെറ്റ് ഏറ്റു പറയാനും അത് തിരുത്താനും ധൈര്യമുണ്ടായിരിക്കണം. തെറ്റ് സമ്മതിക്കുന്നതു വഴി കുറ്റക്കാരനെന്നു മുദ്രയടിക്കപ്പെടുമോ എന്ന ഭയം അത്തരക്കാരെ ബാധിക്കില്ല. തെറ്റ് തിരിച്ചറിഞ്ഞിട്ടും അത് സമ്മതിക്കാതെ വികലമായ ന്യായവാദങ്ങൾ പുറപ്പെടുവിക്കുന്നതു സ്വഭാവ ദൗർബല്യമായി വിലയിരുത്തപ്പെടും.




ജീവിതം സന്തോഷകരമാക്കാനുള്ള സൗകര്യകൂടുതൽ, മെച്ചപ്പെട്ട വ്യക്തിബന്ധങ്ങൾ, മാറ്റങ്ങളെ ഭയലേശമില്ലാതെ സ്വാഗതം ചെയ്യാനുള്ള മനഃസ്ഥിതി, ആദരവു നൽകുന്നതിലും സ്വീകരിക്കുന്നതിലുമുള്ള സ്വാഭാവികത, വിമർശനത്തെ പുഞ്ചിരിയോടെ നേരിടുവാനുള്ള ധീരത, സ്വയം ചിന്തിക്കുവാനും സ്വാഭിപ്രായം പറഞ്ഞു ബോധ്യപ്പെടുത്താനുമുള്ള മനോബലം, അന്യർ അംഗീകരിച്ചില്ലെങ്കിലും ആത്മവിശ്വാസത്തോടെ മുന്നേറാനുള്ള നിർഭയത്വം, അന്യരെ വസ്തുനിഷ്ഠമായി വിലയിരുത്താനുള്ള ഉൾക്കരുത്ത് എന്നിവയെല്ലാം സ്വയം അഭിമാനമുള്ളവർക്കു കൂടുതലായുണ്ടാവും.

"അത് അങ്ങനെയായിരുന്നെങ്കിൽ ഇങ്ങനെ ചെയ്യാമായിരുന്നു" എന്ന മട്ടിൽ ഒഴിവ് കഴിവ് പറയുന്നതിനു പകരം ലഭ്യമായ സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതാണ് അഭികാമ്യമെന്ന് 'സ്വഭിമാനം' പറഞ്ഞു തരും.

നമുക്കു പാലിക്കാവുന്ന മാനദണ്ഡങ്ങൾ രൂപപ്പെടുത്തി മുന്നേറുന്നതിൽ ഒട്ടും അപകർഷതാബോധം തോന്നേണ്ടതില്ല. യോഗത്തിനു ചെല്ലുമ്പോൾ മുൻ വരിയിലായിരിക്കുവാനും പലരുമുള്ളപ്പോൾ ആദ്യത്തെ അഭിപ്രായം പറയാനും, ഏതെങ്കിലും ഓഫീസിലെത്തിയാൽ അവിടുത്തെ ഒന്നാമനെ കയറിക്കാണാനും മടിക്കുന്നവരാണ് മിക്കവാറും. അവരെ പിന്നോട്ടു വലിക്കുന്നത് സ്വാഭിമാനക്കുറവാണ്.

തനിക്കു കഴിയുന്നത് എന്തെല്ലാമെന്നതിലാണ് കൂടുതൽ ശ്രദ്ധിക്കേണ്ടത്. കഴിയാത്തതെന്തെല്ലാമെന്നും ചിന്തിക്കാം. പോരായ്മകൾ പരിഹരിക്കുകയും ചെയ്യാം.

ഓരോ വ്യക്തിയും ഗൗരവപൂർവ്വം പരിഗണിക്കേണ്ട ഒരു ചോദ്യമുണ്ട്. താൻ ഈ ലോകജീവിതം വിട്ടുപോകുമ്പോൾ എന്തു സ്മരണ

അവശേഷിപ്പിക്കും? താൻ എപ്രകാരം സ്മരിക്കപ്പെടും? മറ്റുള്ളവർ തന്നെ വിലയിരുത്തുന്നതും അഭിപ്രായപ്പെടുന്നതും എപ്രകാരമായിരിക്കും? എങ്ങനെയും വിലയിരുത്തട്ടെ: ഞാൻ പോയിക്കഴിഞ്ഞിട്ടാണല്ലോ! അതു കേൾക്കാൻ ഞാനില്ലല്ലോ എന്നു പറയുന്നവരുണ്ട്. എന്തു വേണമെങ്കിലും ചിന്തിക്കുകയോ പറയുകയോ ചെയ്യട്ടെ, എനിക്കതു ബാധകമല്ല എന്നും പറയുന്നവരുണ്ട്. എന്നാൽ തങ്ങളെപറ്റി നല്ലതു പറയണമെന്നും നല്ല ഒരു ഓർമ്മ അവശേഷിപ്പിക്കണമെന്നും ആഗ്രഹിക്കുന്നവരാണ് അധികവും.

ഒരമ്മ കുട്ടികളുടെ പരിചരണത്തിലും സ്വഭാവരൂപീകരണത്തിലും ആരോഗ്യസംരക്ഷണത്തിലും അതീവ ജാഗ്രതയോടെ ശ്രദ്ധിച്ച് അവരെ വളർത്തിക്കൊണ്ടു വരുന്നു. സ്നേഹവാൽസല്യം ചുറ്റുമുള്ളവരിലേക്കും പകരുന്നു. ഓരോരുത്തരുടേയും ആവശ്യത്തിന് ഓടിച്ചെല്ലുകയും ആശ്വാസം പകരുകയും ധൈര്യവും ഉൽസാഹവും ഉണർത്തി പ്രോത്സാഹനവും അഭിനന്ദനവും നൽകേണ്ടിടത്ത് നൽകാനും ശ്രദ്ധിക്കുന്ന അമ്മ പെട്ടന്നൊരുന്നാൾ ഒരു രോഗം മൂലം മരണത്തിനിടയാകുന്നു. ആ കുടുംബത്തിന്റെ നിലനിൽപ്പിനെ പോലും ആ അമ്മയുടെ മരണം ബാധിച്ചു. അവരുടെ സംസ്ക്കാര ശുശ്രൂഷയിൽ ബന്ധുമിത്രാധികൾ വികാരവായ്പോടെ പങ്കെടുത്തു. ഔദ്യോഗിക പദവിയോ സ്ഥാനമഹിമയോ ഒന്നുമല്ല അവരെ അവർക്കെല്ലാം പ്രിയപ്പെട്ടവളാക്കിയത്. അവരുടെ സ്വഭാവമഹിമയും സേവനവൈശിഷ്ട്യവുമാണ്. ഒരു വലിയ പദവിയോ പാണ്ഡിത്യമോ സാമ്പത്തീക നേട്ടമോ അല്ല; സ്നേഹിക്കുന്ന വ്യക്തി എന്ന നിലയിൽ സ്മരിക്കപ്പെടണം. ഇത് ഓരോ വ്യക്തിയുടെയും ലക്ഷ്യം ആക്കാവുന്നതാണ്.

ജാതി മത വ്യത്യാസമില്ലാതെ എല്ലാവരേയും ആത്മാർത്ഥമായി സ്നേഹിക്കുകയും വാൽസല്യപൂർവ്വം ഓരോരുത്തരോടും പെരുമാറുകയും ചെയ്യുക. സ്നേഹം മനുഷ്യരോടു മാത്രമല്ല, മൃഗങ്ങളോടും പക്ഷികളോടും സകലജീവജാലങ്ങളോടുമായിരിക്കട്ടെ.

സ്നേഹത്തിന്റെ മാസ്മരശക്തി അത്ഭുതാവഹമാണ്. അതിന്റെ സ്വാധീനം തലമുറകളിലേക്കു പകർന്നുവരുന്നതാണ്. കുടുംബത്തിലെ ചില വ്യക്തികളെ പിൻതലമുറ ആദരപൂർവ്വം ഓർക്കും. സ്നേഹവും വാൽസല്യവും എക്കാലത്തും അവരിൽ വഴിഞ്ഞൊഴുകിയിരുന്നു എന്നതിനാലാണ്. എന്നാൽ മറ്റു ചിലരെ ഓർക്കുന്നത് വെറുപ്പിന്റെയും അമർഷത്തിന്റെയും വികാരത്തോടെയായിരിക്കും. അഹന്തയും സ്വാർത്ഥതയും പുലർത്തുന്നവർക്ക് മറ്റുള്ളവരുടെ ഹൃദയത്തിൽ ഇടം കിട്ടില്ല. മറ്റുള്ളവരെ ആദരിക്കാനും അവരുടെ നന്മയെ കാണാനും കഴിയാത്തവർക്കും സ്വീകാര്യത ലഭിക്കില്ല. നിഷ്കളങ്കമായ സ്നേഹം ഉയരുമ്പോൾ സ്വാർത്ഥതയ്ക്കു പ്രശസ്തിയില്ല. വിനയവും സൗമ്യതയും സ്നേഹത്തോടൊപ്പം കടന്നുവരും.

പൗലോസ് അപ്പസ്തോലൻ നിർവ്വചിക്കുന്നു: സ്നേഹവും ദീർഘ ക്ഷമയും ദയയുമുള്ളതാണ് സ്നേഹം അസൂയപ്പെടുന്നില്ല, ആത്മപ്രശംസ ചെയ്യുന്നില്ല. അഹങ്കരിക്കുന്നില്ല.

നാം മറ്റുള്ളവരെ സ്നേഹിക്കുന്നെങ്കിൽ ഊഷ്മളതയോടെ നാം അനുസ്മരിക്കപ്പെടും. ആത്മാർത്ഥതയോടും നിഷ്കളങ്കമായും മറ്റുള്ളവരെ സ്നേഹിച്ച ഒരു വ്യക്തിയെന്ന നിലയിൽ അറിയപ്പെട്ടാൽ ഞാൻ ഏറെ കൃതാർത്ഥയാകും. ●

**ജീവിതം സന്തോഷകരമാക്കാനുള്ള സൗകര്യ കൂടുതൽ, മെച്ചപ്പെട്ട വ്യക്തിബന്ധങ്ങൾ, മാറ്റങ്ങളെ ഭയലേശമില്ലാതെ സ്വാഗതം ചെയ്യാനുള്ള മനഃസ്ഥിതി, ആദരവു നൽകുന്നതിലും സ്വീകരിക്കുന്നതിലുമുള്ള സ്വഭാവികത, വിമർശനത്തെ പുഞ്ചിരിയോടെ നേരിടുവാനുള്ള ധീരത, സ്വയം ചിന്തിക്കുവാനും സ്വാഭിപ്രായം പറഞ്ഞു ബോധ്യപ്പെടുത്താനുമുള്ള മനോബലം, അന്യർ അംഗീകരിച്ചില്ലെങ്കിലും ആത്മവിശ്വാസത്തോടെ മുന്നേറാനുള്ള നിർഭയത്വം, അന്യരെ വസ്തുനിഷ്ഠമായി വിലയിരുത്താനുള്ള ഉൾക്കരുത്ത് എന്നിവയെല്ലാം സ്വയം അഭിമാനമുള്ളവർക്കു കൂടുതലായുണ്ടാവും.**





# പേഴ്സണാലിറ്റി ?



**ബിനു കണ്ണന്താനം**
ട്രെയ്നർ & കൗൺസിലർ

**ചി**ലരുടെ ബാഹ്യ രൂപം കണ്ടിട്ട് അവന് അല്ലെങ്കിൽ അവൾക്ക് നല്ല പേഴ്സണാലിറ്റിയാണെന്ന് പറയാറുണ്ട്. ഇതാണോ പേഴ്സണാലിറ്റി ? ഒരിക്കലുമല്ല. അതു ബാഹ്യ സൗന്ദര്യം മാത്രമാണ്. പേഴ്സണാലിറ്റിയെ നാലായി തരം തിരിക്കാം 1) ഡൈനാമിക് പേഴ്സണാലിറ്റി 2) വീക്ക് പേഴ്സണാലിറ്റി 3) സബ്മിസ്സീവ് പേഴ്സണാലിറ്റി 4) കോൺഫിഡെന്റ് പേഴ്സണാലിറ്റി.

പേഴ്സണാലിറ്റിക്ക് പ്രധാനമായും വേണ്ടത് ഒൻപത് ഗുണങ്ങളാണ് 1) അറിവ് 2) അച്ചടക്കം 3) അഭിപ്രായം 4) ആരോഗ്യം 5) അദ്ധ്വാനം 6) അർപ്പണ ബോധം 7) ആത്മാഭിമാനം 8) ആത്മ വിശ്വാസം 9) ആത്മ ധൈര്യം

ഈ ഒൻപത് ഗുണങ്ങളും അൻപത് ശതമാനത്തിൽ കൂടുതലുള്ളവരാണ് ഡൈനാമിക് പേഴ്സണാലിറ്റി. ഇവരെ മാത്രമേ ഉന്നത പദവിയിലുള്ള ജോലികൾക്ക് പരിഗണിക്കുകയുള്ളൂ.

ഒൻപതു ഗുണങ്ങളും അൻപത് ശതമാനത്തിൽ താഴെ മാത്രമുള്ളവരാണ് വീക്ക് പേഴ്സണാലിറ്റി. ഈ കൂട്ടർക്ക് ഒരിക്കലും ഉന്നത പദവിയിലുള്ള ജോലി ലഭിക്കില്ല. പ്രതിസന്ധികളെ നേരിടാനോ പ്രശ്നങ്ങൾ അവലോകനം നടത്തി യുക്തമായ തീരുമാനങ്ങളെടുക്കാനൊന്നും ഈ കൂട്ടർക്ക് സാധിക്കുകയില്ല. ക്ലാസ് ഫോർ ജോലികളെ ഇവർക്ക പറ്റുകയുള്ളൂ.

ആദ്യത്തെ ആറു കാര്യങ്ങൾ അൻപതു ശതമാനത്തിൽ കൂടുതലും അവസാനത്തെ മൂന്നുകാര്യങ്ങളായ ആത്മാഭിമാനം, ആത്മ വിശ്വാസം, ആത്മ ധൈര്യം ഇവ അൻപതു ശതമാനത്തിൽ താഴെയായിരിക്കുന്നവരാണ് സബ്മിസ്സീവ് പേഴ്സണാലിറ്റി. ഈ കൂട്ടർ ക്ലാസ് ത്രീ ജോലികളായ ക്ലറിക്കൽ ജോലി, ഓഫീസ് സൂപ്രണ്ട്, കോൺസ്റ്റബിൾ തുടങ്ങിയ പദവിയിലേയ്ക്ക് പരിഗണിക്കും.

നാലാമത്തെ കൂട്ടർക്ക് ആദ്യത്തെ ആറു ഗുണങ്ങൾ അൻപതു ശതമാനത്തിൽ താഴെയായിരിക്കും. പക്ഷേ ആത്മാഭിമാനം, ആത്മവിശ്വാസം, ആത്മ ധൈര്യം ഈ മൂന്നു കാര്യങ്ങളിൽ വളരെ മുന്നിലായിരിക്കും. പട്ടാളം, പോലീസ്, ഫയർഫോഴ്സ് എന്നീ രംഗങ്ങളിൽ ഇവർ ശോഭിക്കും.ഏതു പ്രതിസന്ധികളെയും നേരിടാൻ ഇവർക്ക് നല്ല ചങ്കുറപ്പുണ്ട്. ഏറ്റെടുത്തിരിക്കുന്ന ഉത്തരവാദിത്വങ്ങൾ ജീവൻ വെടിഞ്ഞും കാത്തു സൂക്ഷിക്കുവാൻ ഇവർ തയ്യാറാകും.

ഒരാളുടെ പേഴ്സണാലിറ്റി മനസ്സിലാക്കുന്നതിന് അഞ്ചു തരത്തിലുള്ള ടെസ്റ്റുകളാണ് ഉള്ളത്.



1) റിയാക്ഷൻ ടെസ്റ്റ് – ഒരു സാങ്കല്പിക സന്ദർഭം നല്കി അതിനോട് എങ്ങനെ പ്രതികരിക്കും എന്നതാണ്. ഉദാഹരണത്തിന് ഒരു സ്ഥാപനത്തിലെ ഉദ്യോഗസ്ഥർ തമ്മിലുള്ള പ്രശ്നം, രണ്ടു സ്ഥാപനങ്ങൾ തമ്മിലുള്ള പ്രശ്നം, വ്യവസായ സ്ഥാപനവും ഉപഭോക്താവുമായുള്ള പ്രശ്നം. ഈ പ്രശ്നങ്ങൾ തീർക്കുവാനുള്ള എന്തു പോംവഴിയാണ് നിങ്ങൾക്ക് ഉള്ളത് എന്നതാണ് ഈ ടെസ്റ്റുകൊണ്ട് ഉദ്ദേശിക്കുന്നത്. മാനേജർ, സി.ഇ.ഒ. തുടങ്ങിയ പദവികളിലേയ്ക്കുള്ള ടെസ്റ്റുകളിൽ ഏറ്റവും പ്രാധാന്യം കൊടുക്കുന്നതാണ് റിയാക്ഷൻ ടെസ്ററ്.

രണ്ടാമത്തെ ടെസ്റ്റാണ് Apperception Test അഥവാ അപഗ്രഥനം. ഈ ടെസ്റ്റിലൂടെ ഒരാളുടെ സ്വഭാവവും ചിന്താഗതികളുമൊക്കെയാണ് വിലയിരുത്തുന്നത്. ഒരു ചിത്രം കാണിച്ച് അതുകൊണ്ട് മൂന്നു മിനിറ്റിനുള്ളിൽ കഥയെഴുതാൻ പറയും. ചില വാക്കുകൾ തന്നിട്ട് പതിനഞ്ചു സെക്കന്റു കൊണ്ട് ഒരോ വാക്കുകളും വച്ച് വാക്യങ്ങൾ നിർമ്മിക്കാൻ പറയും. നമ്മുടെ സ്വഭാവത്തിനും ചിന്താഗതികൾക്കുമനുസൃതമായിരിക്കും നാം കഥ രചിക്കുന്നതും വാക്യങ്ങൾ സൃഷ്ടിക്കുന്നതും. പോസിറ്റീവ് ചിന്താഗതി ഉള്ളവരിലെ കഥയും വാക്യവും എപ്പോഴും പോസിറ്റീവായിട്ടായിരിക്കും. നെഗറ്റീവ് ചിന്താഗതിക്കാർ നെഗറ്റീവായി കാര്യങ്ങൾ ചിത്രീകരിക്കും. ഇവിടെ പോസിറ്റീവായി കാര്യങ്ങൾ കാണുവാനും എഴുതുവാനും ഉദ്യോഗാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കണം.



മൂന്നാമത്തെ ടെസ്റ്റാണ് പ്രാക്ടിക്കൽ ഓറിയന്റേഷൻ . ഒരാളുടെ മനസ്സിന്റെ ഓറിയന്റേഷൻ കണ്ടുപിടിച്ച് അയാളുടെ വ്യക്തിത്വം വിശകലനം ചെയ്യും. ഉദാഹരണത്തിന് ഇന്റർവ്യൂ ബോർഡ് ചോദിക്കും നിങ്ങൾ ഏതു കോളേജിലാണ് പഠിച്ചത് ? ഞാൻ മാന്നാനം കെ.ഇ. കോളേജിലാണ് പഠിച്ചത്. ശരി നിങ്ങളെ കെ.ഇ. കോളേജിന്റെ പ്രിൻസിപ്പലായി നിയമിച്ചിരിക്കുന്നു. അപ്പോൾ നിങ്ങൾ കോളേജിൽ ചെയ്യുന്ന മൂന്നു കാര്യങ്ങൾ എന്തൊക്കെയാണ്. കെ. ഇ. കോളേജിൽ പഠിച്ചിരുന്ന കാലത്ത് തന്റെ കോളേജിന് ഇന്നയിന്ന ഗുണങ്ങളും ദോഷങ്ങളും ഉണ്ടെന്നും എന്തൊക്കെ മാറ്റങ്ങളാണ് വരുത്തേണ്ടത് എന്ന് ചിന്തിച്ചിട്ടുള്ളവർക്കേ ഇതിന് മറുപടി പറയാൻ സാധിക്കൂ. ഒരു കേളേജിൽ വർഷങ്ങളോളം പഠിച്ചിട്ടും ആ കോളേജിന്റെ നന്മയ്കാകയി ഇന്നയിന്ന കാര്യങ്ങൾ ചെയ്യേണ്ടതാണ് എന്ന് ചിന്തിക്കാത്ത ഒരു വ്യക്തി ഒരു നല്ല വ്യക്തിത്വത്തിന്റെ ഉടമയല്ല. ആ വ്യക്തിയെ ഒരു പദവിയിലും ഇരുത്താൻ കൊള്ളുകയില്ല. നിങ്ങൾ കേരളത്തിന്റെ വിദ്യാഭ്യാസ മന്ത്രിയായാൽ വിദ്യാഭ്യാസ മേഖലയിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തും, നിങ്ങൾ കപ്പലിന്റെ ക്യാപ്റ്റനാണ് കപ്പൽ അപകടത്തിൽ പെട്ട് വെള്ളത്തിൽ മുങ്ങുവാൻ തുടങ്ങുന്നു. കപ്പലിൽ 300 പേർ നിങ്ങളെക്കൂട്ടിയുണ്ട്. 299 ലൈഫ് ബോട്ടുകൾ മാത്രമേയുള്ളൂ, നിങ്ങൾ എന്തു ചെയ്യും. ഈ തരത്തിലുള്ള ചോദ്യങ്ങളായിരിക്കും ഈ ടെസ്റ്റുകളിൽ ഉണ്ടാവുക

നാലമത്തേത് ഗ്രൂപ്പ് ചർച്ചയാണ്. ഏതാനും പേരെ ഒരു മേശയ്ക്ക് ചുറ്റുമിരുത്തി ഒരു വിഷയം കൊടുത്ത് ചർച്ച ചെയ്യാൻ പറയും. ഇവ വീഡിയോയിൽ പകർത്തുന്നുണ്ടെന്ന കാര്യം ശ്രദ്ധിക്കണം. ഈ വീഡിയോ നോക്കിയാണ് മാർക്കിടുന്നത്. ചർച്ചകളിൽ മിതത്വം പാലിക്കണം. ചർച്ച വിഷയങ്ങളിൽ എത്ര പാണ്ഡിത്യമുണ്ടെങ്കിലും എല്ലാവർക്കും അവസരം വേണമെന്നുള്ള ബോധ്യത്തോടെ പ്രധാന പോയിന്റ്സ് മാത്രം പറയുക. നല്ല കേഴ്വിക്കാരനാവുക. മറ്റുള്ളവരെ അധിക്ഷേപിക്കുന്ന വാക്കുകളോ ഭാവഭേദങ്ങളോ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുക. കൃത്യസമയത്ത് ചർച്ച അവസാനിപ്പിക്കുക. ചർച്ചയ്ക്ക് ഒരു Conclusion ഉണ്ടായിരിക്കണം.

അഞ്ചാമത്തെ ടെസ്റ്റാണ് ഇന്റർവ്യൂ. ഒരു മനുഷ്യന്റെ മനസ്സിന്റെ അകത്തു കയറി നോക്കലാണ് ഇന്റർവ്യൂ.

ഓരോ ജോലിയുടെയും സ്വഭാവത്തിനനുസരിച്ച് ഈ അഞ്ചു ടെസ്റ്റുകൾക്ക് ഏറ്റക്കുറച്ചിലുകളുണ്ടാകും. സർവ്വീസ് സെലക്ഷൻ ബോർഡ് നടത്തുന്ന ടെസ്റ്റുകളിൽ ഗ്രൂപ്പ് ഡിസ്ക്കഷനും പ്രാക്ടിക്കൽ ഓറിയന്റേഷനും മുൻതൂക്കം നല്കുമ്പോൾ സിവിൽ സർവ്വീസിൽ ഇന്റർവ്യൂവിനാണ് ഏറ്റവും പ്രാധാന്യം നല്കുന്നത്. കമ്പനി എക്സിക്യൂട്ടീവ് ജോലിക്ക് മുൻഗണന നല്കുന്നത് റിയാക്ഷൻ ടെസ്റ്റിനായിരിക്കും.



അഡ്വ. വിനോദ് മാത്യു
വിൽസൺ




# പഠിച്ചുവരികയാണ്

അതിനെക്കൊണ്ടു നമ്മൾ പഠിച്ചുക്കൊണ്ടിരിക്കുകയാണ്..........(പഠനം ഒരിക്കലും കഴിയുന്നില്ല......മരണം വരെ പഠനമാണല്ലോ?) എന്ത് ചോദിച്ചാലും രക്ഷപ്പെടാൻ പറ്റിയ ഏക ഉത്തരം. പഠിക്കാൻ കഴിയാതെ ഇരുന്ന വിദ്യാർത്ഥിയെയും തീരെ പഠിച്ചിട്ടില്ലാത്ത വിദ്യാർത്ഥിയെയും അദ്ധ്യാപകർ വഴക്കുപറയും. പക്ഷേ പഠിച്ചുക്കൊണ്ടിരിക്കുന്ന വിദ്യാർത്ഥിയെ ആരെങ്കിലും വഴക്കു പറയുമോ?

ഓണത്തിന് മാലോകർക്ക് നൽകാൻ കരുതിയിരുന്ന അരിയും പയറും പപ്പടവുമൊക്കെ ഒറ്റ മഴയിൽ വെള്ളം കയറി നശിച്ചു.....അങ്ങ് തിരുവനന്തപുരത്ത് സിവിൽ സപ്ലേ വകുപ്പിന്റെ ഗോഡൗണിൽ....... അത്രക്ക് കേമമായിരുന്നു സൂക്ഷിപ്പ്. മന്ത്രി സന്ദർശനം നടത്തി. പത്രക്കാർ ചോദിച്ചു...... എന്താണ് സംഭവിച്ചത്? പഠിച്ചുക്കൊണ്ടിരിക്കുകയാണ്... മന്ത്രിയുടെ മറുപടി. ഈ മറുപടി കേട്ട് അന്നു നാടുവിട്ട മഴ പിന്നീട് തിരുവനന്തപുരത്ത് പെയ്തില്ല എന്നതാണ് നാട്ടുകാർ ഇപ്പോൾ പുച്ഛം പുച്ഛം പറയുന്നത്.


കണ്ണൂരിൽ ആർ.എസ്.എസ് നേതാവിനെ വെട്ടികൊന്നു. ആരോപണം നേരിടുന്നത് നാട്ടിലെ പ്രബലമായ പാർട്ടി. പാർട്ടി നേതാവിനോടും ഇതെ ചോദ്യം പത്രക്കാർ വീണ്ടും ചോദിച്ചു..... സാർ എന്താണ് സംഭവിച്ചത്... ഞങ്ങൾ അല്ല.....ഞങ്ങളുടെ പാർട്ടിക്കാരനുമല്ല..... കൂടുതൽ കാര്യങ്ങൾ പഠിച്ചിട്ടു പറയാം..... അങ്ങനെ പഠിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ വേണ്ടപ്പെട്ടയാൾ കീഴടങ്ങി. പുള്ളി പഠനക്ലാസിൽ നിന്നും ചാടിപോയതാണു പോലും.



മദ്യം ആപത്താണ് തെല്ലും സംശയമില്ല. പക്ഷേ മദ്യത്തിന്റെ കാര്യത്തിൽ വിവേചനം പാടില്ല. കാശ് ഉള്ളയാൾ കുടിക്കട്ടെ........ ഇല്ലാത്തവൻ വാറ്റികുടിക്കട്ടെ...... സുപ്രിംകോടതി ഈ ഇരട്ടത്താപ്പിനെ ചോദ്യം ചെയ്തു. നേതാക്കന്മാർ തെല്ലും മടിച്ചില്ല. വളിച്ച ചിരിയുമായി പതിവും പല്ലവിപാടി. വിധി പഠിച്ചുകൊണ്ടിരിക്കുകയാണ് ഹി.....ഹി..... ഹി...... നന്നായി പഠിച്ചിട്ടുതന്നെയാണ് ജഡ്ജി കാര്യങ്ങൾ ചോദിച്ചത്.

പണ്ടു സുനാമി ഉണ്ടായപ്പോഴും മദ്യം ദുരന്തം സംഭവിച്ചപ്പോഴും ഇറ്റലിക്കാർ ഇന്ത്യക്കാരെ വെടിവെച്ചു കൊന്ന് നാടുവിട്ടപ്പോഴും ഇലക്ഷനിൽ തോറ്റപ്പോഴും ഇപ്പോൾ അവസാനം കാശ്മീരിൽ വെള്ളപ്പൊക്കം ഉണ്ടായപ്പോഴും നമ്മ ഇതുതന്നെ പറയും പഠിച്ചുക്കൊണ്ടിരിക്കുകയാണ്.......... പ്ലീസ് ശല്യപ്പെടുത്തരുത്.

aikyadeepam monthly



# പ്രബോധനം

## തിരുവചനത്തിന്റെ പുനർവായന

മാതൃസമാജങ്ങളിലും കുടുംബകൂട്ടായ്മകളിലും വായനയ്ക്കും പഠനത്തിനും ...

### ഒക്ടോബർ 5, സ്ലീബായ്ക്കുശേഷമുള്ള 3 – ാം ഞായർ
### മത്തായി 18:21 – 35,ഗലാ 6:1 – 10
### കരുണകാട്ടിയില്ലെങ്കിൽ കാർക്കശ്യം കാത്തിരിക്കുന്നു

ക്ഷമിക്കുന്നത് ബലഹീനതയായും ഔദാര്യം കാട്ടുന്നത് പരാജയമായും കരുതുന്നവരുണ്ടാകാം. എന്നാൽ ക്രിസ്തുമാർഗ്ഗം പുണ്യമായി കരുതുന്നത് ഇവയെയൊക്കെയാണ്. ക്ഷമിക്കുവാനുള്ള മനോഭാവം സ്വഭാവേന വന്നുചേരുന്നത് എന്നതിനേക്കാൾ ആർജിച്ചെടുക്കേണ്ടതാണ്. ക്രിസ്തുവിന്റെ സ്നേഹം എന്നെ നിർബന്ധിക്കുന്നു എന്നാണ് വി. പൗലോസ് ഇതിനെക്കുറിച്ച് പറയുന്നത്. മത്സരം വളർത്തുന്ന ആധുനിക ലോകത്തിൽ ക്ഷമിക്കുവാനുള്ള പരിശീലനത്തിന് സ്ഥാനം ഇല്ലാതെ പോകുന്നു. ലോകത്തിൽ സംജാതമാകുന്ന പ്രശ്നങ്ങളിൽ സിംഹഭാഗവും മത്സരബുദ്ധിമൂലം ക്ഷമിക്കുവാനും വിട്ടുകൊടുക്കുവാനും തയ്യാറാകാത്തതുകൊണ്ടുമാത്രമാണ്. Zero Tolerance ആണ് ആധുനിക ലോകത്തിന്റെ മുഖമുദ്ര.

ഉല്പത്തി പുസ്തകത്തിൽ ലാമെക് തന്റെ രണ്ടു ഭാര്യമാരെയും വിളിച്ചുണർത്തി പുലമ്പുന്ന വീരവാദമിങ്ങനെയാണ്. തന്റെ വല്യപ്പൂപ്പൻ കായേന്റെ പ്രതികാരം ഏഴ് ഇരട്ടിയെങ്കിൽ പേരക്കുട്ടിയായ തന്റെ പ്രതികാരവാഞ്ഛ 77 ഇരട്ടിയായിരിക്കും എന്നത്രേ (ഉല്പത്തി 4:24). ആവർത്തിക്കുമ്പോൾ അധികരിക്കുന്ന പ്രവണത പ്രതികാരത്തിനുണ്ട്. തെളിവുകളും അനുഭവങ്ങളും എത്രവേണമെങ്കിലും ചൂണ്ടിക്കാട്ടാനാകും.

എന്നെ കണ്ടുപഠിക്കുവാൻ ക്ഷണിക്കുന്ന യേശുനാഥൻ ശാന്തശീലനും വിനീതഹൃദയമുള്ളവനുമായിരുന്നു. താൻ ആവശ്യപ്പെടുന്നത് അതിരുകളില്ലാത്ത ക്ഷമയാണ്. ഇത് ക്രൈസ്തവന്റെ മുഖമുദ്രയാകണം. ക്ഷമയുടെ എത്ര പാഠങ്ങളാണ് യേശു ശിക്ഷ്യസമൂഹത്തിന് നൽകുന്നത്. ശത്രുസംഹാരത്തിന് ഇടിത്തീയിറക്കാൻ അനുവാദം ചോദിച്ച ശിഷ്യരെ ഗുരു പിന്തിരിപ്പിക്കുകയാണ് ചെയ്യുക. പ്രതികാരം യഹോവയ്ക്കുള്ളതത്രേ എന്നാണ് വി. ഗ്രന്ഥം നമ്മെ പഠിപ്പിക്കുക.

അനന്തകാരുണ്യം ഏറ്റുവാങ്ങിയവൻ തന്റെ ഊഴം വന്നപ്പോൾ കരുണയില്ലാതെ പെരുമാറുന്നതും, അവന്റെ അളവുകൊണ്ട് അവനെ വീണ്ടും അളക്കുന്നതുമാണ് ഉപമയുടെ പ്രമേയം. ഉപമയിലെ രാജാവ് കാരുണ്യവാനായ ദൈവം തന്നെയാണ്. ഒരുപക്ഷേ അവന്റെ വമ്പിച്ച അഴിമതി കണ്ടുപിടിക്കപ്പെട്ടെങ്കിലും കരുണ അപേക്ഷിച്ചതിനാൽ നിരുപാധിക ക്ഷമനേടിയവനാണ് രാജഭൃത്യൻ. ഏറ്റുവാങ്ങിയ കരുണയുടെ ലക്ഷത്തിലൊരംശം പ്രകടിപ്പിക്കുവാൻ കഴിയാതെ പോയ കഠിനഹൃദയനാണവൻ. വലിയ ഔദാര്യം സ്വീകരിച്ച അവൻ എത്ര പെട്ടെന്ന് അത് വിസ്മരിച്ചു കളഞ്ഞു. കാരുണ്യവും കളവുമൊക്കെ തനിക്കുമാത്രം മതി എന്ന് അവൻ കരുതിയിരിക്കാം. തനിക്കു ലഭിച്ചത് പങ്കുവയ്ക്കേണ്ടതാണെന്ന് അവൻ ചിന്തിച്ചതേയില്ല. അവൻ സ്വാർത്ഥനും തൻകാര്യക്കാരനുമായിപ്പോയി.

കരുണയുടെ എന്നപോലെ ഔദാര്യത്തിന്റെയും, നന്മയുടെയും എന്നപോലെ ക്ഷമയുടെയും പാഠങ്ങൾ ആണ് സുവിശേഷം പകർന്നു തരുന്നത്. ക്രിസ്തീയ ഔദാര്യത്തിന്റെ പാഠങ്ങൾ കാറ്റിൽ പറത്തി സ്നേഹശൂന്യതയിൽ വ്യാപരിക്കുന്നവരാണോ നാം?. ഞാൻ നിന്നോട് കരുണ കാണിച്ചതുപോലെ നീയും കരുണ കാണിക്കേണ്ടതായിരുന്നു എന്നത് ഉപദേശം മാത്രമല്ല അവനതിരെയുള്ള കുറ്റപത്രവുമാണ്. നമ്മോട് കർത്താവ് വിധിയുടെ നാളിൽ എന്തു പറയും? നമ്മെ സംബോധന ചെയ്യുന്നത് നല്ലവനും വിശ്വസ്തനുമായ ദാസാ എന്നാകുമോ ദുഷ്ടനായ സേവകാ എന്നാകുമോ?

യേശു പഠിപ്പിച്ചു: മറ്റുള്ളവർ നിങ്ങൾക്ക് ചെയ്തുതരണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നതുപോലെ നിങ്ങൾ മറ്റുള്ളവർക്കും ചെയ്യണം. പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചപ്പോൾ 'ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടും ക്ഷമിക്കേണമേ' (മത്തായി 6:12) എന്നാണല്ലോ യേശു പഠിപ്പിച്ചത്. നിത്യവുമുള്ള ഈ പ്രാർത്ഥന മറന്ന് നാം പ്രവർത്തിച്ചാൽ തമ്പുരാൻ നമ്മോടും കാർക്കശ്യത്തോടെ പെരുമാറുമെന്ന പാഠമാണ് ഉപമ നൽകുക.

നാം കടന്നുപോകുന്ന ഓരോ വഴികളും ചവിട്ടിക്കയറുന്ന ഓരോ പടവുകളും നമ്മുടെ ഓരോ ചെയ്തികളും ഒന്നുകിൽ ദൈവകാരുണ്യാനുഭവത്തിലേക്ക് അല്ലെങ്കിൽ നമ്മെ കാത്തിരിക്കുന്ന കടുത്ത വിധിയുടെ നേർക്ക് ആയിരിക്കും. അന്ത്യവിധി എന്ന വെല്ലുവിളി ഒരു നാൾ നേരിടേണ്ടവരാണ് നാം എന്നോർത്ത് നമ്മുടെ ചെയ്തികളെ ക്രമപ്പെടുത്തുവാൻ ശ്രദ്ധാപൂർവ്വം ശ്രമിക്കാം. ഉപമയിലെ അവസാന വാചകം കാർക്കശ്യം നിറഞ്ഞതുതന്നെ –

ഹൃദയപൂർവ്വം ക്ഷമിക്കാത്തവൻ കർക്കശമായ അന്ത്യവിധി നേരിടേണ്ടിവരും.

ഹൃദയപൂർവ്വം ക്ഷമിക്കുക എന്നാൽ വ്യവസ്ഥ കൂടാതെ ക്ഷമിക്കുക എന്നാണ്. അപ്രായോഗികമായ വ്യവസ്ഥകൾ അടിച്ചേല്പിച്ച് ക്ഷമിക്കാം എന്നു പറയുന്നതല്ല നിരുപാധികമായ ക്ഷമയാണ് ദൈവം നമുക്ക് തരുന്നത്. പാപമോചന കൂദാശയിൽ വിശ്വസിക്കുന്ന നാം ഇതിന്റെ നേരനുഭവം എത്രയോ വട്ടം അറിഞ്ഞവരാണ്. ഓരോ പാപമോചനവും നമ്മെ ഓർമ്മിപ്പിക്കുന്നത് നാം നിരന്തരം ക്ഷമിക്കണമെന്നാണ്. "കരുണയുള്ളവർ ഭാഗ്യവാന്മാർ അവരുടെ മേൽ കരുണയുണ്ടാകും" (മത്തായി 5:17).

*ഫാ. ഏബ്രഹാം നടുവിലേടം*

## ഒക്ടോബർ 12 ഞായർ
## സ്ലീബാ പെരുന്നാളിനുശേഷം നാലാം ഞായർ
## മത്താ. 24:15 – 28,റോമാ. 5:15 – 21

സ്ലീബാ പെരുന്നാളിനുശേഷം നാലാമത്തെ ഞായറാഴ്ചയായ ഇന്ന് സഭ നമുക്ക് വിചിന്തനത്തിനായി നൽകുന്ന വേദഭാഗം വി. മത്തായി എഴുതിയ സുവിശേഷം 24–ാം അദ്ധ്യായം 15 മുതൽ 28 വരെയുള്ള തിരുവചനങ്ങളാണ്. സ്ലീബാ കാലത്തിന്റെ പൊതുവായ ചിന്താവിഷയമായ കർത്താവിന്റെ രണ്ടാമത്തെ വരവ് തന്നെയാണ് ഇന്ന് സഭ വിചിന്തനത്തിനായി നമുക്ക് നൽകുന്നത്. 23 മുതൽ 25 വരെയുള്ള അദ്ധ്യായങ്ങൾ കർത്താവിന്റെ വരവിനെപ്പറ്റിയും അന്ത്യവിധിയെയും കുറിച്ച് പ്രതിപാദിക്കുന്നവയാണ്. ഈ സുവിശേഷഭാഗം അവസാനിക്കുന്നത് ജാഗ്രതയുടെ ആറ് ഉപമകൾ പറഞ്ഞുകൊണ്ടാണ്. ഇപ്രകാരം ചിന്തിക്കുമ്പോൾ കർത്താവിന്റെ രണ്ടാമത്തെ വരവിൽ അവൻ ചെമ്മരിയാടുകളെയും കോലാടുകളെയും വേർതിരിക്കുന്ന സമയത്ത് ഈ ലോക ജീവിതത്തിൽ നാം ക്രിസ്തുവിനുവേണ്ടി കാണിച്ചിട്ടുള്ള ജാഗ്രതയും എണ്ണപ്പെടും എന്നുള്ളതാണ്. (കർത്താവിന്റെ രണ്ടാമത്തെ വരവിൽ സംഭവിക്കുന്ന ഭീകര ദുരന്തങ്ങളാണ് പ്രത്യേകമായും നാം ഇന്ന് വിചിന്തനം ചെയ്യുന്നത്.)

വിശുദ്ധ സ്ഥലത്ത് അശുദ്ധതയുടെ ലക്ഷണം കാണുമ്പോൾ നിങ്ങൾ ഗ്രഹിക്കണം. കർത്താവിന്റെ വരവിന് സമയം ആയിരിക്കുന്നു. ഈ അശുദ്ധതയെ ലോകത്തിന്റെ അവസ്ഥയിൽ ചിന്തിക്കുന്നതിനേക്കാൾ അതിനെ വ്യക്തിപരമായി ചിന്തിക്കുവാൻ നമുക്ക് സാധിക്കണം. കർത്താവിന്റെ തിരുശരീര രക്തങ്ങൾ ഭക്ഷിച്ച് പരിശുദ്ധ ത്രിത്വത്തിന്റെ വാസസ്ഥലങ്ങളായി പരിശുദ്ധാത്മാവിന്റെ ആലയങ്ങളായി മാറുന്ന നമ്മുടെ ജീവിതങ്ങളെ ഈ വിശുദ്ധ സ്ഥലമായി കാണുവാൻ നമുക്ക് സാധിക്കണം. അവിടെ അശുദ്ധത വരുമ്പോൾ നാം ചിന്തിക്കണം പീഡനങ്ങളുടെ കാലം ആരംഭിക്കുന്നു. ക്രിസ്ത്യാനിയുടെ ജീവിതം ക്രിസ്തുവിന്റെ ജീവിതമായിരിക്കണം. അവിടെ വെള്ളം ചേർക്കപ്പെടുമ്പോൾ അശുദ്ധതകൾ ഉണ്ടാകുന്നു. ഈ അശുദ്ധത എന്റെ ജീവിതത്തിൽ പലവിധത്തിൽ കടന്നുവരാം. പണത്തിന്റെ, അധികാരത്തിന്റെ, കൂട്ടുകാരുടെ, സുഖലോലുപതയുടെ ഒക്കെ രൂപത്തിലാകാം. ഈ അശുദ്ധതകൾ എന്നെ വഴിതെറ്റിക്കും. ഇവയുടെ പുറകെ നാം അലയും. ക്രിസ്തുവിനെ തള്ളിപ്പറഞ്ഞും അവന്റെ പ്രബോധനങ്ങളെ ശ്രദ്ധിക്കാതെയും സഭയിലൂടെയുള്ള ക്രിസ്തുവിന്റെ പഠിപ്പിക്കലുകളെ ശ്രദ്ധിക്കാതെയും അബദ്ധപ്രചാരണങ്ങളിൽ ക്രിസ്തുവിനെത്തേടി നാം അലയും. ഇന്നത്തെ ക്രിസ്തീയ ജീവിതം പലപ്പോഴും ഇപ്രകാരം തരംതാഴ്ത്തപ്പെടുന്നുണ്ട്. ജോലിയുടെ പേരിലും സുഖലോലുപതയുടെ പേരിലും ഒക്കെ സത്യവിശ്വാസത്തെ വലിച്ചെറിഞ്ഞുകൊണ്ട് മറ്റ് മേഖലകളിലൂടെ സഞ്ചരിക്കുന്ന പ്രവണത ഇന്നത്തെ ക്രിസ്തീയ ജീവിതത്തിനുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ക്രിസ്തുവിനുവേണ്ടി ആഴ്ചയിൽ മൂന്ന് മണിക്കൂറുപോലും മാറ്റിവയ്ക്കുവാൻ സാധിക്കാത്ത അവസ്ഥകളിലേക്ക് നാം തരംതാഴ്ത്തപ്പെടുന്നു. ക്രിസ്തുവിന്റെ വാക്കുകൾ നമുക്ക് ശ്രദ്ധിക്കാം. അവസാനം വരെ സഹിച്ച് നിൽക്കുന്നവൻ രക്ഷപ്രാപിക്കും.

പ്രിയമുള്ളവരേ, നമുക്ക് നമ്മുടെ വിശ്വാസജീവിതത്തെ ഒന്ന് വിചിന്തനം ചെയ്യാം. എന്തെങ്കിലും അശുദ്ധതകൾ എന്റെ വിശുദ്ധിയെ കളങ്കപ്പെടുത്തുന്നുണ്ടോ? കർത്താവിന്റെ പുനരാഗമനത്തിൽ ഫലം നൽകുന്ന അത്തിവൃക്ഷങ്ങളായി അവന്റെ മുൻപിൽ നിൽക്കുവാൻ എനിക്ക് സാധിക്കുമോ? അതോ, രക്ഷിക്കപ്പെട്ടവരേ എന്ന് ക്രിസ്തു വിളിക്കുന്നത് നമുക്ക് കേൾക്കേണ്ടി വരുമോ? ആകാശത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ നാലു ദിക്കുകളിൽ നിന്നും അവന്റെ തെരഞ്ഞെടുക്കപ്പെട്ടവരെ അവൻ ഒരുമിച്ച് കൂട്ടുമ്പോൾ അതിൽ ഞാനുണ്ടാകുമോ? നമുക്ക് വിചിന്തനം ചെയ്യാം. ജീവിത നവീകരണത്തിനായി പ്രവർത്തിക്കാം. ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

*ഫാ. ഓസ്റ്റിൻ തെക്കേതിൽ*

## ഒക്ടോബർ 19, സ്ലീബാപെരുന്നാളിനു ശേഷം 5 – ാം ഞായർ
## വി.മർക്കോസ് 16:14 – 18
## റോമാ 10:14 – 20

ഒക്ടോബർ 19 ഞായർ തിരുസഭാമാതാവ് മിഷൻ ഞായറായി ആചരിക്കുകയാണ്. ഉയിർത്തെഴുന്നേറ്റ കർത്താവ് തന്റെ പതിനൊന്ന് ശിഷ്യന്മാർക്കുമായി പ്രത്യക്ഷപ്പെട്ട് അവരെ സുവിശേഷപ്രഘോഷണ ദൗത്യം ഭരമേൽപിക്കുന്ന സംഭവമാണ് വി. മർക്കോസിന്റെ സുവിശേഷം 16–ാം അദ്ധ്യായം 14 മുതൽ 18 വരെയുള്ള വാക്യങ്ങളിൽ വിവരിക്കുന്നത്. ലോകം മുഴുവനിലും രക്ഷയുടെ സുവിശേഷം എത്തിച്ചേരണം എന്ന് അവിടുന്നാഗ്രഹിക്കുന്നു.

നിങ്ങൾ ലോകമെങ്ങും പോയി എല്ലാ ജനതകളോടും സുവിശേഷം പ്രസംഗിക്കുവിൻ (വി.മർക്കോ 16/15)എന്ന യേശുവിന്റെ ആഹ്വാനം ഹൃദയത്തിലേറ്റു വാങ്ങി, ജീവിതത്തിന്റെ ഓരോ നിമിഷവും കർത്താവിന്റെ സുവിശേഷം സ്ഥലകാല ഭേദമന്യേ പ്രഘോഷിക്കുവാൻ മാമോദീസായിലൂടെ വിശ്വാസം സ്വീകരിച്ച് സഭയുടെ സന്താനമായിത്തീർന്നിട്ടുള്ള ഓരോ വ്യക്തിയും കടപ്പെട്ടിരിക്കുന്നു.

സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദങ്ങൾ എത്ര സുന്ദരം(റോമാ 10/15) എന്ന് വി. പൗലോസ് ശ്ലീഹാ സാക്ഷ്യപ്പെടുത്തുന്നു. ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ അതിൽ എനിക്ക് അഹംഭാവത്തിനു വകയില്ല. അത് എന്റെ കടമയാണ്. ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം!(1കോരി 9/16) സുവിശേഷം പ്രസംഗിക്കുന്നത് തന്റെ കടമയാണെന്ന് പൗലോസ് ശ്ലീഹാ ഏറ്റുപറയുകയാണ്.

വി.യോഹന്നാൻ എഴുതിയ സുവിശേഷം 10-ാം അദ്ധ്യായം 10-ാം വാക്യത്തിൽ ഇപ്രകാരം പറയുന്നു."ഞാൻ വന്നിരിക്കുന്നത് അവർക്കു ജീവനുണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനുമാണ്." ഈ ജീവൻ ദൈവത്തിന്റെ ദാനമാണ്. ഈ ജീവൻ സ്വീകരിക്കാനും അതിൽ വളരുവാനും മനുഷ്യവംശം വിളിക്കപ്പെട്ടിരിക്കുന്നു. യേശു ക്രിസ്തുവിലൂടെ മനുഷ്യകുലത്തിനു സംലഭ്യമായ ആ ജീവൻ ദൈവത്തിന്റെ പരിധിയില്ലാത്ത സ്നേഹമാണ്. ആ സ്നേഹം നന്മ പ്രദാനം ചെയ്യുകയും ദൈവീകജീവനിൽ നമുക്കു ഭാഗഭാഗിത്വം നൽകുകയും ചെയ്യുന്നു.

യേശുക്രിസ്തു നേടിയെടുത്ത രക്ഷയുടെ അടയാളവും ഉപകരണവും സഭയാണ്. കാരണം ക്രിസ്തു സ്വന്തം രക്തം വിലയായി നൽകിയാണ് സഭയെ വീണ്ടെടുത്തത്. ലോകരക്ഷക്കുവേണ്ടിയുള്ള ക്രിസ്തുവിന്റെ ദൗത്യത്തിൽ സഭ സഹപ്രവർത്തകയാണ്. ലോകത്തിന്റെ പ്രകാശവും ഭൂമിയുടെ ഉപ്പുമായി വർത്തിക്കേണ്ട സഭയിലൂടെയാണ് ക്രിസ്തു തന്റെ ദൗത്യം നിർവ്വഹിക്കുന്നത്.

രക്ഷ-ക്രിസ്തുവിന്റെ രക്ഷ സാർവ്വത്രീകമാണ്. അത് സഭയിൽ ഉൾപ്പെട്ടിരിക്കുന്നവർക്കു മാത്രമല്ല, സകല ജനത്തിനും വേണ്ടി നൽകപ്പെട്ടിട്ടുള്ളതാണ്. ഇന്ന് സുവിശേഷവെളിച്ചം അറിയുന്നതിനും അത് സ്വീകരിക്കുന്നതിനും അധികം ആളുകൾക്ക് സാധിക്കുന്നില്ല. ആധുനിക ലോകത്തിന്റെ സാമൂഹിവും സാംസ്ക്കാരികവുമായ പരിതസ്ഥിതികൾ ഇതിനു തടസമായി നിൽക്കുന്നു.

ക്രിസ്തുവിന്റെ സുവിശേഷം ഒരിക്കലും മനുഷ്യസ്വാതന്ത്ര്യത്തിന്റെ വിലയിടിക്കുന്നില്ല. ലോകത്തിലെ ഒരു സംസ്ക്കാരത്തിന്റെയും മഹത്വത്തെ അനാദരിക്കുന്നില്ല. മറ്റു മതങ്ങളിൽ ഉള്ള ഒരു നന്മയെയും അവഗണിക്കുന്നില്ല. ക്രിസ്തുവിനെ സ്വീകരിക്കുന്നതു വഴി ദൈവത്തിന്റെ വചനത്തിലേക്ക് നാം നമ്മെത്തന്നെ തുറന്നു കൊടുക്കുകയാണ് ചെയ്യുന്നത്.

എല്ലാ മനുഷ്യരുടെയും രക്ഷ പ്രാപിക്കണമെന്നും സത്യം അറിയണമെന്നും ഇച്ഛിക്കുന്ന ദൈവത്തിന്റെ ഇഷ്ടമാണ് മിഷൻ പ്രവർത്തനങ്ങളുടെ അടിസ്ഥാനം. ക്രിസ്തുവിന്റെ രണ്ടാം ആഗമനത്തിനു മുമ്പു തന്നെ സകലജനപദങ്ങളോടും സുവിശേഷം പ്രഘോഷിക്കപ്പെടേണ്ടിരിക്കുന്നു. വചനത്തിന്റെ പ്രഘോഷണവും വി. കുർബാന കേന്ദ്രീകൃതമായ കൂദാശാജീവിതവും അടിസ്ഥാനമാക്കിയുള്ള പ്രേഷിതപ്രവർത്തനങ്ങളിലൂടെ ക്രിസ്തുവിന്റെ സാന്നിദ്ധ്യം ഈ ലോകത്തിൽ അനുഭവവേദ്യമാക്കുകയാണ്. വിശാലമായ മനുഷ്യസമൂഹത്തിൽ അന്തർലീനമായിട്ടുള്ള നന്മയുടെ അംശങ്ങളെ തിന്മയുടെ ശക്തികളിൽ നിന്നു മോചിപ്പിച്ച് ക്രിസ്തുവിന്റെ കൈകളിൽ തിരിച്ചേൽപിക്കുവാൻ പ്രേഷിതപ്രവർത്തനത്തിനു കഴിയുന്നു. തൽഫലമായി ഈ നന്മകൾ ദൈവമഹത്വത്തിനും മനുഷ്യരുടെ സൗഭാഗ്യത്തിനുമായി വിശുദ്ധികരിച്ചുയർത്തപ്പെടുന്നു. പ്രേഷിതപ്രവർത്തനങ്ങളിലൂടെ സഭ ക്രിസ്തുവിന്റെ പൂർണതയുടെ തികവിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു.

ക്രിസ്ത്യാനികൾ എവിടെ ആയിരുന്നാലും അവരുടെ ജീവിത മാതൃക, വചനത്തിന്റെ സാക്ഷ്യം എന്നിവയിലൂടെ ക്രിസ്തുവിനു സാക്ഷ്യം വഹിക്കേണ്ടവരാണ്."മനുഷ്യർ നിങ്ങളുടെ സൽപ്രവർത്തികൾ കണ്ട് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിനെ നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (വി.മത്തായി 5/16). മാമോദീസായിലൂടെ പുതിയ സൃഷ്ടി ആയി രൂപാന്തരപ്പെടുകയും സൈഥര്യലേപനത്തിലൂടെ പരിശുദ്ധാത്മാവിനാൽ മുദ്രകുത്തപ്പെടുകയും ചെയ്തവർ തങ്ങളുടെ ജീവിത സാക്ഷ്യത്തിലൂടെ ദൈവതിരുനാമം മഹത്വപ്പെടുവാൻ ഇടയാകാത്തവിധം ജീവിക്കാൻ കടപ്പെട്ടിരിക്കുന്നു.

സമൃദ്ധമായ കൊയ്തിനു പാകമായ വയലേലകൾ നമ്മുക്കു മുമ്പിൽ വിശാലമായിട്ടുണ്ട്. എല്ലാ സഭകളും ഒത്തൊരുമിച്ച് വിശുദ്ധിയോടെ അകമൊഴിഞ്ഞ് ആധുനിക കാലത്തിന്റെ വിളികൾക്കും വെല്ലുവിളികൾക്കും പ്രത്യുത്തരം നൽകുവാൻ തയ്യാറായാൽ യേശുവിന്റെ പ്രേഷിതദൗത്യം അതിന്റെ പരിപൂർത്തിയിലെത്തും എന്നത് നിസ്തർക്കമാണ്.

പ്രേഷിത രാജ്ഞിയായ പരിശുദ്ധ മറിയത്തോട് ചേർന്നു നിന്നുകൊണ്ട് ഈ ദൗത്യത്തിന് പ്രത്യുത്തരം നൽകുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. മാനവരാശിയുടെ പുനർജന്മത്തിനുവേണ്ടിയുള്ള സഭയുടെ അപ്പസ്തോലിക മിഷനിൽ ഹൃദയപൂർവ്വം നാം പങ്കുചേരേണ്ടിരിക്കുന്നു.

കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കുവാൻ അവിടുന്നെന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ഹൃദയം തകർന്നവരെ സുഖപ്പെടുത്തുവാനും അടിമകൾക്കു വിടുതലും കുരുടന്മാർക്ക് കാഴ്ച്ചയും അറിയിക്കുവാനും പീഢീതരെ വിമോചിക്കുവാനും കർത്താവിനു സ്വീകാര്യമായ വൽസരം പ്രസംഗിക്കുവാനും അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു(വി.ലൂക്കോസ് 4/18-19). യേശുവിന്റെ ഈ ദൗത്യമാണ് സഭ ഇന്ന് നിർവ്വഹിക്കുന്നത്. സഭയോട് ചേർന്നു നിന്നു

കൊണ്ട് യേശുവിന്റെ ഈ ദൗത്യത്തിൽ പങ്കുചേരാൻ നമ്മുക്കോരോരുത്തർക്കും പരിശ്രമിക്കാം.

*ഫാ. ജോസഫ് കരിപ്പായിൽ*

## ഒക്ടോബർ 26 ഞായർ
## സ്ലീബാ പെരുന്നാളിനുശേഷം ആറാം ഞായർ
### മത്താ. 25:31 – 46, ഗലാ. 5:16 – 26

(അന്ത്യവിധിയിൽ കർത്താവ് ചോദിക്കുന്ന ചോദ്യങ്ങളാണ് ഇന്ന് നാം പ്രത്യേകമായും വിചിന്തനം ചെയ്യുന്നത്)

ക്രിസ്തു നമ്മോട് ചോദിക്കുന്ന എല്ലാ ചോദ്യങ്ങളെയും നമുക്ക് ഒന്നിലേക്ക് ചുരുക്കാം. "നിന്റെ മുൻപിൽ വന്നിട്ടുള്ള എളിയവരെ നിനക്ക് സഹായിക്കുവാൻ സാധിച്ചിട്ടുണ്ടോ?'' ആരാണ് എന്റെ അയൽക്കാരൻ എന്ന് യേശുവിനോട് ചോദിച്ച നിയമജ്ഞനോട് ക്രിസ്തു ഒരു മനോഹരമായ ഉപമ പറയുന്നുണ്ട്. ഉപമയുടെ അവസാനം നിയമജ്ഞൻ തന്നെ പറയുന്നു, "അവനോട് കരുണ കാണിച്ചവനാണ് അവന്റെ നല്ല അയൽക്കാരൻ." ഒരിക്കലും കണ്ടിട്ടില്ലാത്ത, ഇനി കാണാൻ തന്നെ ഒരു സാദ്ധ്യതയില്ലാത്ത, മതങ്ങളുടെയും സംസ്കാരത്തിന്റെയും ഒക്കെ പരിധിക്കപ്പുറത്ത് നിൽക്കുന്ന ഒരു അയൽക്കാരൻ. ഇവിടെ നിന്ന് തിരിഞ്ഞ് നോക്കുമ്പോൾ നമുക്ക് മനസ്സിലാകും ആരാണ് എന്റെ മുൻപിൽ നിൽക്കുന്ന എളിയവൻ എന്ന്. എന്റെ കരുണ, സമയം ഇവ ആവശ്യമുള്ള എല്ലാവരും എന്റെ മുൻപിൽ എളിയവരാണ്. ഇവർക്ക് കരുണ നൽകുവാൻ എനിക്ക് സാധിക്കുന്നുണ്ടോ എന്നാണ് ചോദ്യം?

ദൈവം ലോകത്തെ സ്നേഹിച്ചു; തന്റെ ഏകജാതനെ ലോകത്തിനു നൽകി. പുത്രൻ ലോകത്തെ സ്നേഹിച്ചു. അവൻ തന്നെതന്നെ കുരിശിൽ മുറിച്ച് ദിവ്യകാരുണ്യമായി ലോകത്തിനു നൽകി. ആ ക്രിസ്തുവിനെ അനുഗമിക്കുന്ന നമുക്ക് നമ്മുടെ ജീവിതം മുറിക്കുവാൻ സാധിക്കുന്നുണ്ടോ? ദിവ്യകാരുണ്യം നിരന്തരം സ്വീകരിക്കുന്ന നമുക്ക് ദിവ്യകാരുണ്യമാകുവാൻ സാധിക്കുന്നുണ്ടോ? സഹായിക്കുന്നതിനും കരുണ കാണിക്കുന്നതിനും പകരം മറ്റുള്ളവനെയും കൊന്ന് സ്വയം ചാകുന്ന ഇത്തിൾ സംസ്കാരത്തിലേക്ക് പലപ്പോഴും നമ്മുടെ ക്രൈസ്തവ ജീവിതങ്ങൾ മാറ്റപ്പെട്ട് പോകുന്നുണ്ട്. ഞാനീ ലോകത്തിലായിരിക്കുന്നത് എന്റെ സഹോദരങ്ങൾക്കുവേണ്ടി കൂടിയാണ് എന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. ദ്വീപ് സംസ്കാരത്തിലേക്ക് നമ്മുടെ ക്രൈസ്തവ ജീവിതങ്ങൾ വീഴാതെ നാം സൂക്ഷിക്കണം. ഒരു മതിലിന് അപ്പുറത്ത് ജീവിക്കുന്നത് ആര് എന്ന് തിരിച്ചറിയുവാൻ നമുക്ക് കടമയുണ്ട്. ആവശ്യ സമയങ്ങളിൽ എന്റെ സഹോദരന് ഒരു കൈത്താങ്ങാകുവാൻ, അവന്റെ കണ്ണിൽ നോക്കി ഒന്ന് പുഞ്ചിരിക്കുവാൻ, ഞാനുണ്ട് നിനക്ക് എന്ന് പറയുവാൻ നമുക്ക് കടമയുണ്ട്.

പ്രിയ സഹോദരങ്ങളേ, പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പ തിരുമനസ്സുകൊണ്ട് ചോദിക്കുന്ന ചോദ്യം നമ്മുടെ കർണ്ണപുടങ്ങളിൽ അലയടിക്കണം. "നിങ്ങൾ ഭിക്ഷ കൊടുക്കുമ്പോൾ നിങ്ങൾ ആ വ്യക്തിയുടെ കണ്ണുകളിൽ നോക്കിയിട്ടുണ്ടോ? കൈകളിൽ സ്പർശിച്ചിട്ടുണ്ടോ? ഇല്ലായെങ്കിൽ നിങ്ങൾ ക്രിസ്തുവിനെ കണ്ടിട്ടില്ല, സ്പർശിച്ചിട്ടില്ല."

നമ്മുടെ ജീവിത കാലഘട്ടത്തിൽ തന്നെ എളിയവരിൽ ക്രിസ്തുവിനെ കണ്ട മദർ തെരേസയും അതിനു മുമ്പ് ഇത് ദർശിച്ച ഫ്രാൻസിസ് അസീസിയുമൊക്കെ നമുക്ക് മാതൃകകളായി നിൽക്കുന്നു. അസീസിയിലെ ഫ്രാൻസിസിന്റെ ജീവിതചരിത്രത്തിൽ നാം വായിക്കുന്നുണ്ട്, അവന്റെ സർവ്വ പ്രൗഢിയും മറന്ന് അവൻ കുഷ്ഠരോഗിയെ ആലിംഗനം ചെയ്തപ്പോൾ ആ കുഷ്ഠരോഗിയുടെ മുഖം ക്രിസ്തുവിന്റെ മുഖമായി മാറി എന്ന്. പ്രിയമുള്ളവരേ, നമുക്കും ദർശിക്കേണ്ടേ ക്രിസ്തുവിന്റെ മുഖം? നമുക്കും സ്പർശിക്കേണ്ടേ ക്രിസ്തുവിനെ? എങ്കിൽ ഒരു കാര്യം മാത്രം ചെയ്യുക. നിന്റെ മുൻപിലേക്ക് കടന്നുവരുന്ന എളിയവനെ സ്വീകരിക്കുക. അങ്ങനെ നമ്മുടെ ജീവിതങ്ങളെ ദൈവസന്നിധിയിൽ സമർപ്പിച്ച് "എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ. ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി സജ്ജമാക്കിയിരിക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ എന്ന ക്രിസ്തുവിന്റെ ആഹ്വാനം സ്വീകരിക്കുവിൻ" ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

*ഫാ. ഓസ്റ്റിൻ തെക്കേതിൽ*

## വിവാഹ ഒരുക്ക സെമിനാർ 2014

**സ്ഥലം:** ശാന്തിനിലയം, തിരുവല്ല.

**ഫോൺ** 0469 – 2603968, 9446270259, 9447617877

**തീയതി:** ഒക്ടോബർ 7, 8, 9 – 21, 22, 23
നവംബർ 4, 5, 6 – 18, 19, 20

**നിർദ്ദേശങ്ങൾ**

- സെമിനാറിൽ പങ്കെടുക്കുന്നവർ മൂന്ന് ദിവസം മുമ്പെങ്കിലും പേര് രജിസ്റ്റർ ചെയ്യണം.
- സെമിനാർ ചൊവ്വാഴ്ച രാവിലെ 9.00 ന് ആരംഭിച്ച് വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിക്കും.
- സെമിനാറിൽ പൂർണ്ണമായും പങ്കെടുക്കുന്നവർക്ക് മാത്രമേ സർട്ടിഫിക്കറ്റ് നല്കുകയുള്ളൂ.
- രജിസ്ട്രേഷൻ ഫീസ് 750 രൂപയായിരിക്കും. പങ്കെടുക്കുന്നവർ വികാരിയച്ചന്റെ സാക്ഷ്യപത്രവും 2 ഫോട്ടോയും കൊണ്ടുവരണം.
- സെമിനാറിന്റെ അവസാന ദിവസമായ വ്യാഴാഴ്ച 2 മണിക്ക് വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി പ്രത്യേക ക്ലാസ് ഉണ്ടായിരിക്കുന്നതാണ്. ഇതിൽ എല്ലാ മാതാപിതാക്കളും നിർബന്ധമായും പങ്കെടുക്കണം.








ഫാ. എൽദോ മോഴശ്ശേരിൽ

# റോമേറോ

‘ജീസസ്സ് ഓഫ് നസ്രത്ത്’ എന്ന വിശ്യവിഖ്യാത ദൈവശാസ്ത്രപുസ്തകത്തിൽ പരിശുദ്ധ ബനഡിക്ട് മാർപാപ്പാ പ്രവാചകരെക്കുറിച്ച് പറയുന്നത് ഇപ്രകാരമാണ്. "Prophets fail : Their message goes too much against general opinion and the comfortable habits of life. It is only through failure that their word become efficacious"- Jesus of Nazareth. ഇപ്രകാരമുള്ള പ്രവാചക ദൗത്യം തന്റെ ചുമലിൽ വഹിച്ച് സാമൂഹിക നീതിയ്ക്കു വേണ്ടി ബലിയാടായ ആർച്ച് ബിഷപ്പ് ഓസ്കാർ റൊമേറോ എന്ന രക്തസാക്ഷിയുടെ ജീവിതമാണ് “റോമേറോ” എന്ന ചിത്രത്തിലൂടെ ജോൺ ദുജൻ അവതരിപ്പിക്കുന്നത്.

“റോമേറോ” എന്ന ചിത്രം 1989 -ൽ പുറത്തുവന്ന ലത്തീൻ അമേരിക്കൻ ചിത്രമാണ്. അൽ സൽവേദോർ എന്ന ലത്തീൻ അമേരിക്കൻ രാജ്യത്തിലെ ആർച്ച് ബിഷപ്പ് ഓസ്കർ റോമേറയുടെ ജീവചരിത്രമാണ് (biopic) പറയുന്നത്. അൽ സൽവേദോർ എന്ന രാജ്യത്തിലെ ക്രൂരപട്ടാളഭരണത്തിനെതിരെ സമാധാന റാലികൾ സംഘടിപ്പിച്ച് അക്രമത്തിനും അനീതിയ്ക്കും മനുഷ്യകുരുതിയ്ക്കം സ്വാതന്ത്ര്യത്തിന്റെ അപഹരണത്തിനും ചിന്താസ്വാതനന്ത്ര്യത്തിനും, വിശപ്പിന്റെ വിളികൾ കൊണ്ട് നോവുന്ന ജനതയുടെ പ്രവാചകദൗത്യമായി ഓസ്കാർ റോമേറോ ഉയരുന്നതിന്റെ കഥയാണ് “റോമേറോ” എന്ന ചിത്രം പറഞ്ഞുവയ്ക്കുന്നത്.

1977 -ലെ രാഷ്ട്രപതി തെരഞ്ഞെടുപ്പിന്റെ മദ്ധ്യേ, വ്യാപകമായ അക്രമങ്ങളുടെയും അശാന്തിയുടെയും അന്തരീക്ഷം നിലനിൽക്കുന്ന സമയത്ത് പട്ടാളഭരണത്തിന്റെ എല്ലാ ദുരന്തവും വഹിക്കുന്ന നാടായി മാറി അൽ സൽവേദോർ. മനുഷ്യാവകാശങ്ങൾ അടിച്ചമർത്തപ്പെട്ടപ്പോൾ പട്ടാളഭരണത്തിനെതിരെ ഒളിപ്പോരുകൾ ആരംഭിച്ചു. വിമോചന ദൈവശാസ്ത്ര ദർശനങ്ങൾക്ക് ജന്മം നൽകിയ ഭൂമിയാണ് ലത്തീൻ അമേരിക്കൻ രാജ്യങ്ങൾ. കത്തോലിക്കാസഭ വൈദികരും പട്ടാളഭരണത്തിന്റെ അതിക്രമങ്ങൾക്കെതിരെ ശബ്ദമുയർത്തി. ഈ സാമൂഹിക പശ്ചാത്തലത്തിലാണ് നിഷ്പഷവാദിയായ ഒരു സാധാരണവൈദികനെ അൽ സൽവദോറിന്റെ ആർച്ച് ബിഷപ്പ് സ്ഥാനത്തേക്ക് ഉയർത്താൻ വത്തിക്കാൻ തീരുമാനിക്കുന്നത്. അപ്രകാരം ഓസ്കാർ അർനോൽഫ് റോമേറോയ അൽ സൽവേദോറിന്റെ ആർച്ച് ബിഷപ്പ് സ്ഥാനത്തേയ്ക്ക് ഉയർത്തുന്നു. എല്ലാവരെയും അനുനയിപ്പിച്ച് പോകാൻ കഴിയുന്ന വ്യക്തി എന്ന നിലയിൽ റോമേറോ പട്ടാള ഭരണാധികാരികൾക്ക് പ്രീതിയുള്ളവനായി. പക്ഷേ വളരെ പെട്ടെന്നാണ് കാര്യങ്ങൾ മാറിമറിഞ്ഞത്. പക്ഷേ, തന്റെ സുഹൃത്ത് ഫാദർ റുത്താലിയോ ഗ്രാൻഡേ എന്ന വിപ്ലവകാരിയായ ഈശോസഭാവൈദികനെ പട്ടാളം വെടിവച്ചു കൊന്നാപ്പോൾ ആർച്ച് ബിഷപ്പ് റോമേറോയുടെ ഉള്ളിലെ പ്രവാചകൻ ഉണർന്നു. സർക്കാരിന്റെ തെറ്റായ നയങ്ങൾക്കു നേരെ റോമേറോ തന്റെ പ്രവാചകശബ്ദത്തിന്റെ പടവാൾ ഓങ്ങിത്തുടങ്ങി.

ഈ ചിത്രത്തിലെ ഏറ്റവും മനോഹരമായ സീൻ എന്ന് പറയുന്നത് പട്ടാളം ഒരു ദേവാലയം അവരുടെ പട്ടാളത്താവളമാക്കി. സക്രാരിയിൽ ഇരിക്കുന്ന തിരുവോസ്തി ചിതറിക്കിടക്കുന്ന നിലയിൽ അപമാനിക്കുകയും ചെയ്യുമ്പോൾ, റോമേറോ ആ ദേവായലത്തിലേക്ക് പ്രവേശിക്കാൻ വരുന്നു. പട്ടാളക്കാർ അദ്ദേഹത്തെ തടയുന്നു. അപ്പോൾ അദ്ദേഹം വിശുദ്ധകുർബാന അർപ്പിക്കാനുള്ള കാപ്പയും ധരിച്ച് തിരിച്ച് ആ ദേവാലയത്തിലേക്ക് വരുമ്പോൾ, പട്ടാളക്കാർക്ക് അദ്ദേഹത്തെ തടയാൻ കഴിയുന്നില്ല. അവിടെ അൾത്താരയിൽ പ്രവേശിച്ച് ചിതറപ്പെട്ടിരിക്കുന്ന കർത്താവിന്റെ തിരുശരീരം വിശുദ്ധമായി തിരിച്ച് സക്രാരയിൽ തന്നെ നിക്ഷേപിച്ച് വി. കുർബ്ബാന അർപ്പിച്ച് ആ ദേവാലയം വീണ്ടെടുക്കുന്നു. പൗരോഹിത്യത്തിന്റെ ശക്തിയും കൃപയുമാണ് ഈ സംഭവം വ്യക്തമാക്കുന്നത്. മനുഷ്യൻ


തോൽക്കുന്ന അവസരങ്ങളിൽ, ദൈവം പൗരോഹിത്യത്തിലൂടെ സാത്താന്റെ മേൽ വിജയം വരിക്കുകയാണ്.

കലാപകാരികളുടെ മാർഗ്ഗത്തെ റോമേറോ പ്രോത്സാഹിപ്പിക്കുന്നില്ലെങ്കിലും, പട്ടാളഭരണത്തിന്റെ ക്രൂരമാർഗ്ഗങ്ങൾക്ക് തന്റെ സമാധാന മാർഗ്ഗം ആ നിമിഷങ്ങളിൽ മാറ്റങ്ങൾ കൊണ്ടുവരുന്നില്ലെങ്കിലും, ഭാവിയിൽ അൽ സൽവേദോറിൽ സമാധാനത്തിന്റെ അന്തരീക്ഷം ഉണ്ടാകുമെന്ന് റോമോറോ പ്രത്യാശിക്കുന്നു.

തനിക്ക് ലഭിക്കാവുന്ന സകല അവകാശാധികാരങ്ങളെ അവഗണിച്ച് പാവപ്പെട്ടവന്റെ നിലവിളിക്ക് കാതോർത്ത് അടിച്ചമർത്തപ്പെട്ടവന്റെ പക്ഷം ചേർന്ന് ശബ്ദമില്ലാത്തവരുടെ ശബ്ദമായി (voice of the voiceless) അവതരിപ്പിക്കുകയാണ് പ്രവാചകതുല്യനായി അൽസൽവേദോറിന്റെ കലാപഭൂമിയിൽ ആർച്ച് ബിഷപ്പ് റോമോറോ.

1980 –ലെ ഒരു സാധാരണദിവസം വി. കുർബ്ബാന അർപ്പിച്ചുകൊണ്ടിരുന്ന ആർച്ച് ബിഷപ്പിനെ വെടിവെച്ച് കൊന്നുകളഞ്ഞു. തന്റെ ദൈവപുത്രന്റെ തിരുരക്തം വഹിക്കുന്ന കാസാ കൈയിൽ പിടിച്ച് ഉയർത്തുന്ന അവസരത്തിലാണ്, ആ ബലിവേദിയിൽ തന്റെ നാഥന്റെ തിരുരക്തവും റോമേറോയുടെ രക്തവും കലർത്തപ്പെട്ടത്. ബലിവേദിയിൽ ബലിയായി, തന്റെ നാഥനോട് അനുരൂപപ്പെട്ടു ആർച്ച് ബിഷപ്പ് റോമേറോ.

1980 മുതൽ 1992 വരെ വലതുപക്ഷ സർക്കാരും, ഇടതുപക്ഷ വിപ്ലവകാരികളും തമ്മിലുള്ള ആഭ്യന്തര യുദ്ധം നീണ്ടു. യേശുവിനെ സ്നേഹിക്കുകയെന്നാൽ സഹജീവികളെ കരുതുക എന്ന ദർശനം ഉയർത്തിപ്പിടിച്ചവനാണ് റോമേറോ. ആ വിശുദ്ധ ജീവിതത്തെ സഭ






ഇന്ന് തിരിച്ചറിഞ്ഞു. തന്റെ കൊ റിയൻ സന്ദർശനത്തിനുശേഷം മടങ്ങുന്ന ഫ്രാൻസിസ് മാർപാപ്പാ വിമാനത്തിൽ വച്ച്, ആർച്ച് ബിഷപ്പ് റോമേറോയുടെ നാമകരണനടപടികൾക്ക് സിദ്ധാന്തപരമായി ഒരു തടസുവുമില്ല എന്ന് വ്യക്തമാക്കി. നേരെത്തെ ലത്തീൻ അമേരിക്കൻ രാജ്യങ്ങളിൽ ശക്തമായ രീതിയിൽ പഠിപ്പിക്കപ്പെട്ട ദൈവശാസ്ത്രമാണ് വിമോചന ദൈവശാസ്ത്രം (Liberation Theology). സഭയിൽ ഭിന്ന അഭിപ്രായം വിമോചനദൈവശാസ്ത്രത്തെ സംബന്ധിച്ച് നിലനിന്നിരുന്നു. ബനഡിക്റ്റ് മാർപാപ്പായുടെ (അദ്ദേഹം കർദ്ദിനാൾ ജോസഫ് റാറ്റ്സിംഗർ ആയിരുന്നപ്പോൾ) നേതൃത്വത്തിൽ, വിമോചന ദൈവശാസ്ത്രശാഖയെ, മാർക്സ്സിസ്റ്റ് ചിന്തയിലേക്കും മറ്റ് അബദ്ധ സിദ്ധാന്തങ്ങളിലേക്കും ഈ ചിന്താധാര വിശ്വാസികളെ നയിച്ചേക്കാം എന്ന് ഭയന്ന് നിരുത്സാഹപ്പെടുത്തിയിരുന്നു. വിമോചനദൈവശാസ്ത്രം പഠിപ്പിക്കുന്നതു പോലെ യേശു തമ്പുരാൻ പഠിപ്പിച്ചത് (സുവിശേഷത്തിലൂടെ) തന്റെ ശിഷ്യന്മാർ കേവലം അവരുടെ ക്ഷേമവും അഭിവൃദ്ധിയും അന്വേഷിച്ചാൽ പോരാ മറ്റുള്ളവരുടെ നന്മയ്ക്കായും പ്രവർത്തിക്കണമെന്നും, ഓരോ ക്രിസ്ത്യാനിയുടെയും ചുമലയാണ് സാമൂഹികവും സാമ്പത്തികവുമായ നീതിയ്ക്ക് വേണ്ടി നിലകൊള്ളേണ്ടതെന്ന്.

വി. യോഹന്നാൻ ശ്ലീഹായുടെ സുവിശേഷത്തിൽ യോഹന്നാൻ സ്നാപകനെക്കുറിച്ച് പറയുന്നത് 'അവൻ വെളിച്ചത്തിനു സാക്ഷ്യം നൽകാൻ വന്നു' എന്ന് വെളിച്ചമെന്നാൽ യേശുവാണ് കാരണം യേശു തന്നെ പറയുന്നു ഞാൻ ലോകത്തിന്റെ പ്രകാശമാണെന്ന്. ഇവിടെ സാക്ഷി എന്ന വാക്ക് പ്രത്യേക ശ്രദ്ധ ആകർഷിക്കുന്നു. ഗ്രീക്ക് ഭാഷയിൽ സാക്ഷി (witness) എന്ന വാക്കിന് 'മാർതുസ്' എന്ന വാക്കാണ് ഉപയോഗിക്കുന്നത്. ഈ വാക്ക് ശരിയായി തർജ്ജമ ചെയ്താൽ ഇതിന് സാക്ഷി എന്ന വാക്കിന് ഉപരിയായി 'രക്തസാക്ഷി' ആകുകയെന്നർത്ഥം ഉണ്ട്. രക്തം കൊടുത്തുകൊണ്ട് സാക്ഷിയായി തീരുക. സുറിയാനി ഭാഷയിൽ 'സഹദാ' എന്ന പ്രയോഗം ഈ മാർതുസ് എന്ന പദത്തിനോട് അടുത്ത് നിൽക്കുന്നതാണ്. തന്റെ രക്തത്തിലൂടെ ക്രിസ്തുവിന് സാക്ഷിയായി തീർന്നവനാണ് ആർച്ച്ബിഷപ്പ് ഓസ്കാർ റോമേറോ. സാമൂഹിക നീതിയുടെ ശബ്ദമായി, എപ്പോഴും ആ ശബ്ദം നിലക്കാതെ ശബ്ദിച്ചുകൊണ്ടിരിക്കും. പാവങ്ങൾക്ക് വേണ്ടിയും, അടിച്ചമർത്തപ്പെട്ടവനു വേണ്ടിയും.

നമുക്ക് അദ്ദേഹത്തെ വിശുദ്ധപദവിയിലേക്ക് ഉയർത്തുന്ന നിമിഷത്തിനു വേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിക്കാം.

●


84–ാം പുനഃരൈക്യ വാർഷിക
സുവർണ്ണ നിമിഷങ്ങൾ....





BHARATHI














## *First Holy Communion*

## *Evan Saju Varghese*

തിരുവല്ല തുകലശ്ശേരി പര്യാരത്ത് സാജു വർഗ്ഗീസിന്റെയും മഞ്ജു ആനി തരകന്റെയും മകൻ Evan Saju Varghese സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ വച്ച് തിരുവല്ല അതിരൂപതാ ആർച്ച് ബിഷപ്പ് മോസ്റ്റ്. റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത തിരുമനസ്സിന്റെ കാർമ്മികത്വത്തിൽ ആദ്യകുർബാന സ്വീകരിച്ച അവസരത്തിൽ അഭി. പിതാവിനോടും ദോഹാ സെന്റ് മേരീസ് മലങ്കര കത്തോലിക്കാ പള്ളി വികാരി. റവ. ഫാ. വറുഗീസ് കൂത്തനേത്ത്, റവ. ഫാ. തോമസ് അങ്ങാടിയിൽ, സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ വികാരി. വെരി. റവ. ഡോ. തോമസ്കുട്ടി പതിനെട്ടിൽ, റവ. ഫാ. ബഹനാൻ ചെറുപാലത്തിങ്കൽ, സഹോദരൻ അക്ഷയ് സാജു വറുഗിസ് എന്നിവരോടൊപ്പം

Date of Publication: 29-09-2014 **AIKYADEEPAM MONTHLY** **REG. NO. G/KL/TLA/40/2012-14**
Price ₹ 10/- Marygiri, Tiruvalla, Kerala. Ph: 0469-2600626. Fax: 0469-2600822 **R.N.I. 35982/90**
Licenced to Post without Pre Payment No. KL/TLA/WPP/112/12-14 **October 2014**




തിരുവല്ല തൈയ്യിൽ വീട്ടിൽ റ്റി.സി ലോറൻസിന്റെയും ഓമന ലോറൻസിന്റെയും മകൻ **ജേക്കബ് റ്റി ലോറൻസും** കോട്ടയം കോടക്കണ്ടത്ത് വീട്ടിൽ ജോസഫ് ചാക്കോയുടെയും സുമം ചാക്കോയുടെയും മകൾ **ശ്രുതി ആൻ ചാക്കോയും** തമ്മിലുള്ള വിവാഹം 2014 സെപ്റ്റംബർ 14–ാം തീയതി **അഭി. തോമസ് മാർ കൂറിലോസ് തിരുമേനി**യുടെയും ബഹുമാന്യരായ വൈദികരുടെയും മഹനീയകാർമ്മികത്വത്തിൽ സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ വച്ച് ആശിർവദിക്കപ്പെട്ടു.



## വിവാഹിതരായി

മുട്ടത്തിൽകാലായിൽ ജോർജ് വർഗ്ഗീസിന്റെയും പൊന്നമ്മ വർഗ്ഗീസിന്റെയും മകൻ **ജിനു ജോർജും** പുന്നപ്പുഴ പടിഞ്ഞാറേത്തറ വീട്ടിൽ **നിത്യയും** തമ്മിലുള്ള വിവാഹം 2014 സെപ്റ്റംബർ 13–ാം തീയതി വളകോട് സെന്റ് ജോർജ് മലങ്കര സുറിയാനി കത്തോലിക്ക പള്ളിയിൽ വച്ച് **അഭി. ഫിലിപ്പോസ് മാർ സ്തേഫാനോസ്** പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ ആശീർവദിക്കപ്പെട്ടു.

*Printed and Published by Fr. Thomas Kodinattumkunnel, Published from Marygiri, Archbishop's House, Tiruvalla, Kerala and Printed at Dona Press, Kottayam. Kerala, Chief Editor : Fr. Varghese Chamakalayil*